SOUTHERN LANGUAGES BOOK TRUST

2. 25.

10171

# വള്ളത്തോൾ സുധ

ഒന്നാംഭാഗം

തിരഞ്ഞെടുത്ത വള്ളത്തോൾക്കവിതകളുടെ സമാഹാരം

സമ്പാദകൻ
കുന്നപ്പുഴ കൃഷ്ണപിള്ള

Tu36
1M78x
K2·1
10171

ദക്ഷിണഭാഷാ ബുക്കട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിയ്ക്കുന്നതു്

Digitized By Kerala Sahitya Akademi

# വള്ളത്തോൾ

## സുധ

Digitized By Kerala Sahitya Akademi

# VALLATHOL SUDHA Vol 1.

(Selected poems of Vallathol)

Compiled by
KUTTIPPUZHA KRISHNA PILLAI M. A.

August 1962
First Impression Copies 3000
Price: Rs. 2—25.
Rights Reserved
Published by
Vallathol Grandhalayam, Cheruthuruthy, Kerála.

Published under the auspices of
SOUTHERN LANGUAGES BOOK TRUST
Madras-34
Second Series-Malayalam 20

Printed at
Vallathol Ptg. & Pubg. House, Cheruthuruthy.

Digitized By Kerala Sahitya Akademi

# വള്ളത്തോൾ സുധ

## ഒന്നാം ഭാഗം

തിരഞ്ഞെടുത്ത വള്ളത്തോൾ
കവിതകളുടെ സമാഹാരം

സമ്പാദകൻ:
കുറ്റിപ്പുഴ കൃഷ്ണപിള്ള, എം. ഏ.

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.
വില 2ക. 25ന. പ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ആമുഖം

ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റ്, തമിഴ്, തെലുങ്ക്, മലയാളം, കന്നഡ എന്നീ ദ്രാവിഡഭാഷകളിൽ ഉത്തമഗ്രന്ഥങ്ങളുടെ വിവർത്തനം, പ്രകാശനം എന്നീ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സാഹിതീസേവനം നടത്തിപ്പോരുന്നുവെന്നകാരണത്തിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഭാഷാസംസ്ഥാനങ്ങളുടെ ആവിർഭാവം വിഘടനാവാസനകളെ ഉത്തേജിപ്പിക്കുന്നുവെന്ന സന്ദേഹത്തിന്നു പ്രാബല്യം ചില കേന്ദ്രങ്ങളിലെങ്കിലും സിദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ പ്രസ്തുത ബുക്ക്ട്രസ്റ്റിന്റെയും അതുപോലുള്ള മററു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സാംസ്കാരികമണ്ഡലത്തിലുളവാക്കുന്ന വൈകാരികമായ ഏകമതീഭാവം വേണം ഇന്ത്യയുടെ സമഗ്രമായ ഐക്യത്തിന്നുതന്നെ സഹായം നൽകുവാൻ. മൂലദ്രാവിഡഭാഷയുടെ സന്താനങ്ങളെന്ന നിലയിൽ സഹോദരീഭാവമുള്ള ദക്ഷിണേന്ത്യൻ ഭാഷകൾ തമ്മിൽ ഉണ്ടാകുന്ന ഐക്യം, ഭാരതത്തിലെ ഇതരഭാഷകളുമായി അവയ്ക്കു സാ

Digitized By Kerala Sahitya Akademi

മീപ്യവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരു പ്രധാനോപാധിയായിത്തീരുമെന്നുള്ളതു് നിസ്തർക്കമാണു്. ചുരുക്കിപ്പറഞ്ഞാൽ ഏതു ദേശാഭിമാനിയായ ഭാരതീയനും പ്രിയംകരമായിരിക്കേണ്ട ഇന്ത്യയുടെ ഐകൃത്തിനു്, ദക്ഷിണഭാരതീയരുടെ പ്രഥമസംഭാവനയാണു് ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റിൻെറതുപോലുള്ള സാഹിതീസപര്യ. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ ദക്ഷിണേന്ത്യൻ ഭാഷകളെ സമഞ്ജസമായി ഇണക്കിച്ചേർത്തു് പരോക്ഷമായെങ്കിലും ദേശീയചിന്തവൃത്തി നാട്ടാരിൽ രൂഢമൂലമാക്കുവാൻ പ്രയോജകീഭവിക്കട്ടെ.

ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റിൻെറ പ്രവർത്തനപരിധി കൂടുതൽ വ്യാപകവും പ്രകാശമാനവും പ്രയോജനപ്രദവുമാകട്ടെ എന്നാണു് എൻെറ ആത്മാർത്ഥമായ ആശംസ.

**പട്ടം താണുപിള്ള**

Digitized By Kerala Sahitya Akademi

# വിഷയവിവരം


| നമ്പ്ര് | | പേജ് |
|---|---|---|
| 1. | മാതൃവന്ദനം | 15 |
| 2. | ഒരരിപ്പിറാവ് | 23 |
| 3. | ഒരു വീരപത്നി | 29 |
| 4. | വിജയിപ്പൂതാക | 36 |
| 5. | തോണിയാത്ര | 40 |
| 6. | പ്രഭാതഗീതം | 47 |
| 7. | വെടികൊണ്ട പക്ഷി | 49 |
| 8. | "ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി" | 54 |
| 9. | ഒരു കുഞ്ഞിപ്പരുന്തിനോട് | 63 |
| 10. | കിളിക്കൊഞ്ചൽ | 67 |
| 11. | ജാതകം തിരുത്തി | 77 |
| 12. | നാം സ്വാതന്ത്ര്യമടയാവൂ | 83 |
| 13. | പാപമോചനം | 90 |
| 14. | നാഗില | 94 |
| 15. | ശുദ്ധരിൽ ശുദ്ധൻ | 103 |
| 16. | കാട്ടെലിയുടെ കത്ത് | 110 |
| 17. | ഓണപ്പുടവ | 114 |
| 18. | നരേന്ദ്രന്റെ പ്രാർത്ഥന | 120 |
| 19. | നമ്മുടെ മറുപടി | 124 |
| 20. | ഓണം | 127 |
| 21. | ജ്ഞാനം | 131 |


Digitized By Kerala Sahitya Akademi

| | | |
|---|---|---|
| 22. | കൈക്കമ്പിറം | 134 |
| 23. | ഇരുളിൽനിന്ന് | 136 |
| 24. | പൈശാചയജ്ഞം | 141 |
| 25. | ബന്ധനസ്ഥനായ അനിരുദ്ധൻ | 144 |
| 26. | കൊച്ചുസീത | 159 |
| 27. | വിഷുക്കണി | 175 |
| 28. | സ്ത്രീകരം | 180 |
| 29. | ഒരു മഹാസങ്കടം | 183 |
| 30. | ഗുരുനാഥന്റെ തുവ്വൽ | 190 |
| 31. | അച്ഛന്റെ ചാത്തം | 194 |
| 32. | വിലാസലതിക | 201 |
| 33. | പകൽ | 204 |
| 34. | ശിഷ്യനും മകനും | 208 |
| 35. | നിത്യകന്യക | 222 |


—**—

Digitized By Kerala Sahitya Akademi

# അവതാരിക

വള്ളത്തോൾ എന്ന ത്ര്യക്ഷരി കവിതയ്ക്കൊരു പര്യായമാണ്. കവനകലയുമായി അത്രയ്ക്ക് സാത്മ്യം വരുത്താൻ ആ കവീശ്വരനു് കഴിഞ്ഞു. കവിയായി ജനിച്ച്, കവിയായി ജീവിച്ചു, കവിയായിത്തന്നെ ചരമമടഞ്ഞ മഹാപ്രഭാവനാണ് അദ്ദേഹം. എഴുപത്തൊൻപതു വർഷത്തെ ജീവിതകാലത്തിൽ അറുപതിൽപ്പരം വർഷവും അദ്ദേഹം കലോപാസനയ്ക്കായിത്തന്നെ ഉഴിഞ്ഞുവച്ചു. അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗവും. കവനകലയിൽ അസാമാന്യമായ വാസന വള്ളത്തോളിനെ അനുഗ്രഹിച്ചിരുന്നു. കവികർമ്മസാധകങ്ങളായ ശക്തിയും നിപുണതയും അഭ്യാസവും അദ്ദേഹത്തിൽ പരസ്പരസ്പർദ്ധികളായി പരിലസിച്ചു. കേരളീയമായ രൂപഭാവങ്ങളുടെ സൂത്തരംഗമാണ് വള്ളത്തോൾക്കവിത. എന്നാൽ അതേസമയം അതു് ഭാരതീയതത്ത്വത്തിന്റെ വിശാലവേദിയായി വികസിയ്ക്കുകയും ചെയ്തു. അതുകൊണ്ട് വള്ളത്തോൾ കേരളത്തിന്റെ മാത്രമല്ല, ഭാരതത്തിന്റേയും കവിയായിത്തീർന്നു. രണ്ടിനും പ്രത്യേകമായുള്ള പ്രകൃതിസൌന്ദര്യവും സംസ്കാരമഹിമയും ചരിത്രപാരമ്പര്യവും മറ്റെങ്ങും കാണാത്ത ഇണക്കത്തോടെ അദ്ദേഹത്തിന്റെ കവിതയിൽ കൈകോർത്തുപിടിച്ച് കളിയാടുന്നു. ഉൽകൃഷ്ടമായ കാവ്യസമ്പത്ത് ഏതു രാജ്യാതിർത്തിയ്ക്കുള്ളിലിരുന്നാലും അതു് ലോകത്തിന്റെതന്നെ സ്വത്താണല്ലോ. ആ നിലയിൽ വള്ളത്തോളിനെ വിശ്വമഹാകവികളുടെ പട്ടികയിലും നിസ്സംശയം ഉൾപ്പെടുത്താവുന്നതാണ്. ഈ സാമാന്യചിന്ത വിട്ട് ഇനി നമുക്ക് വള്ളത്തോൾക്കവിതയുടെ പ്രത്യേകതകളിലേയ്ക്കു് കടക്കാം.

Digitized By Kerala Sahitya Akademi

# II

ഇരുപതാംനൂററാണ്ടിലെ കാളിദാസൻ എന്നു വള്ളത്തോളിനെ വിശേഷിപ്പിച്ചാൽ അതൊരു അതിശയോക്തിയാകയില്ല. സമഗ്രഗുണസമ്പന്നമായ കാളിദാസശൈലി അദ്ദേഹത്തെപ്പോലെ ഇത്രമാത്രം അന്യൂനമായി മലയാളത്തിൽ അവതരിപ്പിച്ചിട്ടുള്ളവർ എത്ര പേരുണ്ടെന്നു് ചിന്തിക്കേണ്ടതാണ്.

'വിലാസലതിക'യിലെ ഒരു ശ്ലോകത്തിൽ,

'സദാവർണ്ണാഞ്ചിതശയ്യ', 'ഭാവപ്രഭാവം,' 'വിദഗ്ദ്ധലാളിതത്വം', 'പ്രസാദം' എന്നിങ്ങനെ കാളിദാസകവിതയ്ക്കുള്ള ഗുണങ്ങൾ വള്ളത്തോൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗുണങ്ങളുടെയെല്ലാം വിളനിലമാണ് അദ്ദേഹത്തിന്റെ കവിതയും.

"ധ്വനിഭിരമൃതബിന്ദുസ്യന്ദിഭിഃ പ്രീണയന്തീ
സഹൃദയമഭിരാമൈരന്വിതാ ഭാവഭേദൈഃ
സരസമുചിതശയ്യാമാശ്രിതാ വിശദാലോകം
സുഖയതി സുകുമാരാ കാളിദാസസ്യ വാണീ."

എന്ന പ്രശംസ വള്ളത്തോൾവാണിയ്ക്കും സർവ്വഥാ യോജിക്കുന്നുണ്ട്. എന്നാൽ കവിതാനിർമ്മാണത്തിന്റെ ആരംഭഘട്ടത്തിൽ മഹാകവിയ്ക്കു് ഈ ശൈലി വേണ്ടത്ര സ്വാധീനമായിരുന്നില്ല. വെണ്മണിപ്രസ്ഥാനകാലമായിരുന്നു അന്ന്. അർത്ഥചമൽക്കൃതിയേക്കാൾ ശബ്ദഭംഗിയിലായിരുന്നല്ലോ അന്നത്തെ കവികളുടെ നോട്ടം. വള്ളത്തോളും കുറെക്കാലം ഈ വഴിയിലാണ് സഞ്ചരിച്ചതു്. വെണ്മണിമുദ്രകളായ ഭാഷാശുദ്ധി, രചനാസൌഷ്ഠവം, ശബ്ദഭംഗി എന്നീ മൂന്നും അദ്ദേഹത്തിന്റെ കവിതയിലും അന്നു് മുന്നിട്ടുനിന്നിരുന്നു.

"ശീട്ടാട്ടം, ശിങ്കമാനക്കുഴൽവിളി, ചതുരം–
ഗങ്ങൾ ചാർവ്വംഗിമാർ തൻ

Digitized By Kerala Sahitya Akademi

പാട്ടാ,യംപൂണ്ട തായമ്പക, വകതിരി–
വുള്ളക്ഷരശ്ലോകപാഠം.''

ഇത്യാദി പ്രയോഗങ്ങൾ പേരുവെളിപ്പെടുത്തിയില്ലെങ്കിൽ വെണ്മ ണിക്കവിതയാണെന്നേ തോന്നൂ. 1911–ൽ ആണ് വള്ളത്തോൾ ചിത്രയോഗം മഹാകാവ്യം എഴുതാൻ തുടങ്ങിയതു്. അതിലും അദ്ദേഹത്തിന്റെ കാവ്യശൈലി സുനിശ്ചിതമായ രൂപം പൂണ്ടി രുന്നില്ല. കാളിദാസനെ മാത്രമല്ല ശ്രീഹർഷാദികവികളേയും അ നുകരിയ്ക്കാനുള്ള ശ്രമം ചിത്രയോഗത്തിൽ കാണുന്നുണ്ടു്.

> സദാശയാവജ്ജകമാപണം പു–
> ക്കുദാരപൌരാവ്യതമാമതിങ്കൽ
> സദാശയാവജ്ജകമാപണം താ–
> നുദാത്തരാം വാണിജർ നേടി മേന്മേൽ.
>
> (സ. 1. ശ്ലോ. 12.)

ഇമ്മാതിരി ശ്ലേഷംകൊണ്ടുള്ള കൃത്രിമക്കളിയിൽ വള്ളത്തോളിനും അന്നു് അഭിനിവേശം ഉണ്ടായിരുന്നു. കാവ്യാദ്ധ്യാവിൽ അദ്ദേ ഹം സ്വാതന്ത്ര്യസഞ്ചാരത്തിനൊരുമ്പെട്ടതു് മഹാകാവ്യരചനയ്ക്കു ശേഷമാണ്. തുടർന്നുണ്ടായ ഖണ്ഡകാവ്യങ്ങൾ കവിതാലോകത്തി ലെ പുതിയ കാൽവെപ്പായിരുന്നു. കാവ്യഘടകങ്ങളായ വസ്തു രീതിരസാദിയിൽ അദൃഷ്ടപൂർവ്വമായ ഒരു പരിവർത്തനംതന്നെ സംഭവിച്ചു. വൃത്തവിഷയത്തിലും അതു് ദൃശ്യമായി. കുഞ്ചന്റെ കാലത്തിനുശേഷം മിക്കവാറും തിരസ്കൃതമായിരുന്ന ദ്രാവിഡഗാ നരീതി വള്ളത്തോൾ സമുദ്ധരിച്ചു. കാലോചിതവും പുരോഗമ നോന്മുഖവുമായിരുന്നു, ഈ പരിവർത്തനം. മലയാളത്തിലെ പദ്യ കാവ്യപ്രസ്ഥാനത്തിൽ പൊതുവേതന്നെ അതു് നൂതനചലനങ്ങ ളുളവാക്കി.

Digitized By Kerala Sahitya Akademi

ഋഷിയുടെ കണ്ണ്, ശിഷ്യനും മകനും, മഗ്ദലനമറിയം, കൊച്ചുസീത, അച്ഛനും മകളും ഇത്യാദി ഖണ്ഡകാവ്യങ്ങളിലും സാഹിത്യമഞ്ജരിയുടെ ഏഴെട്ടു ഭാഗങ്ങളിലും വള്ളത്തോളിന്റെ കവനപാടവം അതിന്റെ ഉച്ചകോടിയിലെത്തിയെന്നു പറയാം. പിന്നീട്ട് ഗതി അല്പം കീഴോട്ടായി. വാൎദ്ധക്യസഹജമായ ക്ഷീണം കവിതയേയും ബാധിച്ചതുപോലെ തോന്നുന്നു. അഭിവാദ്യം എന്ന പേരിൽ പ്രസിദ്ധീകൃതമായ റഷ്യൻ-ചീനക്കവിതകൾ ഇതിനുദാഹരണമാണ്. മേൽക്കാണിച്ചവിധം ആദിമദ്ധ്യാന്തഘട്ടങ്ങളായിത്തിരിയുന്ന കവിതാകാലത്തിൽ മദ്ധ്യമഘട്ടമാണ് ഈ തിരഞ്ഞെടുപ്പിന്ന് മുഖ്യമായി ആസ്പദമാക്കിയിരിക്കുന്നത്. സാക്ഷാൽ വള്ളത്തോളിനെ കാണുന്നതും അവിടെയാണല്ലോ.

## കവിതാമഹത്വം:—

സൌന്ദര്യബോധം, ഔചിത്യദീക്ഷ, സ്വഭാവപരിസ്ഫൂൎത്തി, ആശയവൈശദ്യം, രചനാസൌകുമാര്യം എന്നിവയാൽ വള്ളത്തോൾക്കവിത സൎവ്വാതിശായിയായ സമുൽക്കൎഷത്തിലെത്തിയിട്ടുണ്ട്. സുന്ദരമായ രൂപവും സുന്ദരമായ ഭാവവും—അതാണ് വള്ളത്തോൾക്കവിത. രണ്ടിന്റേയും അകൃത്രിമവും അവിഭാജ്യവും ആയ സമ്മേളനം ആ കാവ്യകലയ്ക്ക് അന്യാദൃശവും അനിൎവ്വാച്യവുമായ ഒരു സുഷമാവിശേഷം സംജാതമാക്കിയിരിക്കുന്നു. സ്വാനുഭൂതിയിൽനിന്ന് ഉരുത്തിരിഞ്ഞ് നൈസൎഗ്ഗികമായി പൊന്തിവരുന്ന ഭാവനയ്ക്കേ അദ്ദേഹം വാഗ്രൂപംകൊടുക്കാറുള്ളു. കേരളത്തിന്റെ സൌന്ദര്യത്തെ ഇത്ര രമണീയമായി ആവിഷ്ക്കരിച്ചിട്ടുള്ള മറെറാരു കവി ഉണ്ടെന്നു തോന്നുന്നില്ല. ഔചിത്യദീക്ഷയിലും അദ്വിതീയനായിരുന്നു അദ്ദേഹം. ശബ്ദം, അൎത്ഥം, വക്താ, വാച്യം, അലങ്കാരം, രീതി, ഭാവം ഇവയിലേതിലും കവിയുടെ ഔചിത്യബോധം നിറഞ്ഞുതുളുമ്പുന്നതായി

Digitized By Kerala Sahitya Akademi

ക്കാണാം. ആശയവൈശദ്യവും രചനാസൌകുമാര്യവും വള്ളത്തോൾക്കവിതയുടെ പ്രത്യേകലക്ഷണങ്ങളാണ്. രണ്ടിലും അദ്ദേഹം അപ്രതിമനായിത്തന്നെ നിലകൊള്ളുന്നു. ലളിതകോമളപദങ്ങളുടെ സുഖകരമായ സംഘടനയും ദ്രാക്ഷാപാകവും പാലിക്കാൻ അദ്ദേഹത്തിനുള്ള വൈഭവം അസൂയാവഹമത്രെ. ഒററവായനകൊണ്ട് അത്ഥഗ്രഹണം സാധ്യമാകാത്ത ഒരു കവിതയും, പരിവത്തനഘട്ടത്തിനുശേഷം അദ്ദേഹം എഴുതിയിട്ടില്ല. എത്ര ഗഹനമായ ആശയവും വള്ളത്തോളിൻെറ മധുമയവാങ്മയത്തിൽ പ്രതിഫലിക്കുമ്പോൾ അപണ്ഡിതന്മാക്കുപോലും സുഗ്രഹമാകും. അത്ര പ്രസന്നമാണ് പ്രതിപാദനം. ഉദാഹരണത്തിന് 'ജ്ഞാനം' എന്ന കവിത നോക്കുക. ഒരു അമൂത്തവസ്തുവായ ജ്ഞാനത്തിൻെറ അഗാധതയും അപാരതയും തേജസ്സും ഇത്ര സ്ഫടികസ്പഷ്ടമായും അതേസമയം വിചാര്യമാണരമണീയമായും വണ്ണിക്കാൻ വശ്യവചസ്സായ വള്ളത്തോളിനേ സാധ്യമാകൂ.

അപൂവ്വവസ്തുനിമ്മാണക്ഷമമാണല്ലോ കവിപ്രതിഭ. നമ്മുടെ മഹാകവിയെസ്സംബന്ധിച്ചിടത്തോളം ഈ നിമ്മാണക്ഷമത കൂടുതൽ പ്രത്യക്ഷപ്പെടുന്നത് സംഭവങ്ങളുടെ നാടകീയമായ അവതരണത്തിലും സന്ദർഭസംവിധാനത്തിലും കഥാഗ്രഥനശില്പത്തിലും ആകുന്നു. സ്തോഭഭാവങ്ങളുടെ വ്യാമിശ്രം വ്യഞ്ജിപ്പിക്കുന്ന ഹൃദയഹാരികളായ ജീവിതരംഗങ്ങൾ തിരഞ്ഞെടുത്ത് ദൃശ്യകാവ്യോചിതമായി സംവിധാനംചെയ്ത് ചിത്രീകരിക്കുന്നതിൽ അദ്ദേഹം അനിതരസാധാരണമായ കലാകൌശലം പ്രദശിപ്പിച്ചിട്ടുണ്ട്. അച്ഛനും മകളും, കിളിക്കൊഞ്ചൽ, കമ്മഭൂമിയുടെ പിഞ്ചുകാൽ, നരേന്ദ്രൻെറ പ്രാത്ഥന തുടങ്ങിയ കവിതകളിലെ മനോഹരരംഗങ്ങൾ നോക്കുക. കശ്യപാശ്രമാന്തരീക്ഷത്തിൽ വിശ്വാമിത്രനേയും ശകുന്തളയേയും തൽപുത്രനേയും കഥാപാത്രങ്ങളാക്കി ഭാവകല്ലോ

Digitized By Kerala Sahitya Akademi

ലിതമായ ഒരു രംഗം സൃഷ്ടിച്ച മഹാകവിയുടെ മനോധർമ്മമഹിമ എത്ര വാഴ്ത്തിയാലും മതിയാകുമോ? 'ആററിലേയ്ക്കച്യുത ചാടൊല്ലേ', (കർമ്മഭൂമിയുടെ പിഞ്ചുകാൽ) 'തസ്കരനല്ല ഞാൻ, തെമ്മാടിയല്ല ഞാൻ' (ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി) 'വീട്ടിലെന്തുവിശേഷം നരേന്ദ്ര നീ' (നരേന്ദ്രന്റെ പ്രാർത്ഥന) ഇത്തരിരി നാടകീയമായ വിഷയാവതരണം, വായനക്കാരുടെ ജിജ്ഞാസയെ ഝടിതി ജാഗ്രത്താക്കുകമാത്രമല്ല, യവനിക നീങ്ങി ഒരു ദൃശ്യം പ്രത്യക്ഷപ്പെടുന്നതുപോലുള്ള പ്രതീതി അവരിലുളവാക്കുകയും ചെയ്യുന്നു.

## കഥാപാത്രങ്ങൾ

വള്ളത്തോൾക്കവിതകളിലെ കഥാപാത്രങ്ങളെ, പൌരാണികം, ചരിത്രപരം, കല്പിതം എന്നു് മൂന്നാക്കിത്തിരിയ്ക്കാം. അവയിൽ കല്പിതം മാത്രമല്ല മററുള്ളവയും കവിയുടെ സ്വന്തം സൃഷ്ടികളായിത്തോന്നത്തക്കവണ്ണം നൂതനമായ രൂപവും ഭാവവും പൂണ്ടവയാണു്. ദ്വാരപാലകനായ ഗണപതി, ഗുരുദർശനോത്സുകനായ പരശുരാമൻ, ബന്ധനസ്ഥനായ അനിരുദ്ധൻ, പശ്ചാത്താപപരവശനായ ഋഷി, അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ, കിളിക്കൊഞ്ചൽകേട്ടു് കൊഞ്ചുന്ന ജാനകിക്കുട്ടി, മകളെ കണ്ടുമുട്ടുന്ന വിശ്വാമിത്രൻ ഇങ്ങനെ എത്രയെത്ര പുരാണപാത്രങ്ങൾ ആ കവിവേധസ്സിന്റെ കരവിരുതിൽ പുതുമകലർന്നു് പ്രശോഭിയ്ക്കുന്നു! അധുനാതനപരിതഃസ്ഥിതിയ്ക്കു് അനുരൂപമാകത്തക്കവിധം പുരാണകഥാവസ്തുവിൽ അദ്ദേഹം വിചിത്രങ്ങളായ കൊത്തുപണികൾ നടത്തിയിട്ടുണ്ടു്.

"ധ്വസ്തഭുവനമാം ദൌഷ്ട്യമേ നിൻതല-
യെത്ര പരത്തിയുയർത്തിയാലും

Digitized By Kerala Sahitya Akademi

ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചെവുട്ടിത്താഴ്ത്താൻ''

എന്ന വരികളിൽ അഭിനവഭാരതത്തിൻെറ ആധ്യാത്മികശക്തിയും ധാർമ്മികനേതൃത്വവും ആണ് പ്രതിധ്വനിക്കുന്നതു്. ചരിത്രപാത്രങ്ങളും ഇതുപോലെ വള്ളത്തോളിൻെറ സർഗ്ഗപ്രക്രിയകൊണ്ടു് നവീകൃതങ്ങളാണ്. ശ്രീബുദ്ധൻ, യേശുക്രിസ്തു, മുഹമ്മദ്നബി, വിവേകാനന്ദൻ, ററ്യൂൻസാങ്ങ്, ഭട്ടതിരി, പൂന്താനം, ശങ്കരാചാരുർ, ശിവജി, ഹുമയൂൺ എന്നിവരെല്ലാം അപൂർവ്വമായ ഭാവാവേശത്തിലും വർണ്ണപ്രകർഷത്തിലും മഹാകവിയുടെ ചിത്രശാലയിൽ പ്രതിഷ്ഠിതരായിരിക്കുന്നു. സാത്വികവും സാർവ്വജനീനവുമായ മാനവസംസ്കാരത്തിൻേറയും ജീവിതമഹത്ത്വത്തിൻേറയും പ്രതീകങ്ങളാണ് ഈ ചിത്രങ്ങൾ. ജാതിമതസംബന്ധിയായ സങ്കുചിതത്വം വള്ളത്തോളിനുണ്ടായിരുന്നില്ല. എല്ലാ മതങ്ങളേയും പരാമർശിക്കുന്ന വിവിധസംഭവങ്ങൾ അദ്ദേഹം കവിതാവിഷയമാക്കിയിട്ടുണ്ടു്. 'സർവ്വമതസാരവുമേകമെന്ന' താത്ത്വികഭാവമായിരുന്നു അദ്ദേഹത്തിൽ കുടികൊണ്ടിരുന്നതു്.

## ചിത്രനിർമ്മാണചാതുരി

വാക്കുകൊണ്ടു് ചിത്രം വരയ്ക്കുക എന്നതു് പ്രയാസമേറിയ ഒരു കലാവിദ്യയാണ്. നല്ല നോട്ടവും മനോധർമ്മവും ഉള്ളവർക്കേ അതിനു് കഴിവുണ്ടാകൂ. ചിത്രം ജീവനുള്ളതാകണം. ചിത്രകാരൻ ചായപ്പണികൊണ്ടു് നിർവ്വഹിക്കുന്ന കാര്യം കവി ഉചിതപദപ്രയോഗംകൊണ്ടു് സാധിക്കണം. ഇതിലും വള്ളത്തോൾ അസാധാരണമായ വിജയം നേടിയിട്ടുണ്ടു്. സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിലെ ശ്രീകൃഷ്ണൻെറ ചിത്രം ധാരാളം സഹൃദയപ്രശംസ സമാർജ്ജിച്ചിട്ടുള്ളതാണ്. 'ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചി'രിക്കുന്ന

Digitized By Kerala Sahitya Akademi

ആലേഖ്യരൂപിണിയായ ഉഷ, 'വെണ്ണത്തോല്ക്കുടലിൽ സുഗന്ധീയാമെണ്ണത്തേച്ചി'രിക്കുന്ന പാറുതി, 'പഴഞ്ഞതവെള്ളം പഥിവായിൽനിന്നു ഇകുന്ന കന്നാലിയെ മുൻനടത്തി'പ്പോകുന്ന കൃഷിക്കാരൻ, 'മേലാകവേ ചെള്ളിളകിക്കിതപ്പിൽ സ്ഥൂലാസ്ഥിപാർശ്വങ്ങളനന്താനും' കിടക്കുന്ന സാരമേയം, 'പിരിമുറുകി വളഞ്ഞമീശയും' 'ചെന്തീപ്പൊരിചിതറും മിഴി'യും 'വട്ടമൊത്തതാടി'യും ഉള്ള ഉഗ്രരൂപനായ ഉത്തൻ, യാത്രപുറപ്പെടുന്ന പ്രാണാധീശനെ 'ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്' 'അശ്രുപൂർണ്ണമിഴി' യാൽ നോക്കുന്ന മണ്ണാത്തിയും—ഇങ്ങനെ ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ തുടങ്ങിയാൽ അവസാനിക്കില്ല. ഭാവസ്ഫുരത്തായ ഈവക ചിത്രങ്ങൾ മലയാളസാഹിത്യത്തിൽനിന്നു് ഒരിക്കലും മാഞ്ഞുപോകുന്നതല്ല. സഹൃദയഹൃദയങ്ങളിൽ അവ എന്നും സജീവങ്ങളായി പതിഞ്ഞുനില്ക്കും.

## കാലത്തിനൊത്തു മുന്നോട്ടു നീങ്ങിയ കവി

പുരോഗതിക്കു് വെമ്പൽകൊണ്ടിരുന്ന ഉൽപതിഷ്ണുവായിരുന്നു വള്ളത്തോൾ. മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അദ്ദേഹം യാഥാസ്ഥികത്വത്തെ വെല്ലുവിളിച്ചു. കേരളത്തിൽ പ്രത്യേകമായും ഇൻഡ്യയിൽ പൊതുവേയും പ്രത്യക്ഷപ്പെട്ട സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനചലനങ്ങൾ മഹാകവിയിലും തദനുസരണമായ പ്രതികരണങ്ങളുണ്ടാക്കി. അദ്ദേഹം കാലത്തിനൊത്തു് മുന്നോട്ടു നീങ്ങുകമാത്രമല്ല ദീർഘദൃഷ്ടിയോടെ ഭാവിയെ നോക്കിക്കാണുകയും ചെയ്തു.

> ''ജാതി ഹാ! നരകത്തിൽനിന്നു പൊങ്ങിയ ശബ്ദം
> പാർത്തിനും പിശാചിന്റെയേട്ടിലെ രണ്ടക്ഷരം.''

എന്നു് നാല്പതു്വർഷം മുമ്പുതന്നെ വള്ളത്തോൾ വിളിച്ചുപറഞ്ഞു.

Digitized By Kerala Sahitya Akademi

ജാതിയോടുള്ള എതിപ്പ് ഇന്നത്തേപ്പോലെ സാവ്വത്രികമാകുന്നതിനു എത്രയോ മുമ്പാണതു്. അന്നു് അതൊരു വിപ്ലവധ്വനിയായിരുന്നു. അയിത്താചാരോച്ചാടനം അതിവിദഗ്ദ്ധമായി നിവ്വഹിക്കുന്ന ഹാസ്യവിലസിതമായ ഒരു കവിതയാണ് 'ബ്രാഹ്മണിൽ ശൂദ്രൻ'. ഈദൃശങ്ങളായ കവനതല്ലജങ്ങൾ വഴി കേരളത്തിലെ സാമൂഹ്യപരിഷ്കരണത്തിനു് മഹാകവി നൽകിയിട്ടുള്ള ഉത്തേജനം ശ്ലാഘ്യമത്രെ. അതുപോലെ പുരോഗമനസാഹിത്യത്തിന്റെ പുരോഗാമിയായിട്ടും നമുക്ക് വള്ളത്തോളിനെ കാണാം. പാവപ്പെട്ട കൃഷിക്കാരും തൊഴിലാളികളും മററും നേരത്തേതന്നെ തൽക്കവിതകളിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

സാധുക്കളിക്കൂട്ടർ വിശപ്പടക്കാൻ
നട്ടെല്ലുപൊട്ടുംപടി വേലചെയ്വൂ
അതിൻ മഹത്താം ഫലമോ പണക്കാ–
ക്ക്,ഹോ നരൻതൻ സമസൃഷ്ടമൈത്രി!

എന്നു് സഹതപിക്കാനും അപലപിക്കാനും നാലു ദശാബ്ദത്തിനു മുമ്പേ ആഗ്രഹം മുന്നോട്ടുവന്നു. മുതലാളിത്തം കരിമ്പിൻകോച്ചപോലെ വലിച്ചെറിഞ്ഞ ഒരു കൂലിപ്പണിക്കാരൻ അസ്ഥിമാത്രനായി പനിപിടിച്ച് തീവണ്ടിയാപ്പീസിൽ കിടന്നു് മരണശ്വാസം വലിക്കുന്ന കാഴ്ച, വള്ളത്തോൾ മുപ്പത്തെട്ടു വഷംമുമ്പേ കണ്ടെത്തി. വ്യഥാമഥിതമായ കവിഹൃദയത്തിൽനിന്നു് അന്ന് പുറപ്പെട്ടതാണ് മാപ്പ് എന്ന കവിത. പ്രചാരണവ്യഗ്രതയിൽ കലാഭംഗി നശിപ്പിക്കാതെ ഈ വക പ്രശ്നങ്ങൾ എങ്ങനെ കാവ്യവിഷയമാക്കാമെന്നു് ഉദാഹരിക്കുന്ന ധ്വനിമധുരമായ ഒന്നാംതരം കവിതയാണതു്.

''പൈശാചതൃഷ്ണയ്ക്കടിപെട്ടൊട്ടങ്ങാ–
പ്പുണ്ണിക്കുന്നിത്തും മുതലാളിവഗ്ഗം

Digitized By Kerala Sahitya Akademi

ചെഞ്ചോരതീർത്തപ്പൊഴുതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രേ.''

.... .... .... ....

''മരിയ്ക്ക സാധാരണമീ വിശപ്പിൽ–
ദ്ദഹിയ്ക്കലോ നമ്മുടെ നാട്ടിൽ മാത്രം.''

ഇത്തരം വരികൾ പുരോഗമനസാഹിത്യം പെരുമ്പറ മുഴക്കുന്നതിനുമുമ്പുതന്നെ മലയാളസാഹിത്യത്തിൽ മാററൊലിക്കൊണ്ടു എന്നതു് ഇന്നു് അധികംപേരും ഓർമ്മിക്കുന്നില്ല. വള്ളത്തോളിന്റെ മനുഷ്യസ്നേഹം, ഇതുപോലെ ശോകമകരന്ദം പൊഴിക്കുന്ന കവിതാകുസുമങ്ങളായി വികസിച്ചിട്ടുള്ള എത്രയോ സന്ദർഭങ്ങളുണ്ടു്. മനുഷ്യസ്നേഹം മാത്രമല്ല, പ്രകൃതിയോടുള്ള ഏകീഭാവത്തിൽ സർവ്വപ്രാണിസമാശ്ലേഷകമായ ജീവകാരുണ്യവും ആ കവിഹൃദയത്തിൽ ഓളം വെട്ടിയിരുന്നു. 'വെടികൊണ്ട പക്ഷി' വിശ്വസാഹിത്യത്തിലെ സജാതീയമായ ഏതു കൃതിയോടും കിടനില്ക്കുമെന്നതിനു് സംശയമില്ല.

''പാവങ്ങൾ തൻ പ്രാണമരുത്തുവേണം
പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ.''

എന്ന കവിവാക്യം ഇപ്പോൾ ഒരു പഴഞ്ചൊല്ലുപോലായിട്ടുണ്ടു്. പൈശാചയജ്ഞം, പെററമ്മേ പ്രസീദ, മിഥ്യാഭിമാനം, നിത്യകന്യകമുതലായവയും അനുവാചകനയനങ്ങളിൽ നനവുണ്ടാക്കുന്ന ഹൃദയദ്രവീകരണസമർത്ഥങ്ങളായ കവിതകളാകുന്നു. ഭദ്രകാളീക്ഷേത്രത്തിലെ ബലിമൃഗങ്ങളും, കശാപ്പുകടയിലേയ്ക്കു കൊണ്ടുപോകപ്പെടുന്ന ആട്ടിൻപററങ്ങളും കട്ടവണ്ടി വലിയ്ക്കുന്ന എല്ലുംതോലുമായ കാളകളും മററും, അഹിംസാമന്ത്രം ഉരുക്കഴിയ്ക്കുന്ന നമ്മെ ഈ കവിതകളിൽക്കൂടി തുറിച്ചുനോക്കുകയാണു്.

Digitized By Kerala Sahitya Akademi

## ദേശീയവീക്ഷണം

വള്ളത്തോളിന്റെ ദേശീയഗാനങ്ങളെപ്പററി ഇവിടെ വിസ്തരിക്കേണ്ടതില്ല. അവ അത്രയ്ക്ക് സുപ്രസിദ്ധങ്ങളാണ്. സ്വാതന്ത്ര്യസമരകാലത്ത് ജനഹൃദയങ്ങളിൽ ആശയും ആവേശവും കത്തിവെക്കുവാൻ അവ വളരെ ഉപകരിച്ചിട്ടുണ്ട്. മഹാത്മജിയോടു മഹാകവിയ്ക്കുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ അതിരററതായിരുന്നു. 'എന്റെ ഗുരുനാഥൻ' എന്ന കവിതയോടു സമശീർഷമായ മറെറാന്ന് ഇൻഡ്യയിലെ ഇതരസാഹിത്യങ്ങളിൽ കാണുമോ എന്നു സംശയമാണ്. രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ ഒരു സുപ്രധാനഘടകമായ സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടിയും വള്ളത്തോളിന്റെ തൂലിക പോരാടിയിട്ടുണ്ട്. സ്ത്രീയുടെ അടിമത്തവും പുരുഷന്റെ സ്വാർത്ഥതയും വെളിച്ചത്തുകൊണ്ടുവരുന്നവയാണ് അദ്ദേഹം വർണ്ണിച്ചിട്ടുള്ള പല പ്രേമകഥകളും.

## ജീവിതചിന്ത

വള്ളത്തോൾ ഒരു ശുഭാപ്തിവിശ്വാസിയായിരുന്നു. 'ലോകം ശോകഹതം ച സമസ്തം' എന്ന ശുഷ്കവേദാന്തം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. സുഖജീവിതം എല്ലാവരുടേയും ജന്മാവകാശമാണെന്നു് അദ്ദേഹം വിശ്വസിച്ചു. അതിന് വിഘ്നം കണ്ടിടത്തെല്ലാം അദ്ദേഹത്തിന്റെ, സഹതാപവും ധാർമ്മികരോഷവും തലയുയർത്തി. ജീവിതത്തിലെ കെടുതികൾക്ക് ഉത്തരവാദി മനുഷ്യൻതന്നെയാണെന്നും പരസ്പരസ്നേഹത്തിലും സഹകരണത്തിലും മനുഷ്യഹസ്തങ്ങൾ കൊണ്ടുതന്നെ അവ നീക്കംചെയ്യാമെന്നും ആണ് കവി ഉദ്ബോധിപ്പിയ്ക്കുന്നതു്. ദോഷാനുദർശനമോ (Pessimism) ജീവിതവിരക്തിയോ അദ്ദേഹത്തിന്റെ മാനസികഘടനയ്ക്കു് ചേർന്നതായിരുന്നില്ല.

Digitized By Kerala Sahitya Akademi

"വേദാന്തമില്ലാത്തൊരു സാധുവിന്നീ–
ദ്ദശാന്തരത്തിൽക്കരളം ചെററലിഞ്ഞു."

എന്ന് ഒരിടത്ത് അദ്ദേഹം വേദാന്തികളെ കളിയാക്കിയിട്ടുണ്ട്. ജീവിതം, തള്ളിക്കളയാനുള്ളതല്ല, കഴിയുന്നിടത്തോളം സുഖസമൃദ്ധമാക്കി അനുഭവിയ്ക്കാനുള്ളതാണ് എന്നതായിരുന്നു അദ്ദേഹത്തിൻെറ മതം.

"പ്രപഞ്ചമേ നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലുമിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിങ്കലുള്ള
കാലത്തു നിൻപേരിലെവൻ വെറുക്കും?"

എന്നു കവി ചോദിക്കുന്നു. സുന്ദരമായതെന്തും വള്ളത്തോളിനെ ആകർഷിച്ചു. അതുതന്നെയാണ് സത്യവും ശിവവുമായിട്ടുള്ളതെന്നും അദ്ദേഹത്തിന്ന് വിശ്വാസമുണ്ടായിരുന്നു. ഓസ്കാർവൈൽഡ്, എന്താണ് നാഗരികത എന്ന് സ്വയം ചോദിച്ചുകൊണ്ട് സൌന്ദര്യപ്രേമം എന്ന് അതിന്ന് ഉത്തരം പറഞ്ഞിട്ടുണ്ട്. വള്ളത്തോളും ഇതുതന്നെ പറയുമായിരുന്നു. ഒരുപക്ഷേ ഈ സൌന്ദര്യപ്രേമത്തിൽനിന്നാകാം അദ്ദേഹത്തിൻെറ ശൃംഗാരരസപക്ഷപാതം ഉടലെടുത്തത്. തദ്രസാവിഷ്കരണത്തിൽ മഹാകവിയുടെ സകലകഴിവും രസികത്വവും അനർഗ്ഗളമായി പ്രവഹിച്ചിട്ടുണ്ടല്ലോ.

തത്ത്വചിന്തകനായ കവിയെന്ന് വള്ളത്തോളിനെപ്പററി സാധാരണ പറയാറില്ല. എങ്കിലും സുന്ദരങ്ങളായ അനേകം ചിന്താശകലങ്ങൾ അദ്ദേഹത്തിൻെറ കവിതകളിൽ യഥോചിതം നിബദ്ധങ്ങളായിട്ടുണ്ട്. അവ ആലോച്യമാനഗംഭീരങ്ങളുമാണ്.

Digitized By Kerala Sahitya Akademi

1. "കാലമതിന്റെ കനത്ത കരംകൊണ്ടു
ലീലയാലൊന്നു പിടിച്ചുകലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞുപോം ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾ കൂടിയും."

2. "മൃതിതൻ കിനാവത്രേ പിറപ്പെന്നതു വത്സ"

3. "വാർദ്ധകമൊട്ടുള്ളാദ്യസ്മിതം യൌവനം."

4. എന്തില്ലനിഹതേ നിൻചെറുഭാണ്ഡത്തി-
ലെന്നും ദരിദ്രം ദുരതൻ കലവറ!

5. വിലക്കൂട്ടും വാർദ്ധക്യത്തുവെള്ളിയ്ക്കു
യൌവനാത്തങ്കത്തേക്കാൾ.

6. ക്ലേശത്തിൻ മുന കുഡ്മളാഗ്രസദൃശം
നിഷ്കിഞ്ചനച്ചുട്ടമേൽ.

7. കാലാഭിഖ്യൻ കളാദാഗ്രണി കറകലരാ-
ക്കമ്പിനീട്ടിത്തുടങ്ങി.

ചന്തവും ചമൽക്കാരവും ഉള്ള ഇത്തരം കവിവാക്യങ്ങൾ സഹൃദയർക്കു വായനയ്ക്കുശേഷവും അയവിറക്കാവുന്നവിധം ചിന്താജന്യരീതങ്ങളായിട്ടുണ്ട്. നിജജീവിതങ്ങളായ തത്ത്വഖണ്ഡങ്ങളുടെ തിരക്കൂട്ടൽകൊണ്ട് വള്ളത്തോൾക്കവിതയിലെ വിചാരാംശം ഒരിടത്തും വിരസമായിട്ടില്ലെന്നും ഉദ്ധൃതോദാഹരണങ്ങൾ തെളിയിക്കുന്നു. ചുരുക്കത്തിൽ പ്രപഞ്ചത്തേയും ജീവിതത്തേയും കാവ്യാത്മകമായി ദർശിച്ച് നിർവൃതിയടഞ്ഞ കലാവല്ലഭനാണ് വള്ളത്തോൾ.

Digitized By Kerala Sahitya Akademi

ഈ അവതാരിക ഇനിയും നീട്ടുന്നില്ല. വള്ളത്തോൾക്കവിതയെപ്പററി ഒരു ദിങ്മാത്രപ്രദർശനമേ ഇവിടെ നടത്തിയിട്ടുള്ളു. മഹാകവിയുടെ എല്ലാ നല്ല കവിതകളും ഈ തിരഞ്ഞെടുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അവകാശപ്പെടുന്നില്ല. സ്ഥലപരിമിതിമൂലം അതു് സാദ്ധ്യവുമല്ല. എങ്കിലും താരതമ്യേന മെച്ചപ്പെട്ടവ കഴിയുന്നേടത്തോളം ചേക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ പുനഃപ്രസിദ്ധീകരണത്തിന്ന് പ്രചുരപ്രചാരം ലഭിക്കുമെന്നു വിശ്വസിക്കുന്നു.

ആലുവാ,
20-2-1962

കുററിപ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

# വള്ളത്തോൾ സുധ

## 1. മാതൃവന്ദനം

(കിളിപ്പാട്ട്)

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ;
വന്ദിപ്പിൻ വരേണ്യയെ,
വന്ദിപ്പിൻ വരദയെ!
എത്രയും തപശ്ശക്തി
പൂണ്ട ജാമദഗ്ന്യനു,
സത്രാജിത്തിനു പണ്ട
സഹസ്രകരൻ പോലെ,

പശ്ചിമരത്നാകരം
പ്രീതിയാൽദ്ദാനംചെയ്ത
ഋദ്ധിശോഭകമഹാരത്ന-
മല്ലി നമ്മുടെ രാജ്യം?

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സമുദ്രാത്മ-
ഭൂവാമി ശ്രീദേവിയെ!

പച്ചയാം വിരിപ്പിട്ട
സഹ്യനിൽത്തല വെച്ചും,
സ്വച്ഛാബ്ധിമണൽത്തിട്ടാം
പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ
പാർശ്വയുഗ്മത്തെക്കാത്തു-
കൊള്ളുന്നു, കുമാരിയും
ഗോകർണ്ണേശനുമമ്മേ!

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനുപാസ്യരാ-
യുള്ളോർക്കുമുപാസ്യയെ!
ആഴിവീചികളനു-
വേലം വെൺനുരകളാൽ,-
തോഴികൾപോലെ, തവ
ചാരുതൃപ്പാദങ്ങളിൽ

തൂവെള്ളിച്ചിലങ്കക-
ളിടുവിയ്ക്കുന്നു; തൃപ്തി
കൈവരാഞ്ഞഴിയ്ക്കുന്നു;
പിന്നെയും തുടരുന്നു!

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനനന്യസാ-
ധാരണസൌഭാഗ്യയെ!

മിന്നൽക്കാറുകളായ
പൊന്നണിദീപങ്ങളു-
മന്യൂനസ്തനിതമാം
പടഹസ്വനവുമായ്
ഭാസമാനേന്ദ്രായുധ-
തോരണം വഹേ്ഷാരസ്സാം
ഭാഗ്യവക്ഷേത്രത്തിൽപ്പോ-
ലെങ്ങാനമുണ്ടോ വേറെ?

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സുഭിക്ഷാധി-
ദേവതയായുള്ളോളെ!
ചന്ദനവനക്കുളിർ-
തെന്നലിൻ കളികളാൽ
മന്ദമായ്ത്തലയാട്ടി-
ക്കൊണ്ടു മാമലകളിൽ

ഉല്ലസിച്ചീടും ജയ-
വൈജയന്തികളെല്ലാ-
വല്ലികൾ നിൻതുമണ-
മെങ്ങെങ്ങു വീശാതുള്ളു?

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ ഗുണഗണാ-
വർജ്ജിതജനൌഘയെ!

ഹാ, നിൻതോട്ടങ്ങളിൽ,-
ത്താംബൂലലതകളാൽ-
ഗൃഹസ്ഥാശ്രമികളായ്-
ച്ചമഞ്ഞ കമുങ്ങുകൾ
കായ്കൾതൻ കനംകൊണ്ടു
നമ്രമൌലികളായി
ലോകോപകാരോന്മേഷാൽ-
ച്ചാഞ്ചാടി നിന്നീടുന്നു.

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനാഗന്തുകോദ്-
ഗീയമാനൌദാര്യയെ!
പഴുപ്പു കായ്കൾക്കെന്നും
കാലത്തു പവിഴച്ചാ-
ർത്തഴകിലണിയുന്ന
മുളകിൻ കൊടികളും,

കനകക്കുടങ്ങളെ-
ച്ചുമന്ന കേരങ്ങളും—
നിനക്കിൽ നിതാന്താഭി-
രാമമേ നിന്നാരാമം!

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ ശുഭഫല-
പ്രാൎത്ഥികളാരാധ്യയെ!

പിന്തിരിയ്ക്കൊല്ലേ
മുനവീണ്ണുമാം മുഖം വീണ്ടും:
നിന്തിരുവടിയുടെ
മക്കളായ്ത്തീരും ഞെങ്ങൾ!
നിത്യവും മുന്നോട്ടേയ്ക്കു
പാഞ്ഞുപോം കാലക്കപ്പ-
ലെത്തിപ്പൂ പറപ്പെട്ട
ദിക്കിൽത്താൻ യാത്രക്കാരെ.

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ പ്രജാസ്നേഹ-
വ്യാകുലഹൃദയയെ:
പാഴ്മണ്ണു പിടിച്ചൊ,രു
മൂലയിൽക്കിടപ്പതാം
സ്വാമിനിയുടെ പള്ളി-
വാളിതു, വീണ്ടും നമ്മൾ

നമ്മെഴക്കിടുകയാൽ
നിൎമ്മലാഭമായ് മേന്മേൽ..
ചുംബിതമായീടട്ടേ
മാൎത്താണ്ഡമരീചിയാൽ!

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ നിജസ്തന്യ-
പോഷിതപ്രവീരയെ!

വാളുകൊണ്ടെന്നതുപോലെ
വായ്കൊണ്ടും പ്രതിയോഗി-
ലോകത്തെജ്ജയിച്ചോരാം
പൂർവ്വികരുടെ രക്തം
അല്പാല്പം സിരകളിൽ
ബാക്കിയുണ്ട്, തിൻ ചൂടാ-
ലിപ്പൊഴെന്നാലും, തെല്ല്
കൺമിഴിച്ചല്ലോ നമ്മൾ.

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ;
വന്ദിപ്പിൻ ചിരന്തന-
സുപ്രജാവതിയാളെ!
മാതാവിൻ മഹാഗ്രഹം
തുണ്ടുതുണ്ടാക്കിത്തീർത്തു
വേർതിരിപ്പതീ വെറും
മാറാലമറകളോ?

ഇവയെപ്പറപ്പിപ്പാ-
നണന്ന നമ്മൾ മൂരി-
നിവന്നു നേരേ വിട്ടും
നെട്ടുവീർപ്പൊന്നേ പോരും!

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
　　വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ യോഗക്ഷേമ-
　　കല്പനാപ്രശസ്തയെ!

ചേലോടേ പല പൂക്കളും
　　കൊണ്ടു സൌഭ്രാത്രപ്പട്ടു-
നൂലിന്മേൽക്കോൎക്കപ്പെട്ട
　　നമ്മുടെ നവമാല്യം
മാലിന്യമേലാതെന്നും
　　നിർവൃതി നല്കിക്കൊണ്ടു
ലാലസിയ്ക്കട്ടേ മാതൃ-
　　ദേവിതൻ തിരുമാറിൽ!

വന്ദിപ്പിൻ മാതാവിനെ,
　　വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനദ്വൈതസി-
　　ദ്ധാന്താദ്ധ്യാപികയാളെ!
മാതൃവാക്കൊന്നാകണം
　　നമുക്കു സാക്ഷാൽ വേദം;
മാതൃശുശ്രൂഷായതാ-
　　മാകണം മറ്റായജ്ഞം;

മാതാവിനൊഴിഞ്ഞീടു-
　　കാത്മജീവിതം! പ്രിയ-
ഭ്രാതാക്കന്മാരേ, പാരിൽ-
　　ദ്ദൈവമേതുള്ള വേറേ?

Digitized By Kerala Sahitya Akademi

വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സർവ്വാഭീഷ്ട-
സാധകപ്രസാദയെ!

—**—

Digitized By Kerala Sahitya Akademi

## 2. ഒരരിപ്പിറാവ്

പുലർകാലമെനിക്കു പുണ്യമിന്നു,-
ജ്ജ്വലതേജസ്സെഴുമോമനപ്പിറാവേ!
ഉലകിൽ പ്രിയദർശനൻ ഭവാനെൻ
നിലയോപാന്തമലങ്കരിച്ചുവല്ലോ!

ചിറകിന്റെ ചിതപ്പെടുന്ന നാനാ-
നിറവും, തുണ്ഡപദങ്ങൾതൻതുടുപ്പും —
പറവാൻ പണി, ഗാത്രസൗഭഗം തേ
പറവച്ചാർത്തിനു മാനഹേതു പാരം.

ഇരുകണ്ണിതു, കുങ്കുമദ്രവത്താൽ
നറുതേൻവാണികൾ തൊട്ട പൊട്ടു പോലെ;
ചുരുളിപ്പൊഴുതേ വിടർത്ത വാഴ-
ച്ചെറുകൂമ്പിൻപടി കോമളം തവാംഗം.

അലസാതൊരു സൂചിശില്പദക്ഷൻ
പല വർണ്ണങ്ങളിലുള്ള പട്ടുനൂലാൽ
നലമോടിഹ തയ്ച്ചുതീർത്തതോ, നിൻ-
മലർമെയ്യെത്ര മനോഹരം പിറാവേ!

Digitized By Kerala Sahitya Akademi

ജനി സിദ്ധമനോജ്ഞമാത്രയാത്താൽ-
ത്തനിവില്ലീസ്സൊടിടഞ്ഞ താവകാംഗം.
കനിവിൽത്തടവുന്ന ബാലസൂര്യൻ,
പനിനീർപ്പൂ പണിയുന്ന തൻകരത്താൽ!

സ്ഫുരദംഗമരീചിവീചിയാലെൻ
പുരമുററത്തു, പുരന്ധ്രിമാർ കണക്കേ,
വിരവോടു വിചിത്രമംഗളപ്പൂ-
നിര കാലത്തു വിരിച്ചിട്ടുന്നിതോ നീ!

ഭുവനത്രയശില്പി ചിത്രതാ-
പ്രവരശ്രേണി പതിച്ചതിൻ പ്രകാശം
തവ മെയ്യിലിതാ, പതിമ്മടങ്ങായ്
നവസൂര്യക്കതിരേററു മിന്നിടുന്നു.

അതിരററഴകുള്ളതായ കാർവി-
ല്ലതിവേഗേന മറഞ്ഞുപോകുമല്ലോ;
അതിനാൽ വിധി പേടിച്ചു തീർത്തതാവാ,-
മതിനൊക്കുന്നൊളിവീശുമിക്ഖഗത്തെ!

തവ ഗേഹിനിയെങ്ങു? ലോകനേത്രോ-
ത്സവമേ, താങ്കളും തനിച്ചു പോന്നതെന്തേ?
ആവാം കൊച്ചുകിടാങ്ങളും തൻ തുണയായ്-
ബ്ഭുവനത്തിങ്കൽ വസിപ്പവളായിരിക്കാം!

Digitized By Kerala Sahitya Akademi

പ്രകൃതിസ്പൃഹണീയ, നിൻകുടുംബ-
പ്രകൃതപ്രശ്നസമുദ്യമം വൃഥാ മേ:
പ്രകൃതീശ്വരി തന്നെ കാത്തുപോരും
സുകൃതാത്മാക്കളിലെങ്ങു സൌഖ്യഭംഗം?

അരി ഞാൻ വിതറിത്തരാം നിനക്കു;-
ന്നരികത്തെയ്ക്കണകൊന്നരിപ്പിറാവേ:
ശരിയായ് മമ മന്ദിരാഗതൻ നീ-
യരിമപ്പെട്ട വിരുന്നുകാരനത്രേ.

മിതമാകില്ല,മുൾപ്രിയത്തൊടെന്നാൽ
കൃതമാതിത്ഥ്യമിതാദരിച്ചിടാതേ,
ധൃതമൌനമൊഴിഞ്ഞു പോവതെന്താ-
ണി,തരാന്വേഷണസക്തനാംവിധം നീ?

അഥവാ, തവ കുറ്റമല്ലിതോർത്താൽ;
കഥമെന്നിൽ പ്രതിപത്തി തോന്നിടും തേ?
'കഥ'യേറുകയാൽ സ്വകാര്യമാത്ര-
പ്രഥമാനോദ്യമനല്ലയോ മനുഷ്യൻ!

നരർ മേന്മ നടിച്ചു ജന്തുഹിംസാ-
കരമാം ജീവിതസംഗരം മുതിർക്കേ,
പരപീഡ പെടാതെ നാൾ കഴിപ്പൂ,
ചിരമിസ്സാധുഖഗങ്ങൾ ശാന്തവൃത്ത്യാ.

Digitized By Kerala Sahitya Akademi

ധരതൻ ദയകൊണ്ടു വല്ലതും തെ-
ല്ലിര കിട്ടീടിലിതിന്നു തൃപ്തിയായി;
മരണംവരെയും മനുഷ്യനുണ്ടോ
ദുര മാറുന്നു, സുഖോപഭുക്തിയിങ്കൽ?

അതിമോഹനരത്നമേട കേറി
സ്ഥിതിചെയ്താലുമവന്നു തുഷ്ടി തോന്നാ;
ഇതിനോ, ചെറുതായ വല്ല പൊത്തും
മതി, പൈതങ്ങളുമായ് സ്സുഖിച്ചു പാപ്പാൻ.

അവനീശത വേണമാദ്ധ്യനു:- വ്രീ-
ഡവനാശിപ്പതു ചക്രവർത്തിയാകാൻ;
അവനോ, ഭുവനാധിപത്യലുബ്ധൻ;
ശിവനേ, മർത്ത്യനു തൃഷ്ണ തീരലുണ്ടോ?

ഉരുഗവ്വൊടു തന്റെ ദേഹമാത്രം
കരുതും 'ബുദ്ധിവിശേഷ'മുള്ള മർത്ത്യൻ
ഒരുകോലളവൂഴി കിട്ടുവാനായ്-
പ്പുരുരക്തക്കടലായിരം ചമപ്പൂ!

മുടിയും ഭുവനങ്ങളൊക്കെയെന്നാൽ
മുടിയട്ടേ; നരനത്ര ഭീരുവാണോ:
ചൊടി കൂട്ടുമവന്നു തൻജയപ്പൊ-
ങ്കൊടി പൊങ്ങിയ്ക്കണമിന്ദ്രനാട്ടിലോളം!

Digitized By Kerala Sahitya Akademi

അതിനിഷ്ഠുരജീവിതാഹവാഹ-
ങ്കൃതിയാലെത്ര ഭയങ്കരം പ്രപഞ്ചം;
അതിനൊട്ടൊരു സൌമ്യഭാവമേകു-
ന്നതിനാണീദ്ദശസത്ത്വസൃഷ്ടി നൂനം!

മഴവില്ല് പിഴിഞ്ഞെടുത്ത സത്താ-
മഴകേ, മന്ദമകന്നകന്നുപോയ് നീ
അഴലിങ്ങരുളായ്ക സൌകുമാര്യ്യ-
പ്പുഴതൻകൊച്ചുതരംഗമേ, പിറാവേ!

ഭുവി കൊക്കുകൾകൊണ്ടു കൊത്തിയും, തൻ-
പവിഴച്ചെങ്കഴൽ മെല്ലെ മെല്ലെ വെച്ചും,
സവിലാസമിവന്റെ കൺ കുളിപ്പി-
ച്ചിവിടെത്തെല്ലിടകൂടി ലാത്തണേ നീ!

ഇവനിൽക്കനിയാതെ തോപ്പിലുൾപ്പു-
ക്കവശം ചപ്പിലയിൽച്ചരിയ്ക്കൊലാ നീ;
തവ, പട്ടുവിരിപ്പിൽ വെച്ചിടേണ്ടു-
ന്നവയാം കാൽകളിൽ മുള്ളു തട്ടിയാലോ!

വളരെച്ചെറുരക്തരേഖ ചേരും
ഗളമേതാണ്ടുമുയർത്തിയെന്നെ നോക്കി,
പുളകപ്രദമാം മൃദുസ്വനത്താൽ
കളകണ്ഠോത്തമ, യാത്ര ചൊൽവിതോ നീ?

Digitized By Kerala Sahitya Akademi

എന്നാലങ്ങിനെ:-യെങ്ങു തൃപ്തി തവ മെ-
യ്യീക്ഷിപ്പവർക്കോ!-ട്ടിട-
യ്ക്കെന്നാലും സുഖമെൻമിഴിയ്ക്കരുളിയോ-
രങ്ങയ്ക്കിതാ, വന്ദനം!
ചെന്നാശപ്രാസമണയ്ക്കു, സമ്പ്രതി ഭവൽ-
പ്രത്യാഗമം കാത്തിരി-
യ്ക്കുന്നാത്മീയകുടുംബകത്തിനി,ത്തതാ-
നത്രേ ഗൃഹസ്ഥവ്രതം.

—❊❊—

Digitized By Kerala Sahitya Akademi

## 3. ഒരു വീരപത്നി

(കൃഷ്ണഗാഥ)

സച്ചിത്രവസ്ത്രങ്ങൾകൊണ്ടഴകാന്ന പൂ-
മച്ചിന്നകത്തൊരു മഞ്ചം ചാരി,

എന്തോ വിചാരത്താൽ സ്തബ്ധയായ് മേവുന്നു
ചെന്തൊണ്ടിവായ്മലരാളൊരുത്തി,

ശീമയിൽപ്പേർകേട്ട ശില്പികൾ തീർത്തൊരു
കോമളത്തങ്കപ്പെൺപാവപോലേ.

കാർകുലം പോലെ കറുത്തു മിനുത്തുള്ള
വാർകുഴൽ പിന്നിലഴിഞ്ഞുതിന്നും;

നീലാളകാവൃതമാകിയ നിർമ്മല-
ഫാലദേശത്തൊരു മങ്ങൽ പാഞ്ഞും;

നീണ്ടിടംപെട്ടതിഭംഗിയും ദീപ്തിയും
പൂണ്ട നേത്രങ്ങൾ കുറച്ചടഞ്ഞും;

കണ്ണാടി ചെമ്പട്ടിൽ വെച്ചപോലോ,മന-
ഗ്ഗണ്ഡം കരത്തളിർതന്നിൽച്ചാഞ്ഞും;

നീളമുള്ളുന്നതമാറണിപ്പൂഞ്ചേല
തോളത്തുനിന്നിടംകൈമേൽ വീണും;

Digitized By Kerala Sahitya Akademi

തന്നന്തികത്തിലായ്, ശ്ശുക്ലപക്ഷത്തിലെ-
ച്ചിന്നപ്പൂന്തിങ്കറംപോലുള്ളൊരുണ്ണി,
ആടുക പാടുക മുമ്പോകുമോരോരോ
കാട്ട കാട്ടുന്നതും കണ്ടീടാതെ,
ശ്രദ്ധം നിലത്തിരുന്നീടുകയാണിവ-
ളി,ത്തരുണിയ്ക്കിത്ര ചിന്തയെന്തോ?
അമ്മതൻ ദുഃഖത്തിൽപ്പങ്കുകൊണ്ടീടുന്നീ-
ലമ്മകൻ ക്രീഡാരസൈകതാനൻ:
ചിന്താപരിക്ലേശമെന്തുള്ളു ബാലക്ക്?
ഹന്ത, നൽസ്വർഗ്ഗംതാൻ ബാല്യകാലം!

പൈതലവനിനി യൌവനമാകുമ്പോ-
ളേതൊരു രൂപത്തെപ്പൂണ്ടീടുമോ,
ആ രൂപമൊത്തൊരു പൂരുഷനപ്പൊഴാ-
ച്ചാരുവാം മച്ചിൽക്കടന്നുവന്നാൻ.
ആക്ഷണം തൻകളിപ്പാട്ടങ്ങളിട്ടെറി-
ഞ്ഞക്ഷമനാകിയ കൊച്ചുബാലൻ,
'അച്ഛാച്ഛാ' എന്നേവമസ്പഷ്ടവർണ്ണമായ്
സ്വച്ഛാമൃതോപമം കൊഞ്ചിക്കൊണ്ടേ
പാഞ്ഞുചെന്നാ വന്ന ധന്യന്റെ ജാനുക്ക-
ളാഞ്ഞുപുണർന്നാനിളംകൈകളാൽ.
ആയാളോ, കുഞ്ഞിനെയാശ്ലേ കുനിഞ്ഞെടു-
ത്തായാമമേറിയ തന്മാറത്തിട്ടിൽ,

Digitized By Kerala Sahitya Akademi

മൂല്യം മതിയ്ക്കാവല്ലാത്തൊരു മാണിക്യ-
മാല്യത്തെപ്പോലവേ ചേൎത്തുചാൎത്തി,
ആയിളംചെഞ്ചൊരിവായ്മലർതന്നിലൊ-
രായിരം പ്രാവശ്യമുമ്മവെച്ചാൻ.

കുട്ടിതൻ കൊഞ്ചലാൽ ഞെട്ടിയുണൎന്നതി-
നട്ടിലെഴുന്നേററ മംഗളാംഗി,
കട്ടിപ്പൊങ്കാപ്പിട്ട കൈകളാൽ കാർകുഴൽ
കെട്ടിയൊരുമട്ടൊതുക്കി വെക്കം

സന്തതപ്രേമാൎദ്രപ്പുഞ്ചിരികൊണ്ടു ത-
ന്നാന്തർഗൃഹാതിഥിയ്ക്കൎഘ്യമേകീ.

യുദ്ധയാത്രോചിതമാകിയ വേഷത്തിൽ-
പ്പെട്ടൊവെക്കണ്ടൊരു മാത്രയിൽത്താൻ,
ആത്തൽ വിട്ടാശ്വാസമുൾച്ചേൎന്നമാതിരി-
യ്ക്കാത്തന്വിയാൾക്കു തെളിഞ്ഞു വക്ത്രം.

നന്ദനത്തങ്കത്തെ ലാളിച്ചുകൊണ്ടു ത-
ന്മന്ദിരലക്ഷ്മിതൻ ചാരത്തെത്തി,
സുന്ദരനാ യുവാവായവൾതൻ തോളിൽ
മന്ദമായ്ക്കൈവെച്ചുനിന്നു ചൊന്നാൻ:—

"എന്തിരിപ്പാണിഹ ഞാൻ കണ്ടതോമനേ,
എന്തിത്ര ഭീരുവായ്ത്തീരുവാൻ നീ?
ആണുങ്ങൾ വീട്ടിലടച്ചിരിയ്ക്കുന്നതി-
നാണോ, കനത്ത കൈ തന്നതീശൻ?



Digitized By Kerala Sahitya Akademi

മാതൃഭൂമിയ്ക്കരിബാധ വരുമ്പൊഴു-
മേതുമനങ്ങാതിരിയ്ക്കാമെങ്കിൽ,
അത്രയും കാലം ഞാനെന്തിനു ചെന്നുപോ-
ന്നസ്ത്രക്കളരിയഭ്യാസമാക്കി?
യുദ്ധമെന്നുള്ളൊരു ശബ്ദമേ ഞങ്ങൾക്കു
മുഗ്ദ്ധമധുരമാം ഗാനമത്രേ;
പോരിതോ, സാമാന്യപ്പോരൊന്നുമല്ലല്ലോ;
ശൂരർക്കിതിൽപ്പരമെന്തു വേണ്ടൂ?"

ചൊല്ലിലെധൈര്യം തികച്ചുമപ്പോരാളി-
യ്ക്കുള്ളിലുണ്ടായിരുന്നില്ലന്നേരം:
തെല്ലൊരു തൊണ്ടയിടച്ചു,യമക്കിലും
നില്ലാതതിൽ വെളിപ്പെട്ടിരുന്നു:
പോരെങ്കിൽ, 'കുട്ടാ, ഞാൻ പോയിവരട്ടെ'യെ-
ന്നാ,രോമൽപ്പുത്രനോടായൊടുവിൽ
യാത്ര ചൊന്നപ്പൊഴാക്കല്യന്റെ കൈലേസ്സാൽ
നേത്രം തുടയ്ക്കുക വേണ്ടിവന്നു!
ആഹവമുത്സവമാണവന്നാ,യതിൽ-
സ്സാഹസലീനനുമാണെന്നാലും,
എങ്ങിനെ വിട്ടവൻ പോകു,മീ പ്രാണനാ-
മംഗനയാളെയും കുഞ്ഞിനേയും?
'ഞാനുമുണ്ടച്ഛനോടൊപ്പ'മെന്നാൻ നവം-
തേനുററ ഭാഷയിൽ ബാലനപ്പോൾ;

Digitized By Kerala Sahitya Akademi

"പോവാമെൻ പൈതല്ലം തെല്ലുകഴിഞ്ഞാലെ'-
ന്നാ, വധു കുഞ്ഞിൻ പുറം തലോടി,
പ്രേമവും പ്രൌഢിയും തേടിയ ഭാഷയിൽ-
ത്തുമധു തൂകിനാൾ പ്രാണേശങ്കൽ:—
"പോർകളിൽ പ്രോത്സാഹശാലിയാമെൻനാഥൻ
പോകുന്നതോൎത്തല്ല മാഴ്കിനേൻ ഞാൻ;

പോകാതിരുന്നാലോ എന്നായിരുന്നു മേ
ശോകവും ഭീതിയും ശോഭനാത്മൻ!

'ആവതില്ലാത്തൊരിപ്പിഞ്ചു കിടാവു,മി-
പ്പാവമാം സ്ത്രീയുമെൻ വിപ്രയോഗം

എങ്ങിനെ ഹാ ഹാ, പൊറുത്തീടു'മെന്നായി
ഞങ്ങളിലേറിയ വാത്സല്യത്താൽ

ആയുധം കൈക്കൊണ്ടീലിപ്പോഴും ഭവാനെങ്കി-
ലാ,യതിൻ ഹേതു ഞാനാകുമല്ലോ.

ഭൎത്താവിൻ കൎത്തവ്യനിഷ്ഠയ്ക്കു വിഘ്നമായ്
വൎത്തിയ്ക്കും ഭാൎയ്യതാൻ ഭാൎയ്യയാമോ?

വേളിയ്ക്കുശേഷമിതേവരെ നാമൊരു
നാളിലും വേർപെട്ടിട്ടില്ലെന്നാലും,

വല്ലഭ, തെല്ലുനാളെയ്ക്കീ വിയോഗം ഞാൻ
വല്ലഭാഷയ്ക്കും സഹിച്ചുകൊള്ളാം.

എന്നാൽബ്ഭവാനുടെ വീരപ്രശസ്തിയ്ക്കി-
ന്നൊന്നാമതായ് വല്ല മാലിന്യവും

Digitized By Kerala Sahitya Akademi

വന്നുപോയെങ്കിലെനിയ്ക്കു സഹിയ്ക്കാവ-
ല്ലെന്നു,മെൻ ജീവിതസർവ്വസ്വമേ!
ആകയാൽ വൈരിജയത്തിനായ് നിശ്ശങ്കം
പോക; തേ മംഗളമാക മാർഗ്ഗം!"

ധീരപ്രശാന്തമായിങ്ങിനെ തൻ പ്രിയ-
ദാരങ്ങൾ ചൊല്ലുമുദാരവാക്യം
ശ്രോത്രപുടംവഴിയ്ക്കപ്പടയാളിതൻ
ഗാത്രത്തിലെങ്ങുമുൾപ്പൂക്കു ഗാഢം,
ചോരക്കുഴൽകൾക്കു ചൂടു പിടിപ്പിച്ചി-
ട്ടോരോ ഞരമ്പിനും വേറെ വേറെ
നൂതനമായൊരു കെല്പേകി, ദിവ്യമാ-
മേതോ രസായനമെന്നപോലെ.
തൻകരൾക്കേതാനുമിളക്കമുണ്ടായിരു-
ന്നെങ്കിലതുമുടൻ വിട്ടുമാറി;
നേത്രതാരങ്ങളിൽ മുമ്പേത്തേക്കാളേറെ
ക്ഷാത്രതേജസ്സും സമുജ്ജ്വലിച്ചു:
'ഉത്തമസ്ത്രീമണേ, മാപ്പുതരേണമെ-
ന്നസ്ഥാനശങ്കയ്ക്കെ'ന്നാത്തഹർഷം
കൊണ്ടാടിപ്പതിയെക്കോമളദോർബ്ബന്ധം-
കൊണ്ടാഞ്ഞു പുല്കിപ്പറഞ്ഞു കാന്തൻ:—
"ധീരഗൃഹിണിയ്ക്കു ചേർന്നതേ ചൊല്ലി നീ;
ദാരവന്മാരിലാരെന്നോടൊപ്പം?

Digitized By Kerala Sahitya Akademi

എന്നാലിറങ്ങിവരട്ടെ ഞാൻ, കുട്ടിയെ
നന്നായ് മനംവച്ചു നോക്കേണമേ!"

വല്ലഭാശ്ലേഷസുഖാൽക്കണക്കെഷികൾ
തെല്ലടഞ്ഞസ്സാധ്വി നന്മ നേർന്നാൾ:—
"ദുഷ്ടരെശ്ശിക്ഷിച്ചും ശിഷ്ടരെ രക്ഷിച്ചും
വിഷ്ടപമൊക്കെബ്ഭരിക്കുമീശൻ
ക്ഷത്രധർമ്മസ്ഥനാമെൻ പ്രാണനാഥനു
നിത്യവും പിന്തുണയായ് വാഴട്ടേ!

ദുഷ്കരകൃത്യങ്ങൾ സാധിച്ചു മേല്ക്കുമേൽ
മുഷ്കരമാററലർവൻപടയിൽ
ഉല്ക്കടാടോപമായ്‌ത്തത്തിക്കളിക്കട്ടേ
തൽക്കരെവാളിടിവാളുപോലേ!"

"സ്വച്ഛന്ദം മാററാർത്തലയ്ക്കു ചവുട്ടാൻ പോം-
മച്ഛന്റെ തൃക്കാൽ വണങ്ങു കുഞ്ഞേ!"
പൈതലെപ്പുൽത്തിത്ഥം ചൊല്ലേ, മനസ്വിനി-
യാൾതൻ മിഴികളിൽനിന്നു താനേ

വീണുപോയ്, ഹാ, രണ്ടു വെൺപളുങ്കുമണി
ചേണററ ഭർത്താവിൻ ചേവടിയിൽ!

Digitized By Kerala Sahitya Akademi

## 4. വിജയിപ്പൂതാക!

വിജയിപ്പൂതാക നീ,
വിജയിപ്പൂതാക നീ,
ത്രിജഗൽപൂജ്യേ, മഹാ-
നിമ്നഗേ, ഭഗവതി!
അമ്മിഞ്ഞപ്പാലിന്നൊത്ത
നിൻതീർത്ഥജലം നുക-
ർന്നംബികേ, വളരുന്നീ-
ലെത്ര ഭൂരുഹാഗ്ര്യങ്ങൾ!
അവതൻ പരിപക്വ-
മാകിയ ഫലോൽകര-
മവനിത്തട്ടിലെങ്ങെ-
ങ്ങമൃതായ്ത്തീരുന്നീലാ!

നിന്മനം വാത്സല്യത്താൽ-
ത്തുടിച്ചതുള്ളമ്പുമാ-
റിമ്മരുൽകിശോരങ്ങൾ
ചാരവേ കളിയാടി

Digitized By Kerala Sahitya Akademi

ചുംബനം ചെയ്തീടുന്നു,
നിന്തിരുവടിയുടെ
നിർമ്മലമനോജ്ഞമാ-
മുടപ്പിൻ ഞൊറികളിൽ.

ചെങ്കതിർനിര നീളെ-
ച്ചിതറും പുലർകാലം
കുങ്കുമം പൂശിയ്ക്കട്ടേ
നിൻതിരുവുടലിങ്കൽ;
ആതപാഗ്നിയാൽക്കത്തി-
ക്കാളുന്ന മദ്ധ്യാഹ്നം നിൻ—
ശീതമാം സലിലത്തെ-
സ്സന്തപിപ്പിച്ചീടട്ടേ;
രണ്ടുമേ ഗണിയ്ക്കാതെ
മുന്നോട്ടുതന്നേ നോക്കി-
ക്കൊണ്ടു നീയൊഴുകന്നൂ
മംഗളം തവ മാർഗ്ഗം!

ദേവി, നിൻധനംകൊണ്ടു
തഴച്ചു പടർന്നാകെ-
പ്പൂവിരിഞ്ഞൊഴും ചില
പാർശ്വസ്ഥച്ചെടികൾ തേ
അത്ര നിശ്ചിതമാമീ
പ്രസ്ഥാനമീക്ഷിച്ചെന്തോ—
രത്ഭതത്തിലെന്നാകിലും
ചിരിച്ചുകൊണ്ടീടട്ടേ;

Digitized By Kerala Sahitya Akademi

ചെന്നുചേരേണ്ടുമിട-
ത്തെയ്ക്കുതാൻ തവ ഗതി-
യെന്നുള്ള വിശ്വാസം തേ
ധൈര്യത്തെ വർദ്ധിപ്പിയ്ക്കും.

പാറമേലടിയ്ക്കിലെ-
ന്താ,യത്ര നിങ്കൽബ്ഭംഗി-
യേറിയ പളുങ്കണി
ചാർത്തിയ്ക്കുമാത്രം ചെയ്യും.
താരകനീർത്തുള്ളികൾ
പലതും സൂര്യോഷ്മാവി-
ലാവിയായെങ്ങാനും പോയ്
മറഞ്ഞാൽ മറയട്ടേ;
ആയവ വീണ്ടും വന്നു
ചേർന്നുകൊള്ളുമേ നിങ്കൽ;-
ലായമെന്നതിന്റെ
പൂർവ്വാംഗമല്ലോ വ്യയം!

നീർക്കുമിളകൾകൊണ്ടു
ഹർഷരോമാഞ്ചം മെയ്യിൽ
വായ്ക്കുന്ന ഭവതിതൻ
സ്വാതന്ത്ര്യപ്രയാണത്തെ
നോക്കിനില്ക്കുന്നു മീതേ,
പാരിലെപ്പല മാററം
നീക്കമെന്നിയേ കണ്ട
കണ്ണുകൾ—നക്ഷത്രങ്ങൾ.

Digitized By Kerala Sahitya Akademi

തൂമയിലിളകും നിൻ
    നീരിൽനിന്നുളവായ
സാമവേദത്തിന്നൊക്കും
    സ്വാതന്ത്ര്യമൃദുഗീതം
വ്യോമമണ്ഡലത്തിലും
    ദിങ്മുഖങ്ങളിലും നൽ-
പ്പൂമകരന്ദദ്രവം
    കുളിക്കെത്തെളിയ്ക്കുന്നു!

ഏതൊരു വിഘ്നത്താലും
    ശാന്തമാകല്ലൊരുതിയ്യ,-
മേതിലും സത്യത്തെ മുൻ-
    നിർത്തിയും ക്രമത്താൽ നീ
സന്തതസമ്പൂർണ്ണമായ്
    നിർവ്വികാരമായനാ-
ദ്യന്തമാം പ്രാപ്യസ്ഥാനം
    പൂകുക മഹാഭാഗേ!

Digitized By Kerala Sahitya Akademi

# 5. തോണിയാത്ര

തിരിയ്ക്കയായ് സന്ധ്യ; വഴിക്കിടയ്ക്കു
വിരിച്ചു ഞാൻ കേറിയ തോണിതാനും,
സ്ഫുരിയ്ക്കുമോളങ്ങളെ മുറിച്ചുകൊണ്ടാ-
സ്സരിത്തിലൂടേ ഗമനം തുടങ്ങി.

അങ്ങോട്ടുമിങ്ങോട്ടുമിരുട്ടിലോരോ
കേവഞ്ചിയസ്സിന്ധുവിലെന്നപോലെ,
അവ്യക്തമായിട്ടു കടന്നുപോയ്ക്കൊ-
ണ്ടിരുന്നു നാനാ നിനവെൻ മനസ്സിൽ.

നിറഞ്ഞിടട്ടേ തരണിവ്രജത്താൽ;
നിശ്ശൂന്യമാകട്ടെ നിജപ്രദേശം;
രണ്ടും ഗണിയ്ക്കാതെ ഗമിച്ചു മുന്നോ-
ട്ടസംഗ പോലാ നദി ശാന്തവൃത്ത്യാ.

സന്നാഹിയായ്ക്കേറിയ കൂരിരുട്ടാൽ
മന്നാകെയാച്ഛാദിതമായ്ച്ചമഞ്ഞു;
സന്നാഭമാം സ്വന്തവിളക്കുമായി
മിന്നാമിനുങ്ങിൻ നിര സഞ്ചരിച്ചു.

Digitized By Kerala Sahitya Akademi

തടങ്ങളിൽച്ചേൎന്ന ചെടിപ്പടൎപ്പിൽ-
ത്തഴച്ചുകാണായി തമസ്സമൂഹം:
ആസന്നചന്ദ്രോദയഭീതിമൂല-
മാററിൽപ്പതിപ്പാൻ മുതിരുന്നപോലെ.

കുറച്ചു നേരം കഴിയെ പ്രസാദം
സ്ഫുരിച്ചിടും പൂൎവ്വദിശാസരസ്സിൽ,
നിറഞ്ഞ രാവിൻ ചളിയിങ്കൽനിന്നു
വിരിഞ്ഞ വെൺതണ്ടലരൊന്നുയൎന്നു.

കാന്തിത്തഴപ്പോടുമുദിച്ചുയൎന്ന
പൂന്തിങ്കൾതൻ ബിംബനകൈതവത്താൽ
ഏന്തിത്തുളുമ്പുന്ന നദീജലത്തിൽ
നീന്തിക്കളിച്ചു കളഹംസകങ്ങൾ.

തെളിഞ്ഞെരിഞ്ഞോരു മഹസ്സു തേഞ്ഞു-
മാഞ്ഞന്ധകാരത്തിൽ മറഞ്ഞ ലോകം
ക്രമേണ മുൻമേന്മയിലേയ്ക്കു കേറാൻ
സുശോഭനാവസ്ഥയിലെത്തി വീണ്ടും.

വഞ്ചിയ്ക്കേഴം വൻചിറകായ പായ്മേ-
ലിയററിടും മഞ്ജുളമമ്മരത്താൽ,
രാവിൻെറ വീൎപ്പാം കുളിർമാരുതൻ വ-
ന്നെന്നോടു യാത്രാകുശലോക്തി ചൊല്ലി.

ക്ഷണേന മാൎഗ്ഗവ്യഥകൊണ്ടു കണ്ണും
ചിമ്മിക്കിടക്കും മമ നെററിതന്മേൽ,

Digitized By Kerala Sahitya Akademi

സച്ചിൽസുഖം തൂകിന നിദ്ര വന്നു
ചുംബിച്ചിതൻപേറമൊരമ്മ പോലെ.

ഉറക്കമാം കോഴി മദംഗചേഷ്ടാ-
കണങ്ങളെക്കൊത്തി വിഴുങ്ങി നില്ക്കേ,
ആ നാവികന്മാരിരുപേരിലേകൻ
തൻ ചോദ്യമങ്ങോട്ടൊരു കല്ലെറിഞ്ഞു.

ഞാനിത്ര വേഗത്തിലുറങ്ങുമെന്നീ-
ബ്ബലിഷ്ഠനാം വേട്ടുവനോർത്തിരിയ്ക്കാം;
ഇവന്നു രാമായണവായനയ്ക്കേ-
ന്നനുജ്ഞ കിട്ടായ്കിലബദ്ധമെന്തോ?

സൽഗ്രന്ഥപാഠത്തെ മുടക്കിയേയ്ക്കാം
ഞാനെന്നിവന്നെങ്ങിനെ ശങ്ക തോന്നി?
എഴുത്തു ശീലിച്ചതു തന്റെ ഗവ്യാ-
യെണ്ണൊല്ലയെന്നാമിതിനാന്തരാർത്ഥം!

ഈയൂഹമാമാവി ഘനീഭവിച്ചു
വെന്നീർ പൊഴിച്ചു മിഴി രണ്ടിലും മേ.
ഹാ, നന്നു,യന്ദുള്ളവർ താഴ്ന്ന ജാതി-
ക്കാരിൽക്കടത്തും കരുണാകടാക്ഷം!

അനർത്ഥഗർത്തങ്ങളിലാണ്ടുതന്നേ
കിടക്കണംപോലിവർ കീടതുല്യം
വേദേതിഹാസാദിവിഭൂതിയെല്ലാം
മേൽജ്ജാതിതൻ പൈതൃകമാണുപോലും!

Digitized By Kerala Sahitya Akademi

വാഗ്ദേവിയെത്താനറിയാതെ തീണ്ടി-
പ്പോയെന്നിവൻ മാപ്പിനിരന്നിടുന്നു:
ഭയാനകം ഹാ, സ്മൃതിവാക്യഘോഷം—
ജാതിപ്പിശാചിൻ പ്രചുരാട്ടഹാസം!

സൌഭ്രാത്രസസ്യത്തിനു ജന്മഭൂവീ-
സ്സൽക്ഷേത്ര,മേതോ കെടുനീരൊഴുക്കാൽ
പലേടവും പാഴ്മണൽ വന്നടിഞ്ഞി-
ട്ടിത്രയ്ക്കു നിമ്നോന്നതമായിയല്ലോ!

ബ്രഹ്മർഷിമാർമുഖ്യനെ മുക്കുവത്തി
പെററൊരു പുണ്യക്ഷിതിമണ്ഡലത്തിൽ,
അഹോ, മനുഷ്യന്നു മനുഷ്യനോടു
സാമീപ്യസമ്പർക്കമധർമ്മമായി!

സ്വാതന്ത്ര്യരസ്മൽകുലപൂർവരാത്ത-
ത്രാണത്തിനായ്ശ്ശസ്ത്രമെടുത്തു കയ്യിൽ;
പാഴററ കയ്യാൽപ്പരതന്ത്രർ നാമോ,
പാവങ്ങൾതൻ മൂർദ്ധനി കല്ലിടുന്നു!

രമിച്ചു പണ്ടേവരിലേകയോഗ-
ഭാഗ്യത്തൊടും ഭാർഗ്ഗവരാജ്യലക്ഷ്മി,
അപ്പൂർവികന്മാരുടെ ചോര, നായ-
ന്മാരേ, ഭവാന്മാരിലൊരിററുമില്ലേ?

'തമ്പ്രാ'നി—താണെങ്കലിവൻ പതിച്ച
സംബുദ്ധി! ഹേ സാധുമനുഷ്യ, നോക്കൂ:

Digitized By Kerala Sahitya Akademi

ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ
കീഴാളരാ,രാർക്കിഹ തമ്പുരാനാം?

നിന്റേതിലും മുന്തിയതാസ്ത്വരാമെ–
ന്നുടുപ്പി;–താക്കും കടയിൽക്കിടയ്ക്കും;
എന്നാലൊരേ നൂലുകൾകൊണ്ടു നെയ്ത–
തത്രേ, നമുക്കംബിക തന്ന വസ്ത്രം.

ആർ പള്ളിയോടം കയറിക്കളിപ്പൂ
യുഷ്മാദൃശപ്രോജ്ജ്വലബാഹ്യനീരിൽ;
അധന്യർ നിങ്ങൾക്കിഹ തമ്പുരാന്മാ–
രഹോ ജഗത്തിൻ മറിമായമുഗ്രം!”

മുതിന്നു ഞാനാം പുഴവെന്റെ നാട്ടിൽ–
സ്സാങ്കല്പികസ്വർഗ്ഗപുരം ചമയ്ക്കേ,
ആവൃത്തമായ് മുമ്പടി, വായനയ്ക്കേ–
ന്നനുജ്ഞ കാംക്ഷിയ്ക്കുമവന്റെ ചോദ്യം.

‘വായിച്ചുകൊൾകെ,ത്രയുമിഷ്ടമാണ–
തിങ്ങെ’ന്നു ഞാനുത്തരമോതിയാറേ,
ഇരുണ്ട മണ്ണെണ്ണവിളക്കിനാരാ–
ലിരുന്നിതായാൾ തൊഴുകയ്യുമായി.

പിന്നീടു തൻ പുസ്തകമൊന്നെടുത്തു
പൂർണ്ണാദരം വായനയും തുടങ്ങി.
ഇണങ്ങി നില്ക്കും ശ്രുതിയില്ല, രാഗ–
മില്ല,ക്ഷരവ്യക്തിയുമേറെയില്ല;

Digitized By Kerala Sahitya Akademi

എന്നാലുമായാളുടെ ഗാനമെൻെറ
കർണ്ണത്തിനാഹ്ലാദമനല്പമേകീ:
അറിയകർണ്ണസ്വരമാത്രമാത്രം
ഭക്തിസ്ഫുരന്മാധുരി പൂണ്ടിരുന്നു.

കാവ്യം സുഗേയം; കഥ രാഘവീയം;
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി;—
ലാനന്ദലബ്ധിക്കിനിയെന്തു വേണം?

അവൻെറ പാട്ടാം മണിയൊച്ച രാവിൻ-
പ്രശാന്തനിശ്ശബ്ദതയെപ്പിളർക്കേ,
അതാസ്വദിക്കുന്നതിനെന്നവണ്ണം
സ്തംഭിച്ചുനിന്നൂ ദിവി താരകങ്ങൾ!

നീളത്തിലൂറ്റീതമവൻെറ കണ്ഠ-
നാളത്തിൽനിന്നങ്ങു വിനിർഗ്ഗളിക്കേ,
ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളംപിടിച്ചൂ നദി മെല്ലെമെല്ലേ!

രാമാനുജപ്പൈങ്കിളി പാടിയോരു
രാമായണത്തിൻ മധുരപ്രവാഹാൽ,
ആ വെണ്ണിലാവങ്ങൊരു പാൽക്കുഴമ്പോ-
ടാമേളനംചെയ്തതുപോലെയായീ!

ചൊൽക്കൊണ്ട തുഞ്ചൻഗുരുവിൻെറ കാവ്യ-
രത്നത്തിൽനിന്നേന്തിയ കാന്തിയാലേ,

Digitized By Kerala Sahitya Akademi

അപ്പൊട്ട മണ്ണെണ്ണവിളക്കു വിദ്യുത്-
പ്രദീപമായെന്നുമെനിയ്ക്കു തോന്നി.

ഒരത്ഭുതത്തുമണമാ സ്ഥലത്തു
പരന്നു പാറീ കുളിർകാററിലെങ്ങും;
നിരന്തരം വന്നുപൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചിതന്നിൽ!

തൻചിത്രവർണ്ണാംഗമരീചിയാൽക്ക-
ണ്ണഞ്ചിപ്പൊരോമൽക്കിളിയേറെ നേരം
കൊഞ്ചിക്കളിച്ചു കളനിസ്വനത്തോ-
ടെൻചിത്തവല്ലിച്ചെറുചില്ലതോറും.

ചുഴിഞ്ഞു വായിപ്പളവെന്നൊടത്ഥം
ചോദിച്ചിരുന്നു ചില ഭിക്കിലായാൾ,
ഹാ കഷ്ട,മൽകൃഷ്ടവിചാരനാമി-
ജ്ജിജ്ഞാസു വിജ്ഞാനവിദൂരസംസ്ഥൻ.

ഈമട്ടെത്ര വിലപ്പെട്ടും മണികള-
ണ്ടിങ്ങാകരംതോറമ-
ശ്രീമദ്ഗ്രസ്ഥചയത്തെ—യെന്തു പറയാം
വ്യാമോഹദ്ദൈവ്ഭവം!—
പാഴ്മണ്ണിൻപൊടി പാറുമെന്നു കരുതി
സ്പൃശിയ്ക്കയേ ചെയ്യതി-
ല്ലോ,മൽസ്സോദരമന്ദ്രനക്കറ പെറും
മേലാളിമാർതൻ കാം!

—**—

Digitized By Kerala Sahitya Akademi

# 6. പ്രഭാതഗീതം

(മഞ്ജരി)

അല്ലിന്റെയന്തിമയാമത്തെഘോഷിച്ചു
കല്ലോലമാലിതൻ മന്ദ്രതൂര്യം;
രാത്രിതൻ പോക്കെത്രത്തോളമായെന്നതു
പാത്തറിയുന്നതിന്നെന്നപോലേ
നൽച്ചെന്തലപ്പാവുള്ളത്തല പൊക്കി നി-
ന്നാച്ചത്തിൽക്കൂകിനാർ കുക്കുടങ്ങൾ.

ചിക്കെന്നാണന്നൊഴന്നേററുഷസ്സെന്നവൾ
ശുക്രനാം കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമനാദമാം കങ്കണ-
കാണമോടംബരശാലയിങ്കൽ,
ഇന്നലെ രാവുപയോഗിച്ച പൂക്കളാ-
കുന്ന താരങ്ങളടിച്ചുവാരി
താവൽക്കസ്തൂരിച്ചാറാക്കിയ വാർതിങ്കൾ-
ത്തുവെള്ളിക്കിണ്ണവും ദൂരേ മാററി,
വെൺകുളിർനീരാൽത്തളിച്ചു പുരോഭുവി
കുങ്കുമലേപവുമാചരിച്ചാൾ;



Digitized By Kerala Sahitya Akademi

ആ വേലക്കാരിതൻ നിശ്വാസം പോലവേ,
പൂവിൻമണവുമായ് വീശി തെന്നൽ.
ബ്രഹ്മാണ്ഡഹർമ്മ്യത്തിൻ മേൽത്തട്ടും കീഴ്ത്തട്ടും
നിർമ്മലമായി വിളങ്ങി മേന്മേൽ.

ഇപ്പടി നൂറുനൂറായിരം ഹർമ്മ്യങ്ങ-
ളെപ്പോഴും പുത്തനായ് വെച്ചുപോററി,
ഒപ്പമതുകളിലൊക്കെ വിളയാടു-
മപ്പരാശക്തിയ്ക്കു കുപ്പുക നാം!

—**—

Digitized By Kerala Sahitya Akademi

# 7. വെടികൊണ്ട പക്ഷി

ഇതാ പത്തുക്കെസ്സസുഖം പറക്കും
ചേലുള്ള വെള്ളക്കിളിയൊന്നു വാനിൽ,
തെളിഞ്ഞു നില്ക്കും കുളിർപൊയ്ക്കതന്നിൽ-
ത്തെത്തെന്നൽ താരാട്ടുമൊരാമ്പൽ പോലെ.

ഭൂദേവിതൻ ഭാസുരകേളിമച്ചിൻ
മികച്ച മേല്ക്കൂട്ടിയിലേതൊരാളോ
ഈ വെൺമലർത്തൊത്തൊരദൃശ്യമായ
നൂൽത്തുമ്പിനാൽക്കോർത്തഴകോടു തൂക്കി!

മുകിൽക്കുലം മൌലിയിലുമ്മവെയ്ക്കു-
മീയോമനക്കുഞ്ഞിനെ നോക്കിനില്ക്കേ
സൽപുത്രനപ്പോൾ പ്രകൃതീശ്വരിയ്ക്കു
സായന്തനാദിത്യമുഖം തുടുത്തു.

ഭൂമണ്ഡലം കാണ്മതിനോ, വലംവെ-
ച്ചിപ്പക്ഷി ലാത്തുന്നു മുകൾപ്പരപ്പിൽ!
എങ്ങാസ്സുവിസ്തീർണ്ണസുരപ്രദേശം?
ഈത്തുണ്ടുതുണ്ടാം നരലോകമെങ്ങോ?

Digitized By Kerala Sahitya Akademi

നരൻെറ വീപ്പിൻകര ചേൎന്നാ കാരോറ-
ല്ലാത്തത്ര ദൂരത്തു പറക്ക കുഞ്ഞേ:—
അയ്യോ, ഇതാ, നിൻകരളിൻ ചുവട്ടി-
ലന്യൻ കടന്നേന്തിയ കാലദണ്ഡം!

തുടുത്ത രക്തം ചൊരിയാതെ ദാഹം
തീരാത്ത മൎത്ത്യൻെറ കരാളദംഷ്ട്ര,
നിന്നെച്ചമച്ചോരു കടുകരിംക-
യ്യിരിമ്പിനെപ്പേലവവസ്തുമാക്കി!

തോക്കേന്തുമിപ്പാന്ഥനിതാ, പതംഗ,
നോക്കുന്നു നേർക്കുന്മുഖനായി നിന്നെ,
നിരാശതാഗ്ലാനിയിൽനിന്നു ഹൎഷോ-
ല്ലാസത്തിലെയ്യെത്തിയ ലോചനത്താൽ.

കണ്ണിന്നു നിൻപൂവുടൽവെണ്മയല്ല
കർപ്പൂരമാകുന്നതിവന്നു—ഹാ, ഹാ!
ഈ മന്നിലെന്തുണ്ടൊരു ഭക്ഷ്യസസ്യം?
ഇവൻ വിശന്നിട്ടു മരിയ്ക്കുയെന്നോ!

തോക്കായ രക്ഷസ്സു, തിടുക്കമോടേ
തൽഭക്തനൎപ്പിച്ച പദാൎത്ഥമെല്ലാം
ഉള്ളിൽച്ചെലുത്തിപ്പരിതൃപ്തി പൂണ്ടി-
ട്ടുഗ്രസ്വരത്തോടൊരു തേട്ടൽ തേട്ടി.

ആ നിർദ്ദയൻതൻ സമസൃഷ്ടഹിംസാ-
മലീമസാഘങ്ങളിൽനിന്നൊരംശം,

Digitized By Kerala Sahitya Akademi

ഉയന്ന തോക്കിൻ കുഴലിങ്കലൂടെ
ചെന്നേറി വിൺവീഥിയിലും പുകഞ്ഞു!

പെട്ടെന്നതാ, പക്ഷി തിരിഞ്ഞുകൊണ്ടു
കീഴ്പോട്ടു പോരുന്നു—ഹരേ! മുകുന്ദ!
പാപിയ്ക്കുതിപ്പോ,ളൊരു പൈതലിന്നു
പളുങ്കണിപ്പമ്പരമെന്നപോലായ്.

സിദ്ധാർത്ഥനെപ്പെററ ധരിത്രിതൻെറ-
യങ്കത്തിലെയ്യോക്കിളി വന്നുവീണ്ണേ,
ശിരസ്സുചായും ചില പുല്ലുകൾക്ക-
ഞ്ഞിററിററു വീണു തുഹിനോദബാഷ്പം.

പണ്ടത്തെ നിന്മക്കൾ കരുത്തരമ്മേ,
പരാഭിഭൂത്യ്ക്കുടൽ കൈവെടിഞ്ഞു;
അശക്തരിന്നുള്ളവരോ, സ്വഗാത്ര-
പിണ്ഡം തടിപ്പിപ്പവരന്യമെയ്യാൽ!

വധൂസമഭ്യാഗതി കാത്തുകൊണ്ടോ,
വാനിൽച്ചരിച്ചു ഖഗ, മന്ദമായ് നീ?
അല്ലെങ്കിൽ, നിൻഗേഹിനി ബാലരക്ഷ-
യ്ക്കുള്ളട്ടിലേ വാഴുകയായിരിയ്ക്കാം.

കുട്ടിന്നകത്തുൽക്കടമാം വിശപ്പാൽ-
ക്കരുന്നു പൈതങ്ങൾ കുഴഞ്ഞുവാഴ്വൂ;
ഇരയ്ക്കുപോയീടിന നാഥനെത്തീ-
ലി;—രുട്ടു കേറുന്നിതവൾക്കു കണ്ണിൽ!

Digitized By Kerala Sahitya Akademi

അകാലവൈധവ്യമണഞ്ഞൊരമ്മ;
പത്തും മുളയ്ക്കാത്ത കുറെക്കിടാങ്ങൾ —
ഹാ ധൃഷ്ട, ശിക്കാറി, ഭവാനൊരുണ്ട-
കൊണ്ടിക്കുടുംബം മുഴുവൻ തകൎത്തു.

ഭാസിച്ചിടുന്നുണ്ടൊരു പോരിൽ വെന്ന
ഭടന്റെ ഭാവം ഭവദാനനത്തിൽ;
വ്യാഘ്രങ്ങളല്ലിൽപ്പതുങ്ങുവെപ്പിടിപ്പാൻ
വരുമ്പോൾ നിൻ തോക്കുണൊരാത്തതെന്തോ!

കണ്ടീലയോ ദേവി, ജഗത്സവിത്രി,
നിൻപാരിലെദ്ദുൎന്നയസന്നിപാതം?
പാവങ്ങൾതൻ പ്രാണമരുത്തുവേണം
പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ!

ക്രൗരപ്പിശാചിൻ ബലിവേദിപുക്ക
കിളിയ്ക്കു തണ്ടാർവളയക്കഴുത്തിൽ
ചിന്നിപ്പരന്നീടിന രക്തരാജി
തെച്ചിപ്രസൂനക്കൊലമാലയായി!

പൊറാത്ത നോവാൽ കുറെപ്പിടഞ്ഞി-
ട്ടെന്നേയ്ക്കുമായിട്ടതു വാ പൊളിച്ചു;
ശേഷിച്ച തൽപ്രാണനുമുൽക്രമിച്ചി-
തു,ക്കൊച്ചുവാതിൽപ്പഴുതിങ്കലൂടെ.

മറഞ്ഞുപോയ് മങ്ങിയ കൎമ്മസാക്ഷി;—
യൊരുഗ്രനിശ്ശബ്ദത ചേൎന്നു ചുററും;

Digitized By Kerala Sahitya Akademi

മുഹൂർത്ത,മെന്തോ മുറിവേററപോലെ
നിഷ്പന്ദമായ്‌ നിന്നിതു വിശ്വയന്ത്രം!

ആകാശമുന്മീലിതതാരദൃക്കാ-
യാരാഞ്ഞുനോക്കാൻ മുതിരുമ്പൊഴെല്ലാം
തടങ്കണോ ലാത്തിയിരുന്ന ബാലൻ
കാലൻെറ കൈക്കുട്ടയിലായ്ക്കഴിഞ്ഞു!

പക്ഷീന്ദ്ര, കുക്ഷിംഭരിതൻ പിചണ്ഡ-
ഭാണ്ഡം നിറയ്ക്കട്ടെ തവാംഗമാംസം;
നിൻതൂവലാൽ കാററു കുറിച്ചുകൊള്ളും
ദ്യോവിങ്കലീദ്ദുഷ്കൃതിതൻ ചരിത്രം!

—**—

Digitized By Kerala Sahitya Akademi

## 8. “ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി”

(മഞ്ജരി)

### I

“തസ്കരനല്ല ഞാൻ; തെമ്മാടിയല്ല ഞാൻ;
മുഷ്കരനല്ല ഞാൻ മുഗ്ദ്ധശീലേ;
ദേവിതൻ ദാസ്യം കൊതിയ്ക്കുമൊരുത്തൻ ഞാൻ;
ഈ വീടിവിടെയ്ക്കു ദാസഗൃഹം!
ഭക്തന്റെയല്പമാമർച്ചനം കൈക്കൊണ്ടു
ഭദ്രമാക്കീടുകെൻ ഭാവികാലം!

ആനീലസുസ്നിഗ്ദ്ധപക്ഷ്മനിബിഡമാ-
മീ നീളമേറിയ ലോചനത്താൽ
പെൺമാൻ കണക്കെപ്പകച്ചിങ്ങു നോക്കുവാൻ,
തന്മുന്നിൽച്ചെന്നായയല്ല നില്പൂ.
സാമാന്യപൂരുഷനല്ല ഭുജിയ്ക്കേണ്ടു,
ഭാമിനി, ദിവ്യമാം ത്വത്സൗന്ദര്യം;
ഇപ്പീയൂഷത്തെസ്സൽപാത്രത്തിലാക്കാനാ-
ണത്ഭുതദർശനേ, മൽപ്രാരംഭം:
നമ്മുടെ സമ്രാട്ടാം പൊന്തിരുമേനിയായ്’...
സ്സമ്മേളിപ്പിയ്ക്കുവാൻവേണ്ടിയത്രേ,

Digitized By Kerala Sahitya Akademi

ക്ഷേത്രത്തിൽനിന്നു തിരിച്ചുപോം ദേവിയെ-
സ്സത്രത്തിൽ ഞാനിങ്ങു കൊണ്ടുപോന്നു.

ദേവിതൻ മേനാവെടുപ്പവരിങ്ങോട്ടു,
നേർവഴി മാററി നടക്കാനായ്, ഞാൻ
സ്വർണ്ണനാണ്യങ്ങൾ ചൊരിഞ്ഞു,പ്പരിഷതൻ
കണ്ണുകൾ മഞ്ഞളിപ്പിച്ചിരുന്നു.

പൊങ്ങിപ്പരന്ന് മാർത്തട്ടിലൂ നിശ്വാസം
തങ്ങിത്തുളുമ്പുവതെന്തിനയ്യോ?
കാലേ സമാഗതമാകിയ ഭാഗ്യത്തിൻ
കാൽ കഴുകിപ്പതു കണ്ണീർകൊണ്ടോ!

ജാതി പോമെന്നൊരു ചിന്ത ഭവതിതൻ
വാർതിങ്കൾവക്ത്രത്തിൽക്കാറാകൊല്ലേ:
എൻതമ്പുരാന്റെയന്തഃപുരത്തിലെ
ഹിന്ദുസ്ത്രീയെന്നെന്നും ഹിന്ദുസ്ത്രീതാൻ;
അപ്പപ്പോൾ തന്നോടുചേരും നദികളെ-
യപ്പു പിടിപ്പിയ്ക്കില്ലിസ്സമുദ്രം!
അന്യമതദ്വേഷമുണ്ടോ മുഹമ്മദ-
മന്നോർമണികൾക്കു പണ്ടുപണ്ടേ?
ഈ ഹുമയൂൺ ചക്രവർത്തി വിശേഷിച്ചു-
മാഹിതാത്മാവതിസാമ്യനിഷ്ഠൻ;
അള്ളാവിനൊപ്പമക്കല്യൻ പ്രജകളി-
ലെല്ലാം പുലർത്തുന്നു സ്വാസ്വധർമ്മം."

Digitized By Kerala Sahitya Akademi

ഏന്തോ കഥിപ്പാൻ മുതിന്ന സുമുഖിതൻ
ചെന്തൊണ്ടിവായ്മലർ ചെററിളകീ;
അപ്പൊഴെയ്ക്കുവ്വീശസേവകനാസ്ഥാൻഖാ-
നല്പം പതുക്കെയായ്ക്കെതുടന്നാൻ:—

"പത്തുനാൾ മുമ്പൊരു കേളീസഞ്ചാരത്തി-
ലത്തിരുമേനിയ്ക്കീ മഞ്ജുവക്ത്രം,
ഗ്രാമത്തിൽദ്ദേവിതൻമാളികതന്നിലെ-
ത്തുമണിക്കണ്ണാടിജ്ജന്നലിങ്കൽ
കാണാമാറായ്‌വന്നു, നേത്ത ശരൽഘന-
ശ്രേണിയിലേണാങ്കബിംബം പോലേ;
രണ്ടുനാലാവൃത്തി തൃക്കൺപതിച്ചു,ണി-
വണ്ടിയിൽപ്പിൻനില്ക്കുമീ ഞാൻ കേൾക്കെ;
'വിണ്മലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവെ'-
ന്നറുമുഖനായരുൾചെയ്തതാനും!

അത്തിഥി തൊട്ടാ വിശിഷ്ടാനുഭാവൻെറ
വിസ്തീർണ്ണഗംഭീരമായ ചിത്തം
ഇക്കൊച്ചുമെയ്യാൽ നിറഞ്ഞിരിയ്ക്കുന്നതായ്,
നൽക്കാഴ്ച കൂട്ടമെൻ കൺകൾ കണ്ടു.

പോരെയോ ഭാഗ്യമിതാ,രുമറിയാതെ-
യാരണ്യസ്ഥാനത്തു നിന്ന പുഷ്പം,
ഭാരതലക്ഷ്മിയാൾ ചുംബിച്ച തൃക്കയ്യിൽ-
ച്ചേരുവാനല്ലോ തുടങ്ങീടുന്നു!

Digitized By Kerala Sahitya Akademi

ഇന്ദിരാതുല്യയാം ദേവിയെ വേട്ടവ-
നിന്നൊരു സമ്പന്നനായിരിയ്ക്കാം;
എന്നാലിതോക്കണം: മൂടൽമഞ്ഞൊന്നൊരു
കുന്നെങ്ങീ? പ്രാലേയശൈലമെങ്ങോ?
കൊള്ളാമോ ശ്രേയസ്സിൽസ്സംതൃപ്തി നമ്മൾക്കു;
വെള്ളിനിലാവിൽക്കുളിച്ച രാവും
ചെമ്പൊന്നാമാദിത്യരശ്മിയെയാരാഞ്ഞു
മുൻപോട്ടു പോവതു കാണുന്നില്ലേ?
നാളെയ്ക്കിവിടുന്നു ഭാരതാധീശ്വരി!
നാളെയ്ക്കീയുസ്മാനോ മുഖ്യമന്ത്രി!
ഇന്നെൻറ ദേവിയെക്കേവലസ്ത്രീയായ്ക്ക-
ണ്ടന്നിറം കെട്ടു മറഞ്ഞ സൂര്യൻ
നാളെ ശ്രീഭാരതരാജ്ഞിയായ്ക്കണ്ടിട്ടു
നീളെ നിറകതിർ വാരിവീശും!
മോശമാമീ വീട്ടിലൊട്ടിട വാഴ്‌വതിൻ
ക്ലേശത്തെദ്ദേവി സഹിയ്ക്കവേണം:
മാരിനീർത്തുള്ളിയ്ക്കു ചിപ്പിയുൾപ്പൂകാതെ
മാണ്പെഴും മുത്തായ്ത്തീരുവാനും,
മാന്യരത്നാഢ്മാം മന്നവൻതൻ തിരു-
മാറിലണവാനുമാവതാണോ?"

അത്ഥമിതൊക്കെയാണുസ്മാനുരച്ചതി-
നുത്തരമെന്തിങ്ങു ചൊല്ലും തന്വി?
'ധീരനാം രാജാവേ, സാധുവാം സ്ത്രീയുടെ
ചാരിത്രം പോക്കൊല്ലേ' എന്നുണത്തി

Digitized By Kerala Sahitya Akademi

ക്ഷോണീശിതാവെ നമിപ്പതുപോലെ, താൻ
വാണ മഞ്ചത്തിൽക്കമിഴ്ന്നു വീണാൾ.

## II

ക്ലിഷ്ടയാം സാധ്വിയെക്കണ്ടു സഹിയ്ക്കാഞ്ഞോ
പട്ടണമൊക്കയും കണ്ണടച്ചു:
നിശ്ശബ്ദയായീ ക്രമേണ നിശീഥിനി;
വിശ്വത്തെ വീക്ഷിച്ചു നിന്നാൻ ചന്ദ്രൻ.

ആ ഹുമയൂണെന്ന രാജാധിരാജനും
മോഹനോദാരനിശീഥവേഷൻ,
ധൂപമാല്യാദിതൻ തൂമണം വീശുന്ന
ദീപോജ്ജ്വലിതമാം പള്ളിമച്ചിൽ,
ചന്തം തികഞ്ഞൊരു ചന്ദനക്കട്ടിലിൽ,
വെൺതനിപ്പട്ടുകിടയ്ക്കതന്മേൽ
ഏകാകിയായിശ്ശയിച്ചരുളീടിനാൻ,
സൈകതത്തട്ടിൽഗ്ഗജേന്ദ്രൻ പോലെ.

നിദ്രയ്ക്കുനമതി കിട്ടിക്കഴിഞ്ഞിട്ടി-
ല്ല,ത്തിരുനെററി തലോടിക്കൊൾവാൻ;
എന്തോ വിചാരത്തിൽസ്സഞ്ചാരം ചെയ്കയാം
ഹന്ത, മഹീശൻെറയന്തരംഗം.
കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു;
കൊച്ചുകുടിൽക്കത്രേ നിദ്രാസുഖം!

Digitized By Kerala Sahitya Akademi

എന്നാലവിടേയ്ക്കു രാജ്യതന്ത്രത്തില-
ല്ലിന്നേരം ബുദ്ധിയെന്നൂഹിയ്ക്കുന്നേൻ:
താരനേർക്കണ്ണു വിടൎന്നു തെളിയുന്നു,
ധീരമാം വക്ത്രത്തിൽ ശൃംഗാരവും;
മന്മഥനെന്ന മഹാകവിയാകണ-
മിമ്മനോരാജ്യത്തിൻ ഗ്രന്ഥകാരൻ!

നേരിയ കാലൊച്ചയൊന്നു പുറത്തള-
ത്താരാൽ ശ്രവിപ്പതായ്ത്തോന്നുകയാൽ,
കൈമുട്ടു ശീർഷോപധാനത്തിൽക്കുത്തിയും
കാർമുകിൽമീശ വളൎന്ന ഗണ്ഡം
മാററക്കുടുന്ന തൃക്കൈത്താരിൽച്ചായ്ച്ചു,മൊ-
ന്നേററു ചെരിഞ്ഞു കിടന്നാൻ ഭൂപൻ.

ചിക്കെന്നൊരത്ഭുതജ്യോതിഃപ്രവാഹമ-
പ്പൊൽക്കുളിർപ്പൂമച്ചിൽ വന്നലച്ചു;
കൺമയക്കീടുമാ മിന്നലിൻ മേഘമോ,
നമ്മുടെയുസ്താൻഖാനായിരുന്നു.
ആയവനെപ്പൊഴും ചെല്ലാം തിരുമുമ്പി-
ലാ,രും തടയില്ലരുളപ്പാടാൽ.
'വിണ്മലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവോ'
തന്മുന്നിൽക്കാണ്മൂ കിനാവുപോലെ!
സംഭ്രമം കിഞ്ചന സ്പഷ്ടമായ്പ്പോംവിധം
തമ്പുരാനങ്ങെഴുന്നേററിരുന്നു.
തീരേ തിരുവുള്ളിലാരാത്തുള്ളൊന്നല്ലോ,
ഈ രുചിരോത്സവപ്രാദുർഭാവം.

Digitized By Kerala Sahitya Akademi

പൃഥ്വീശ്വരേശ്വര, പത്തുനാളങ്ങുന്നു
ഏത്തിനാൽസ്സേവിച്ച ദേവിയിതാ,
പ്രത്യക്ഷയായ്‌വന്നു; കാമം വരിച്ചുകൊറം-
കെ,ത്രയോ പേക്കിഷ്ടമേകിയോനേ!

ദേവിയുമുസ്താൻമാ രാജരാജൻെറ
ചേവടിയിങ്കൽ നമസ്കരിച്ചാർ:
നീണ്ട വിരലുകറം കോത്തുപിടിച്ചുഴ-
കാണ്ട കരങ്ങറം മടിയിൽ വെച്ചും,
കാഞ്ചനരേഖാങ്കവെൺപട്ടുറയിട്ട
കാൽ തൂക്കിയിട്ടുമിരുന്നരചൻ,
'തെല്ലുഴഞ്ഞുള്ള കാർകൂന്തലോ, വാർകുനു-
ചില്ലിയോ, ചില്ലൊളിപ്പൂംകവിളോ,
ഏതേതു നോക്കേണ്ടെ'ന്നു മൃഗാക്ഷിതൻ
മൈതന്നിൽപ്പായുന്ന കണ്ണിണയെ
ആയാസപ്പെട്ടു നിയന്ത്രിച്ചു, സാകൂത-
മായൊന്നു നോക്കിനാനാശ്രിതനെ.
'കാണിയ്ക്കയായ്‌വെച്ചേൻ പൊന്നുതൃക്കാല്ക്കലീ
മാണിക്യക്കല്ലിനെ'യെന്നാനവൻ:

ക്ഷിപ്രമവിടത്തെയുറംപ്രസാദാങ്കുരം
തൃപ്പല്ലവാധരമധ്യേ കാണായ്;
വെൺകളിയായിതസ്സുസ്മിതമുസ്താൻെറ
സങ്കല്പസൌധത്തിനെന്നേ വേണ്ടൂ!

Digitized By Kerala Sahitya Akademi

സുന്ദരിയോടഥ സാദരം ചോദിച്ചു
മന്ദമധുരമായ് മന്നോർമന്നൻ:
"ഭദ്രേ, ഭവതിയ്ക്കു സമ്മതംതാനല്ലീ
ഭക്തനാമെന്നുടെ ദേവീപദം?"

സങ്കുചിതാംഗിയായ്സ്സാഞ്ജലിയായ് നിന്ന
മങ്കയാൾ ഗദ്ഗദം പൂണ്ടു ചൊന്നാൾ:
"കന്യകയല്ലാ ഞാൻ—കാന്തനെൻ പ്രാണനാ-
ണ— ന്യനെ—യപ്രീതി തോന്നരുതേ!"

ഭാവം പകന്നു നൃപനു: പരസ്ത്രീയെ-
പ്പാവയായെണ്ണുമപ്പുണ്യശ്ലോകൻ
'ഇസ്സാധ്വിയെങ്ങിനെയിങ്ങു വന്നെത്തി'യെ-
ന്നസ്ഥാനോട്ടൂർജ്ജസാ ചോദ്യംചെയ്താൻ.
നമ്രാംഗി നീണ്ടൊരു വീപ്പിലടക്കിത്തൻ-
നന്ദി നരേന്ദ്രന്റെ നേക്കയച്ചാൾ!

വാസ്തവമെല്ലാമുണർത്തിച്ചു സേവകൻ
ഭീത്യാ വരണ്ടുള്ള കണ്ഠവുമായ്;
പാർത്ഥിവനേത്രത്തിൽനിന്നിടിവാളൊന്നാ-
സ്വാർത്ഥപരന്റെ ശിരസ്സിൽപ്പാഞ്ഞു.
"ആരങ്ങി,വനെ- .യീ മൽപ്രജാദ്രോഹിയെ-
ക്കാരാഗൃഹത്തിലടച്ചിടട്ടേ!"
സ്വത്തു നിക്ഷേപിപ്പാൻ തീർത്ത നിലവറ
ലുബ്ധന്റെ പാഴ്ത്തുറുങ്കായ്ത്തീരുന്നു!
ആ മണികങ്കണസമ്മാനമാശിച്ചി-
ട്ടാമമേ കൈകൾക്കു നേടിയസ്മാൻ!

Digitized By Kerala Sahitya Akademi

"മങ്കേ, കരയായ്ക: മാലോകർകണ്ണീരെ,ൻ-
ചെങ്കോലിതാഴിയിലേയ്ക്കൊഴുക്കും!
മാപ്പിളമാർ ചെയ്ത തെററു മറന്നു നീ
മാപ്പീ ഹുമയൂണിന്നേകിയാലും!
ഇപ്പൊഴേ നമ്മുടെ പല്ലക്കുകാർ നിന്നെ-
ത്തച്ചൽഭത്തൃമന്ദിരം പ്രാപിപ്പിയ്ക്കും;
എന്നനുജത്തി, നീ സൌഖ്യമായ് വാണാലും!"
എന്നരുഠംചെയ്ത നരേന്ദ്രനോടായ്
തന്വി കൃതജ്ഞത കാണിച്ചപേക്ഷിച്ചാഠം—
"എന്നിൽത്തിരുവുള്ളമുണ്ടെന്നാകിൽ
ഭൃത്യൻെറ കുററം പൊറുക്കുമാറാകണം:
മത്ത്യന്നു കൈപ്പിഴ ജന്മസിദ്ധം!"
ഗീരിതരചന്നു രോമാഞ്ചമേററി; ഹാ,
ഭാരതസ്ത്രീകഠംതൻ ഭാവശുദ്ധി!

'ഉസ്താൻ, നീയാരെയോ കഷ്ടപ്പെടുത്തിയി-
ന്നു,സ്സാധ്വിതാൻ നിന്നെസ്സംരക്ഷിച്ചു!
ബാലികേ, കൈക്കൊഠംക മാമകപ്രീതിത-
ന്നീ ലാഞ്ഛനം'മെന്നുഴിനാഥൻ
ഏറെ വിലപ്പെട്ട നൻമുത്തുമാല്യമ-
ങ്ങരിയെടുത്തവഠം തൻകഴുത്തിൽ,
അച്ഛൻ മകളുടെ കണ്ഠത്തിലെന്നപോ-
ലിട്ടയാ ചാൎത്തിച്ചാൻ തൃക്കൈകളാൽ.

—**—

Digitized By Kerala Sahitya Akademi

# 9. ഒരു കൃഷ്ണപ്പരുന്തിനോട്

(കേക)

സുരഢിഭാദിമഹാ-
സുകൃതിസരണിയിൽ-
ച്ചരണംചെയ്യും പക്ഷി-
ശ്രേഷ്ഠനാം ഭവാനിപ്പോൾ
സ്വച്ഛമാം സ്വസ്ഥാനം വി-
ട്ടെന്തിനു കീഴ്പ്പോട്ടു പോ-
ന്നിച്ചളിപ്പാടത്തിന്റെ
വരമ്പത്തിരിപ്പായി?

ആപങ്കിലാംഭസ്സാമി-
പ്പാടത്തോ പതിയേണ്ടു
നീ പരത്തിയ ചെന്താർ.
പ്പൊട്ടൊളിച്ചിറകുകൾ?
ഇങ്ങു ചേന്നിരിയ്ക്കുമി-
ക്കൊററികളുടെ വണ്ണ-
ഭംഗിയിൽ ഭ്രമിച്ചിതോ
ഭവ്യദർശനൻ ഭവാൻ?

5*

Digitized By Kerala Sahitya Akademi

പുറമേ കാണും വെണ്മ-
യുള്ളിലില്ലിവക്കു,തി-
ച്ചെറുപാടത്തെച്ചേറി-
നൊപ്പമേ കറുത്തതാം
ചാൽക്കട്ടിയ്ക്കകത്തിവർ
കാകോളമടക്കുന്നു—
തേയ്ക്കുന്നു തമസ്സിന്മേൽ
സാത്വികച്ഛായമിവർ!

ഇച്ചളിവെള്ളംതന്നിൽ-
ക്കിടന്നു വലയുന്ന
കൊച്ചുമീൻ തവള
മുമ്പാകിയ ജന്തുക്കളെ
പാലനം ചെയ്യാനല്ലി-
ക്കൂട്ടർതൻ സമ്മേളനം;
ലീലയോടൊക്കെക്കൊത്തി-
വിഴുങ്ങുന്നതിനത്രേ.

കണ്ടേ ജീവികളുടെ ജീവ-
ശോണിതംകൊണ്ടേ
കണ്ഠത്തിൻവരെച്ചുവയി-
സ്സൌമ്യക്ക് നിലയ്ക്കുള്ളു!
അങ്ങയെക്കണ്ടിട്ടിവ-
നാരിതെന്നൊരു ഭാവത്തിൽ
തങ്ങളിൽ നോക്കീടുന്നു
നീണ്ടുള്ള കഴുത്തുമായ്.

Digitized By Kerala Sahitya Akademi

കാഷായവസ്ത്രത്താൽസ്സമാ-
ച്ഛാദിതശരീരനായ്,
കേവലം ഭസ്മാലിപ്ത-
ഗ്രീവനാകിയ ഭവാൻ
ജീവദ്രോഹികളാകു-
മിവർതൻ ദൃഷ്ടിയ്ക്കതോ
പാവമാമൊരു പിച്ച-
ക്കാരനായ്ത്തീർന്നിട്ടുണ്ടാം:

ലോലചാമരയായ
രാജലക്ഷ്മിയാൾ പണ്ണ-
ശാലതൻ മുററമടി-
ക്കുന്ന നാടിതല്ലല്ലോ!
അങ്ങയെയിവർ മാനി-
ക്കായ്കതേ തവ മാനം:
സംഗമോചിതമല്ല
സാധുശീലർക്കിസ്സംഘം.

പോഷിച്ച തനിപ്പൊന്നിൻ
പാത്രങ്ങൾ വീശിസ്സാമം
ഘോഷിയ്ക്കും ദ്വിജേന്ദ്രന്റെ
വംശജനത്രേ ഭവാൻ.
ഹാ, വലംവെച്ചു പറ-
ക്കുന്ന നിൻ പതത്രങ്ങൾ
ഭാവുകം വിതയ്ക്കുന്നു
യാത്രോദ്യുക്തരിലത്രേ.

Digitized By Kerala Sahitya Akademi

നിന്തിരുവടിയ്ക്കിതാ,
വന്ദനം! ധൎമ്മാധൎമ്മ-
ചിന്തനയ്ക്കാത്മംഭരി-
ക്കൂട്ടരിലിടമുണ്ടോ?
ഉലകിൽസ്സമസ്സൃഷ്ടി-
ദ്രോഹകൌശലം കാട്ടി-
ത്തലകൾ പൊക്കിപ്പിടി-
യ്ക്കുട്ടെയിഗ്ഗർവിഷ്ഠന്മാർ!

കൈവിട്ടകുടൻ കൃഷ്ണ-
പ്പരുന്തേ, ശുഭ്രാത്മാക്കൾ
മേവുമിദ്ദീനാക്രന്ദ-
ത്തുന്ദിലം കോലനിലം;
എത്രയും പ്രശാന്തമായ്
സ്വാതന്ത്ര്യസഞ്ചാരമായ്
വിസ്തീൎണ്ണമാകും നഭോ-
ഭാഗമേ തവ യോഗ്യം.

വാണിതൻ വെണ്മെത്തണ്ടാ-
ലങ്കിതകണ്ഠൻ ഭവാൻ
വാ തുറക്കാതേതന്നെ
മേല്പോട്ടു പറന്നുപോയ്,
തൂവെള്ളിപ്പണിയുള്ളോ-
രാതാമ്രവിശറിയായ്-
ദ്ദ്യോവിനെശ്ശോഭിപ്പിയ്ക്കാ
വിസ്തൃതപക്ഷങ്ങളാൽ.

Digitized By Kerala Sahitya Akademi

# 10. കിളിക്കൊഞ്ചൽ

(മഞ്ജരി)

വായനക്കാർക്കിഷ്ടമാണെങ്കിൽസ്സങ്കല്പ-
വായുവിമാനത്തിലേറിയാലും;
പ്രീതരായ്സ്സഞ്ചാരം ചെയ്യാം നമുക്കല്പം
ഭൂതകാലാകാശവീഥിയിങ്കൽ.
ത്രേതായുഗത്തിലെ ശ്രീമിഥിലാപുരം
ഭ്രാതാക്കന്മാരിതാ, മുന്നിൽക്കാണ്മൂ;
സാമ്രാജ്യച്ചെങ്കോലുകൊണ്ടേ തുഴഞ്ഞുപോയ്-
സ്സംസാരം പിന്നിട്ട മന്നനത്രേ,
അന്നിതു പാലിച്ചുപോന്നു: ജനകനാ-
ലിന്നിലം ലക്ഷ്മിതൻ ജന്മഭൂവായ്.
സീരാങ്കിതങ്ങളാം നീരാളച്ചെങ്കൊടി-
ക്കൂറകൾ പാറുന്ന മേടകളും,
അന്തരാ ശ്രീയാജ്ഞവല്ക്യന്റെ ശിഷ്യന്മാർ
ഗ്രന്ഥമെഴുതുന്ന ശാലകളും,
മുപ്പുരവൈരിതൻപള്ളിപ്പടവില്ലു
വെപ്പിച്ച വിസ്തീർണ്ണമണ്ഡപവും
മററും നമുക്കിവ പിന്നെ നോക്കാം: — മിതാ,
ചുററും മതിൽ ചുഴന്നോരുദ്യാനം

Digitized By Kerala Sahitya Akademi

പ്രേമസുരഭിയായ്പ്പേർത്തും വിളിയ്ക്കുന്നു
കോമളപ്പൂങ്കിളിക്കൊഞ്ചലിനാൽ!

ഓരോ മലരിലുമോരോ തളിരിലു-
മോടിക്കഴങ്ങേണ്ടാ നേത്രമേ, നീ:
ഉദ്യാനദേവത താൻതന്നെയല്ലയോ,
ഹൃദ്യമാമീ മണിത്തിണ്ണയിന്മേൽ,
അഞ്ചു വയസ്സായ പെൺകിടാവായ്ച്ചമ-
ഞ്ഞഞ്ചിതകേളികളാടി വാഴ്വൂ!
ചമ്പകപ്പൂവാണീപ്പെൺപൈതൽതന്നുടൽ;
ചെമ്പനിനീപ്പൂവിക്കൊച്ചുമുഖം;
കായാമ്പൂകൊണ്ടത്രേ കല്പിതമായ്ത്തുലോ-
മായാതരമ്യമാമക്ഷിയുഗ്മം;
തോരം കവിഞ്ഞഗ്രം ചുരുണ്ടു കിടക്കുന്ന
വാർകുഴലായതോ വണ്ടിണ്ടതാൻ;
വല്ലികാശാഖകളാകുന്നു കയ്യുകൾ;
പല്ലവം തന്നെയിപ്പാണി രണ്ടും.
ഉണ്ടാക്കിവെച്ചു വിചിത്രജന്തുക്കളെ-
യുണ്മാനിരുത്തിഗ്ഗൃഹേശ്വരിയായ്,
പഞ്ചാര കല്ക്കണ്ടം പാൽ പഴം തേനിവ
പിഞ്ചുകൈകൊണ്ടു വിളമ്പുകയും;
കുട്ടിക്കനകക്കുടത്താൽപ്പൂപ്പളുങ്കുകൽ-
ത്തൊട്ടിയിൽനിന്നു തണ്ണീരു മുക്കി,
ചേലിൽശിരസ്സാട്ടം നാനാചെടികളെ-
ച്ചേടിയായ്നിന്നു നനയ്ക്കുകയും;

Digitized By Kerala Sahitya Akademi

വാരിവലിച്ചുടുത്തോരു നൽപ്പട്ടുഴി-
ച്ചാരാൻ നിലത്തു വിരിച്ചതിങ്കൽ
പാവക്കിടാവെക്കിടത്തി,ക്കിലുങ്ങിന
ത്തുവളച്ചാർത്തോടതിൻതുടമേൽ
അമ്മലർക്കയ്യിനാൽത്താളംപിടിച്ചുകൊ-
ണ്ടമ്മയായ്പ്പാടിയുറക്കുകയും;
ശ്രീതാർക്ഷ്യവാഹനദാരുപ്രതിമയെ-
പ്പൂത്തുകിൽപ്പൂജിച്ചു,തിന്നു മുന്നിൽ
ദീർഘമാം മയ്ക്കണ്ണു ചിമ്മിസ്സമാധിയിൽ-
ഗ്ഗാഢിയാം ദേവിയായ് മേവുകയും—
ഭൂലോകരംഗത്തെയ്യൌവക നാട്യങ്ങൾ
ശീലിയ്ക്കുമച്ചെറുനർത്തകിയെ
നിർന്നിമേഷാക്ഷിയാൽസ്സാദരം വീക്ഷിച്ചു
നിന്നിതു ദാസിമാർ നാലുപാടും.

ചൊല്പ്പൊങ്ങും ശില്പികൾ കാഴ്ചയായയ്പ്പിച്ച
കല്ലൊമ്പനാനതൻ മസ്തകത്തിൽ
കുങ്കുമരേഖ കുറിച്ചാറ് കുറച്ചിട
ചെങ്കുളിർകൈക്കൊണ്ടക്കൊച്ചുറാണി;
'കാണട്ടെ നിന്നുടെ പന്തടിയൊന്നെ'ന്നു
വേണാസ്വരത്തിലുരച്ചു പിന്നെ
തൻപന്തു വെച്ചുകൊടുത്തിതു കാഞ്ചന-
പ്പെൺപാവയൊന്നിൻ കരാഞ്ജലിയിൽ;
സ്ഫാടികച്ചെപ്പിൽപ്പെറുക്കി നിറച്ചുള്ള
മോടിയിണങ്ങുമിലഞ്ഞിപ്പൂക്കൾ

Digitized By Kerala Sahitya Akademi

പട്ടുനൂലൊന്നിന്മേൽക്കൊക്കയായ് പിമ്പവൾ
കട്ടിയ്ക്കു കൈവിരൽ നൊന്തീലല്ലീ!

തൽക്കളിക്കുന്നിൻ മുകൾത്തട്ടിൽനിന്നതാ,
നൽക്കിളിപ്പാട്ടൊന്നു കേൾക്കായ്‌വന്നു:—

(കിളിപ്പാട്ട്)

വാനമേ, ഗഗനമേ,
വ്യോമമേ, സുരസിദ്ധ-
സ്ഥാനമേ, വിഹായസ്സേ,
നഭസ്സേ, നമസ്കാരം!
ചന്ദ്രാർക്കരാകും വെൺചെ-
ന്താമരപ്പൂവുകളും,
സുന്ദരതാരങ്ങളാം
നൈതലാമ്പലുകളും
വിരിഞ്ഞുപൊന്തും മഹാ-
വിസ്തീർണ്ണതടാകം നീ!
ഗരുഡത്തങ്കക്കപ്പൽ
ചരിയ്ക്കും സമുദ്രം നീ!

വാനമേ—

ചിലപ്പോൾ പെരുകൊണ്ടൽ-
ത്തമാലവിപിനം നീ;
ചിലപ്പോൾ സിതമേഘ-
മണലിൻകടൽപ്പുറം!

Digitized By Kerala Sahitya Akademi

ചിലപ്പോഠം സന്ധ്യാരാഗ-
സിന്ദൂരമണിയും നീ;
ചിലപ്പോഠം വെറുംചാരം
പരക്കെപ്പൂശിട്ടും നീ!

വാനമേ—

നിന്മഹിമാവാക്കോതാം?
നീ തന്നെ നിത്യം ശുദ്ധം
നിർമ്മലം സമം ശാന്തം
സർവ്വഗം പരബ്രഹ്മം!
ആദിമദ്ധ്യാന്തഹീന-
മാനന്ദപ്പരപ്പു നീ;
സ്വാതന്ത്ര്യപ്പടപ്പു നീ:
സ്വാച്ഛന്ദ്യവിരിപ്പു നീ!

വാനമേ —

'അയ്യയ്യാ, കേട്ടില്ലേ, നമ്മളെപ്പോലെ താ_
നിയ്യോമൽത്തത്തകഠം സംസാരിപ്പൂ!
കയ്യിലാക്കേണമിവററിനെ'യെന്നാള-
ത്തയ്യലാഠം ഖേലനകൌതുകത്താൽ,
താനിതു ചൊന്നപ്പോഴേയ്ക്കും ഹാ,—മററെന്തു,
വാനിൽപ്പറക്കുന്ന പക്ഷിയേയും
മററത്തെശ്ശാഖിതൻ പച്ചിലയാക്കുന്നു
കൊട്ടാരക്കെട്ടിലെക്കാംക്ഷിതങ്ങഠം!—

Digitized By Kerala Sahitya Akademi

അത്യത്സുകാക്ഷിയാം രാജകുമാരിതൻ
ഭൃത്യമാരോടിപ്പോയെങ്ങിനെയോ,
വാരഞ്ചും വാനത്തെ വർണ്ണിച്ചു പാടിയ
കീരയുഗളത്തെക്കൊണ്ടുവന്നു.
പാലൊത്തൊരാഹ്ലാദഹാസം പരന്നിതു
ബാലതൻ പാടലവായ്മലരിൽ:
അമ്മുത്താ,മാണിക്യമായ്ച്ചേർന്നാതൊഴന്നന്യേ.
സമ്മാനം വേലക്കാർക്കെന്തു വേണ്ടു?

ആശ്ശുകദമ്പതിമാരെ— പ്രകൃതിത-
ന്നഗ്ര്യമരകതക്കല്ലുകളെ —
മണ്ടിയണഞ്ഞിരുകയ്യിലും മേടിച്ചു
കൊണ്ടൊടിസ്സിദ്ധാൎത്ഥയായിപ്പെതൽ,
തൂമണിമാലകളാടിക്കളിച്ചു ത-
ന്നോമനമാറത്തു ചേർത്തുവെച്ചാൾ;
തൻപൂങ്കവിളിലവററിൻെറ കൊക്കിനാൽ
ചെമ്പവിഴത്തെപ്പതിച്ചു നിന്നാൾ;
പച്ചവില്ലീസ്സിനു തുല്യമവയുടെ-
യച്ഛകളേബരം മാറി മാറി,
ചേർത്തുമതിലേറെ മാർദ്ദവം ചേർന്ന തൻ-
കൈത്തളിർകൊണ്ടു തഴലാടിക്കൊണ്ടാൾ;
'എൻെറയിപ്പട്ടുനൂൽത്തത്തയെക്കാളിവ-
യെത്ര നന്നെ'ന്നു പുകഴ്ത്തിച്ചൊന്നാൾ.
വിശ്വകർമ്മാവിനും കൈവന്നിട്ടില്ലല്ലോ
വിശ്വവിധാത്രിതൻ ശില്പഗ്രന്ഥം:

Digitized By Kerala Sahitya Akademi

'ആവൂ, വിശപ്പില്ലേ! കാച്ചിയ പാലിതാ,
തൂവെള്ളിക്കിണ്ണത്തിൽത്തേൻകുഴമ്പും;
നല്ല പഴങ്ങളുമാവോളം ഭക്ഷിച്ചു
വല്ലതും മുൻമട്ടിൽസ്സംസാരിപ്പിൻ!'
പ്രീതിയാലീവക സ്വാഗതക്കൊഞ്ചലോ-
ടാതിത്ഥ്യം പെൺകിടാവാരംഭിയ്ക്കേ,
വീതിയുള്ളാകാശം ചുററുമജ്ജീവികൾ
ഭീതിപൂണ്ടന്യോന്യം നോക്കി വീണ്ടും:
ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനംതന്നെ പാരിൽ!

* * * *

ആ വിദേഹേശൻെറ പട്ടമഹിഷിയാം
ദേവിയരമനയ്ക്കുള്ളിലപ്പോൾ,
വിസ്തൃതമായൊരു ശാലയിലേകയായ്
വിശ്രമം കൊള്ളുകയായിരുന്നു.
ചുററിലുമങ്ങൊരു സാത്ത്വികശാന്തത
ചുററിയിരുന്നതിൻ നിർമ്മലത്വം
അങ്ങെഴും രാജാർഹാഡംബരലക്ഷ്മിതൻ
തുംഗസ്തനങ്ങളിൽബ്ഭസ്മം പൂശി!
സേവനവ്യഗ്രമാരായ സഖികൾ തൻ
കൈവളച്ചാർത്തിൻ കിലുക്കംപോലും
അപ്പുരാന്തത്തിലെസ്സൌമ്യനിശ്ശബ്ദത-
യ്ക്കല്പവും ഭംഗം വരുത്തിയില്ല.

Digitized By Kerala Sahitya Akademi

മൈത്രേയി ചൊല്ലിക്കൊട്ടത്തോരു വേദാന്ത-
സൂത്രത്തെച്ചിന്തിച്ചുകൊണ്ടിരിയ്ക്കേ
നേത്രങ്ങൾകൊണ്ടും സമാസ്വാദ്യമായ്ക്കുന്നു
ധാത്രീശപത്നിയ്ക്കാ ബ്രഹ്മാനന്ദം:
ഏതാനും കോത്തോരിലഞ്ഞിപ്പൂമാലയെ-
ത്തോൾതന്നിൽത്തൂക്കിയിട്ടക്കുമാരി
വെമ്പിപ്പാഞ്ഞിങ്ങോട്ടു വന്നെത്തുന്നുണ്ടൊ,രു
പൊൻപൂവു കാററിൽപ്പറക്കുംപോലെ.
'കാടൊല്ലേ, വീണുപോ'മെന്നല്ലീ കേഴുന്ന-
തേടലർത്തുക്കാലിൽപ്പൊന്തളകൾ!
'താങ്ങുമോ നമ്മെയിതെ'ന്നല്ലീ പേശുന്നു
താന്തമദ്ധ്യത്തിലെക്കിങ്ങിണികൾ!

പൂമാതിൻപിമ്പേ സമൃദ്ധികളെന്നപോ-
ലോമലിൻകൂടെയുള്ളദ്ദാസിമാർ
ദൂരാൽ വണങ്ങിയ ദേവിയുഴറോടേ
കൈരണ്ടും നീട്ടിയടുക്കലെത്തി
വാരിയെടുത്തു കുമാരിയെത്തൻകുളിർ-
മാറിലണച്ചു പുണന്നു ഗാഢം,
തൂവിയപ്പാകുന്ന തേനോലുമാനന-
പ്പൂവിൽത്തെരുതെരെച്ചുംബിയ്ക്കയായ്.

മററത്തെപ്പൂങ്കാവിൽ ക്രീഡിപ്പാൻ പോകുന്ന
കററാക്കിടാവിനെക്കണ്ട നേരം,

Digitized By Kerala Sahitya Akademi

ഒട്ടേറെ നാളായ്പ്പിരിഞ്ഞൊരു കുട്ടിയെ-
ക്കിട്ടിയ മാതാവിൻ ഭാവമത്രേ,
സീമാതിഗാനന്ദമഗ്നയാം രാജ്ഞിതൻ
പ്രേമാർദ്രവക്ത്രത്തിൽ പ്രോല്ലസിച്ചു!
ഉൽക്കണ്ഠയാനീരിന്ന നാഴികവട്ടയെ
മുക്കുവാൻ കാൽക്ഷണംപോലും വേണ്ടാ!

അമ്മയ്ക്കു ലാളനമേളം വളർത്താനി-
ന്നമ്മകളക്ഷമയായിരുന്നു:
ആരാമവൃത്തം കഥിയ്ക്കുവാനുണ്ടവൾ-
ക്കാരോമലാളതിന്നാരംഭിച്ചു:—
'അത്തത്തയെന്തസത്താണമ്മേ! രാമൻ വ-
ന്നമ്മതൻ കുഞ്ഞിനെ വേൾക്കുമത്രേ!
ഞാനതു സമ്മതി—' രാജ്ഞിയാൾ ചോദിച്ചു:—
'ജാനകി ചൊൽവതെന്തംബാലികേ?'
അദ്ധാത്രി ചൊല്ലിനാൾ: 'വാല്മീകിതന്നുടെ
സിദ്ധാശ്രമത്തിങ്കൽനിന്നിവിടെ:—
(വാല്മീകിശബ്ദത്തിൽത്താമരമൊട്ടായീ
വൈദേഹറാണിതൻ പാണിയുഗം)
'രണ്ടു നൽത്തത്തകൾ വന്നു മലർക്കാവിൽ;
ഉണ്ടവയ്ക്കൈശ്വര്യം വാക്ചാതുര്യം—'
'നമ്മെപ്പോലാണവ ഞായം പറവതെ'-
ന്നമ്മണിപ്പൈതലിടയ്ക്കു ചൊല്ലി,
'ഓമനേ, ധാത്രി കഥിയ്ക്കട്ടേ; നില്ക്കുകെ'-
ന്നാ മധുസ്യന്ദം നിറുത്തി രാജ്ഞി—

Digitized By Kerala Sahitya Akademi

'ഭാവികണ്ടമ്മുനി തീർത്ത രാമായണ-
മാ വിഹംഗേന്ദ്രക്ക് കേട്ടറിയാം;
പ്രൌഢിമത്താമതിൽനിന്നൊട്ടു പദ്യങ്ങൾ
പാടിനാർ സീതയ്ക്കു കേൾപ്പാനവർ:
ശ്രീമദ്ദശരഥരാജതനൂജനാം
രാമൻ നിസർഗ്ഗാഭിരാമരൂപൻ
ജാനകിക്കുട്ടിയെ വേൾക്കുമെന്നോതുന്നു
ജ്ഞാനവാൻ വാല്മീകി; ഭാഗ്യം, ഭാഗ്യം!'
അക്കന്യാമാതാവിൻ കണ്ണിൽത്തേൻ പെയ്തു.. 1
തുൽകൃഷ്ടജാമാതൃലാഭഗീതം!

ഓമൽ ചോദിയ്ക്കയാണെ,'ന്തിനീ വാല്മീകി
രാമനെക്കൊണ്ടെന്നെ വേൾപ്പിയ്ക്കുന്നു?'
അമ്മ സമാശ്വസിപ്പിച്ചു:— പെൺകുട്ടികൾ-
ക്കമ്മട്ടിലുണ്ടൊരു കർമ്മം കുഞ്ഞേ.'
കന്യക തീർമാനം ചെയ്തു:—'മററാരും വേ-
ണ്ടെ,ന്നെയെന്നമ്മതാൻ വേട്ടാൽ മതി!'
പൊട്ടിച്ചിരിച്ചുപോയ് സർവ്വരും; കുട്ടിയോ,
കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം.

—**—

Digitized By Kerala Sahitya Akademi

# 11. ജാതകം തിരുത്തി

ഉമർ, ഭവാന്തരിയ വാളൊടേവനെ-
സ്സമാക്രമിപ്പാൻ നടകൊൾവു സത്വരം?
ക്ഷമായുധംകൊണ്ടരിശത്തെ വെല്ലുയാം
സുമാനുഷർക്കുററ ജയം ജഗത്തിതിൽ.

കരാംകകം മേവിന ശാന്തിലക്ഷ്മിതൻ
കരസ്ഥകേളീമുകുരം ത്വദാനനം;
വിരഞ്ഞതിങ്കൾശ്ശിവനേ, ചുകന്ന ക-
ല്ലരച്ചു തേച്ചാനൊരമർഷമർക്കടൻ!

ചിരന്തനാമ്നായകുശീലനാർഹമീ
സ്സുരമ്യഹാസത്ത്വഗ്രണം തവാധരം
ദുരന്തമാം ക്രോധപിശാചമന്ത്രമോ
പരം ജപിക്കേണ്ടതധീരമാം വിധം?

സ്തുതിച്ചുകൊണ്ടേതൊരു കണ്ഠസീമ്നി തേ-
ന്നതിന്ന് നീലോൽപലമാല ചാർത്തണം,
അതിങ്കലിപ്പാമ്പെതിർവാൾ മയക്കുവാൻ
മുതിർന്നുവല്ലോ മുഴുപാപി പോലെ നീ!

Digitized By Kerala Sahitya Akademi

അഹമ്മുഖപ്പൊൻകതിർപോലെ പോന്നവൻ
മുഹമ്മദ;– പ്പേരിനിതാ; നമസ്കൃതം! —
സഹസ്രവാളായ തമിസ്രരേഖയാ
മഹസ്സിനെന്തുണ്ടു? ത്രമോൽപ്പതില്ല നീ.

അതല്ല തെറ്റെന്തു നബിയ്ക്കു: ജീവനാ–
മൃതം മൃതക്കായിഹ കൊണ്ടുവന്നതോ?
മതസ്ഥിതൻ നിന്നൊടു സത്യമൂർത്തിതൻ
സ്വതന്ത്രസന്ദേശമുരച്ചിടുന്നതോ?

ഫലം പെറും പാരിതെവൻ്റെ തോട്ടമു–
ജ്ജ്വലർക്ഷമാം വാനമെവൻ്റെ പൂവനം,
അലംഘ്യഭ്രൂമാവവനോ ദൃഢം തവാ–
വലംബമെന്നൊന്നുരചെയ്തുപോയതോ?

'പരസ്വമാകുന്ന പിശാചധർമ്മമീ
നരൻ നടന്നോ'ന്നു സഹിപ്പൂ നീയഹോ,
പരൻ്റെ ചോരയ്ക്കസിനാവു നീട്ടി നി–
ർഭരം കുതിയ്ക്കുന്ന പിശാചിനൊപ്പമേ!

'ഒഴുക്കിടൊല്ലാ സമസൃഷ്ടരക്ത'മെ–
ന്നഴക്കറുംമാറൊലിചെയ്തവൻ്റെ താൻ
കഴുത്തിൽനിന്നാകണമോ, സുവിഭ്രമം
മുഴുത്ത നിൻവാളിനു കുങ്കുമാർപ്പണം!

വരൂ സഖേ സോദര, പിന്തിരിയ്ക്കുകീ–
ഗ്ഗുരുദ്രുഹദ്രോഹപഥത്തിൽനിന്നു നീ:

Digitized By Kerala Sahitya Akademi

നിരൂപിയാതേ നരകം വരിയ്ക്കുയോ,
പ്രുത്സവം വിണ്ണുരുൾവോനിൽനിന്നു നാം?

തിരിഞ്ഞുനോക്കാതെയവൻ വിവേകമായ്
പ്പിരിഞ്ഞിരുട്ടത്തുഴറിഗ്ഗമിയ്ക്കവേ,
ശരിയ്ക്കു വീക്ഷിച്ചിതു സർവ്വസാക്ഷിതൻ
വിരിഞ്ഞ രാക്കണ്ണുകൾ വാനിൽനിന്നഹോ!

കടുത്ത ജിന്നിൻവിളി കേട്ട സൽഗ്ഗുരു-
ക്കൊട്ടുംകൊലയ്ക്കല്ലിലവൻ കുതിയ്ക്കവേ,
അടുത്തു ഖദ്യോതമിഷേണ, പാപിയെ-
ച്ചുടുന്ന ചെന്തീപ്പൊരി പാറി ചുററുമേ!

പെരുത്തു നൂററാണ്ടിനിടയ്ക്കൊരിയ്ക്കലീ
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരുററ വൃക്ഷത്തെ നടുന്നു, പാന്ഥരായ്
വരുന്നവർക്കുത്തമവിശ്രമത്തിനായ്;

ഭൃശാഭിമാനാലവരോ, കൃതഘ്നര-
സ്സ്വശാഖിതൻ നേക്കു കഠാരി വെയ്ക്കയായ്:
നിശാതമയ്യോ, തവ തൃഷ്ണ, കൃസ്തുവിൻ-
പ്രശാന്തരക്തത്തെ നുകന്നു ലോകമേ!

അശീതനിശ്വാസമൊടാശു ചോകുമാ-
വശീന്ദ്രസംഹാരപരൻ വഴിയ്ക്കുതാ,
നിശീഥനിശ്ശബ്ദതയെസ്സുഖോചിതം
കൃശീകരിയ്ക്കുന്നൊരു പാട്ടു കേട്ടിതേ!

6*

Digitized By Kerala Sahitya Akademi

പരാർദ്ധ്യമാമപ്പുരുസൂക്തസപ്തക-
സ്വരാഢ്യമാഹമ്മദവേദഗീതിയിൽ
സ്ഥിരാദരാൽ വീർപ്പമടക്കി നിന്നിതോ
മരാമരംപോലെ സമീരണം തദാ!

തുടന്നുപോയ് തന്നളിയന്റെ വീട്ടിലും
സ്ഫുടം കുറാൻവായനയെന്നു കണ്ടുടൻ
വിടന്ന കണ്ണാൽച്ചുടുതീയ്യുതിർത്തവൻ
കടന്നിതങ്ങോട്ടു കരാളരൂപനായ്.

പരുത്ത വാളോങ്ങി യമാഭനാമുമാർ
വരുന്നതീക്ഷിച്ചുടൻ, തന്റെ ജീവനെ
ഇരുട്ടിലെങ്ങാനുമൊളിച്ചുവെയ്ക്കുവാൻ
തെരുന്നനെപ്പാഞ്ഞു മറഞ്ഞു ഗായകൻ!

വരൻ ഭയപ്പെട്ടു പകച്ചു നില്ക്കവേ,
പുരന്ധ്രിയാം 'ഫാത്തിമ' പുണ്യശീലയാൾ
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരഃസ്ഥനാം മൃത്യുവിനച്ചു നല്കിനാൾ!

വളം മനോജന്നരുളുന്ന യൌവന-
പ്പുളപ്പിലും ശാന്തത പൂണ്ട തന്വിയാം
മിളത്സരോമാഞ്ചകപോലപാളിയായ്
വിളങ്ങി, വേദശ്രവണോത്ഥഭക്തിയാൽ.

'പരം പവിത്രം തവ ദീർഘലോമശിതൻ
ശിരസ്സു കൊയ്യുന്നതിനുള്ള വാളിതാ;

Digitized By Kerala Sahitya Akademi

'അരക്ക, മുല്ലാടിതു നിന്റെറ ശോണിതോൽ-
ക്കരത്തിൽ മുക്കിക്കഴുകുന്നതുണ്ടു ഞാൻ.'

ഇതിൻവണ്ണം ഗജ്ജിച്ചതിഥി ഗ്രഹനേ-
താവിനെതിരായ്
പ്പതിപ്പിച്ചാൻ ഖഡ്ഗം; പ്രണയിനി തട്ട-
ത്താളതിടയിൽ;
അതിൽപ്പൊൻപൂമെയ്യിന്നഹഹ, മുറിപെ-
ട്ടുക്കിലൊഴുകീ,
സതിത്തയ്യിന്നാത്മേശചരനിയലും
രാഗവിഭവം!

ക്ഷീണം മെയ്യും മനസ്സും ഖല്വണയുണരുമമാ-
ക്രമപാതക്ഷണത്തിൽ;-
ക്കാണപ്പെട്ടില സാധ്വിയ്ക്കുടയ മുഖ-
ത്തല്പവും ഭാവഭേദ.!
'പ്രാണൻ പോയാലുമിസ്ലാംമതമിതു വെടിയാ
ഞങ്ങളെ'ന്നാഠം മണിപ്പൊൻ-
വീണയ്ക്കൊക്കും സ്വരത്തോടവറം; സഹജനതാ,
മറെറാരാളായ്ച്ചമഞ്ഞു:

മങ്കപ്പൂൺപോട്ട 'മാപ്പെ'ന്ന, വനരിയ കുറാൻ-
ഗ്രന്ഥമത്ഥിച്ചു, ഹിംസാ-
പങ്കം പോക്കാൻ ജലത്താൽക്കഴുകിയ കരതാർ-
കൊണ്ടു മേടിച്ചു ഭക്ത്യാ—

Digitized By Kerala Sahitya Akademi

തങ്കം പോലാം വിളക്കിൻതിരികൾ നിഭൃതമായ്
നിന്നുകത്തീ!—സമീപ-
ത്തിങ്കൽക്കാൽമട്ട കുത്തിപ്പെരുത്തുരു നബിയാം
ദേവനെക്കൈവണങ്ങീ!

വിരുദ്ധമതി വിട്ടൊഴിഞ്ഞ,ത്തു
ദിനം മുതല്ക്കാസ്ഥയാ
ഗുരുത്തലവനെബ്ഭജിച്ചനഘ-
ശിഷ്യനായാനയാൾ;
പെരുത്ത മൊഴിയെന്തിന,സ്സതി
തെളിഞ്ഞ തൻചോരയാൽ-
ത്തിരുത്തിയെഴുതീ ക്ഷണാൽ സഹ-
ഭവൻെറ മുൻജാതകം!

—**—

Digitized By Kerala Sahitya Akademi

## 12. നാം സ്വാതന്ത്ര്യമടയാവൂ

(കേക)

അഹിംസാപരധർമ്മ,-
മഖിലാഗമമർമ്മ,-
മഹിതാഹവവർമ്മ,-
മഭയകൃഷികർമ്മം
ലോകത്തെപ്പഠിപ്പിച്ച
സൽഗുരോ, നരകത്തിൽ
നാകത്തെപ്പണിചെയ്ത
വിശ്വകർമ്മാവേ, തൊഴാം!

തുംഗമൂർത്തിയാം ഹിമ-
വാങ്കൽനിന്നുളവായ
ഗംഗയെ ലഭിച്ചോരു
ലോകവും ചിരകാലം
കാത്തിരുന്നിതു തൃഷ്ണാ-
ശാന്തിയ്ക്കു, മഹാത്മാവേ,
പേർത്തങ്ങന്നൊഴുക്കിയ
ധർമ്മശ്രീ സരിത്തിനെ!

Digitized By Kerala Sahitya Akademi

ക്ഷുത്തിനാൽ ചാകാൻ
പോകും പുലിയ്ക്കു സമപ്പിച്ചു;
നിസ്തക്കം സ്വദേഹത്തെ-
പ്പൂവ്ജന്മത്തിൽ വെച്ചുവാൻ;
ഇജ്ജന്മത്തു,ലകത്തി-
നൊക്കയും സംതൃപ്തിയ്ക്കായ്,
നിജ്ജരന്മാരും തേടും
ജ്ഞാനപീയൂഷം നല്കീ!

ശ്രീയുതശുദ്ധോദന-
ക്ഷ്മാപൻെറ മഹിഷിയാം
മായതൻ മണിക്കുഞ്ഞേ,
മംഗളം കൃപാരാശേ!
മുന്നമേതിളംതൃക്ക-
യ്യ,മ്പോറ ഭുവി വീണൊ-
രന്നത്തിൻ മുറിപ്പാടി-
ലലിവു പുരട്ടിയോ,

അക്കരം സംസാരാസ്ത്ര-
വിദ്ധമാം ജഗത്തിനെ-
യൊക്കെയും തലോടുമെ-
ന്നാശംസ്സർ സുരരന്നേ!
കടുവേഗത്തിൽച്ചുററും
ജനനമൃതിചക്രം
പിടിച്ചുനിത്താൻ പോന്ന
ബുദ്ധൻെറ കരാഗ്രത്താൽ.

Digitized By Kerala Sahitya Akademi

സ്വന്തമാം രാജ്യത്തെങ്കോ-
ലെടുപ്പിപ്പതിന്നപ്പാ-
ടെന്തെന്തു വൃഥാ ചെയ്തീ-
ലാത്മജപ്രിയനച്ഛൻ?
പുത്രനു പുറംകാററാ-
ലാടൽ ചേരാസ്സാൻ ചൂഴെ-
പ്പുത്തനാം മതിൽ കെട്ടീ
രാജകീയൈശ്വര്യത്താൽ;

ആദിത്യത്തെരുവിൽച്ചെ-
ന്നരുമ്മുമത്തും ശക്ത-
മായീലാ കുമാരന്റെ
കനിവിൻചാട്ടം നിത്താൻ!:
രാജപൂരുഷർ തിര-
ഞ്ഞെടുത്തു നിയമിച്ച
രാജീവമുഖികൾതൻ
തേനൊലിഗ്ഗാനങ്ങളും,

കച്ചണിമുലമാർതൻ
കരമാർദ്ദവം ഭുജി-
ച്ചുച്ചത്തിൽ വാഴ്ത്തും
മൃദംഗാദിതൻ നിനദവും,
പവിഴക്കഴൽകളാൽ
നരചിത്തത്തെയിട്ടു
ചവിട്ടും നടിമാർതൻ
പൊന്തളക്കിലുക്കവും,

Digitized By Kerala Sahitya Akademi

ആ യശോധരയുടെ-
കേളിസല്ലാപം—സാക്ഷാ-
ലായതപ്രണയത്തിൻ
വീണവായന- പോലും
ലോകത്തിൻ കരച്ചിലുൾ-
ച്ചേർന്നതാണത്രേ കേട്ടു
ശോകഹർത്താവശ്ശാക്യ-
ക്കൊച്ചുതമ്പുരാൻ നിത്യം!

നാട്ടിലെങ്ങുമവൻ കാണും
സംസാരജ്വരൌഷധി
കാട്ടിൽത്താൻ തിരയേണ-
മെന്നുറച്ചിരവിങ്കൽ,
'വിശ്രമവന'മാകും
വിണ്ണിൽനിന്നെന്നെയ്ക്കുമാ-
യശ്രമം പുറപ്പെട്ട
ദേവന്നു വഴി നല്കാൻ,

ഏററമാളുകൾകൂടി-
സ്സാക്ഷ നീക്കേണ്ടും ലോഹ-
ക്കോട്ടവാതിലുകളും
തനിയേ തുറന്നല്ലോ;
തുറന്നിതതോടൊപ്പം,
ഭാവബന്ധാതങ്കങ്ങൾ
നിറഞ്ഞ ജഗത്തിന്നു
മോക്ഷത്തിൻ കവാടവും!

Digitized By Kerala Sahitya Akademi

ഛന്ദക, നിന്മട്ടൊരു
ഭൃത്യനാർ സർവ്വസ്വവു-
മൊന്നായി വെടിഞ്ഞുപോം
സ്വാമിയ്ക്കു തുണനിന്നോൻ?
കാന്തക, കാമാദ്യരി-
പ്പടയോടടർവെട്ടാൻ
താൻതാൻ പോം സുധീരനെ
വഹിച്ചോരേകാശ്വം നീ!

താവകപദങ്ങളി-
ലിന്നുമപ്പിയ്ക്കുന്നുണ്ടാം
ദേവകൾ പൊന്താമര-
പ്പൂക്കളെദ്ദൃഢഭക്ത്യാ!
രമണവിശ്ലേഷാശ്രു-
കൊണ്ടുതാൻ യശോധരേ,
'സമഭിഷിക്തയായ്' നീ
ലോകാംബാപദത്തിങ്കൽ:

രാഹുലകുമാരനു
മാത്രമല്ല,തിമാത്ര-
സ്നേഹത്താൽ സകലക്കും
താതനീ ത്വൽപ്രാണേശൻ!
മുക്കണ്ണൻ തപം ചെയ്ത
ദേവദ്രുത്തറയണ-
ഞ്ഞുൽക്കടാപത്തിൽപ്പെട്ട
കന്ദപ്പൻ, കട്ടദപ്പൻ,

Digitized By Kerala Sahitya Akademi

പ്രതിയാം സിദ്ധാൎത്ഥൻെറ-
യരയാൽച്ചുവട്ടിൽനി-
ന്നതിലും താപപ്രദ-
മായ ദൃശ്യം കാണാൻ!
ആഴിതന്നടിയിലെ-
ക്കൂരിരുൾപ്പിശാചുക്കൾ
ചൂഴെ വന്നുതിക്കെട്ടി-
ത്തീട്ടുവാൻ നില്ക്കുന്നതേ!

നമ്മുടെ ഗുരുദേവൻ
കൊളുത്തിവെച്ചാൻ ഹന്ത,
നിൎമ്മലം വിദ്യാദീപം
നിസ്തുലം നിരാകമ്പം!
വെൺകൊററക്കുട വെടി-
ഞ്ഞരണ്യമരത്തണ-
ലിങ്കലേയ്ക്കോടിപ്പോന്നു,
ജടയാം മുടി ചാൎത്തി,.

സൎവരാജ്യങ്ങളിലും
സൎവദേശങ്ങളിലും
ദിവ്യസമ്പത്താം ധൎമ്മം
വാരിവൎഷിച്ച ഭവാൻ
ഏതൊരു ഭാണ്ഡാഗാര-
ത്താലുമാവതല്ലാത്ത
ദാരിദ്ര്യമല്ലോ നേടീ
തന്നുടെ പിച്ചത്തൊണ്ടാൽ!

Digitized By Kerala Sahitya Akademi

സുഗത, തഥാഗത,
സുഭഗപ്രേമാത്മാവേ,
ഭഗവൻ, നമസ്കാരം
ഭാരതപരമർഷേ!
തന്തിരുവടിയുടെ
തത്ത്വോപദേശംകൊണ്ടു
ബന്ധനമഴിച്ചു നാം
സ്വാതന്ത്ര്യമടയാവൂ!

—**—

Digitized By Kerala Sahitya Akademi

# 13. പാപമോചനം

ആയിരമായിരമാണ്ടിനുമുമ്പുള്ള-
തായിതോ ചിക്കെന്നു മാമകജീവിതം:
സത്യം, സമത്വം, സ്വതന്ത്രത, നൌഭ്രാത്ര-
മിത്യാദികൊണ്ടു നിറഞ്ഞൊരു പാരിതാ,
എന്മിഴിമുന്നിൽപ്പരന്നുകിടക്കുന്നു,
വെണ്മ തിരണ്ട വിഹായസ്സു പോലവേ!
അഭ്രസ്ഥിതനായ ചന്ദ്രന്റെ കാന്തിയോ,
അഭ്യാഗതനായ ഗാന്ധിതൻ ശാന്തിയോ,
പാലൊഴുക്കീടിന 'സത്യഗ്രഹാശ്രമ'-
ശാലാങ്കണസ്ഥലം പുക്കേനുഷസ്സിൽ ഞാൻ.
വൈക്കത്തെയമ്പലത്തിനുള്ളിൽനിന്നുടൻ
കേൾക്കായി മന്ദ്രമാം യാമശംഖസ്വനം:
എന്നാശതൻ ജയശംഖൊലിതാനിതെ-
ന്നെൻ നെഞ്ചു നൃത്തം ചവുട്ടീ തെരുതെരെ!
മിത്രങ്ങളേ, ലോകയാത്രയിൽ മുമ്പെത്ര-
യെത്ര രാക്കായൽ കടന്നിരിക്കുന്നു ഞാൻ;
എന്നാൽ, ശരിയാം പ്രഭാതത്തിലെൻ വഞ്ചി-
യിന്നാണു നൂനമണഞ്ഞതൊന്നാമതായ്!

Digitized By Kerala Sahitya Akademi

തത്ത്വമാൎഗ്ഗാചാൎയ്യസാന്നിധ്യപൂതമാം
സത്യഗ്രാഹാശ്രമത്തിങ്കലേയ്ക്കഞ്ജസാ
എത്തിനോക്കീ പുലർവേളയകലെ നി-
ന്നുത്തമാഹ്ലാദാൽത്തുടുത്ത കവിളുമായ്;
ഭക്ത്യശ്രു തൂകി ഹിമത്താല, ഭിനവ-
ബുദ്ധനെക്കാണ്മവാൻ വെമ്പിന ദിക്കുകൾ!
സൎവ്വം പ്രബുദ്ധം, പ്രസന്നം; മുടനെയ-
ദ്ദിവ്യഗുരുപാദം കാണായിവന്നു മേ—
ഗാധിസുതന്റെ കടുംതപസ്ഥൈൎയ്യവും,
മൈഥിലേശന്റെ മഹാകൎമ്മയോഗവും,
ദേവവ്രതന്റെ ധൎമ്മാഹവശൌൎയ്യവും,
ശ്രീവിദുരന്റെ ഹിതോക്തിപടുത്വവും
ഒത്തൊരുമിച്ചൊരു പൂരുഷാകാരമാം
ഭദ്രതേജസ്സിൻ സമീപത്തിലെത്തി ഞാൻ!

കിട്ടീലിടമെനിയ്ക്കാൾത്തിക്കു;മൂലമ-
ശ്ലിഷ്ടന്റെ മുന്നിൽ വടിപോലെ വീഴുവാൻ
തൊട്ടു തലയിൽ വെയ്ക്കാനേ കഴിഞ്ഞുള്ളൂ
പട്ടുപോലുള്ളപ്പവിത്രപദതലം;
കഷ്ടമെൻ പുണ്യപ്പുഴക്കള്ളു: കാശിയിൽ-
ദ്ദിഷ്ട്യാ ഗമിയ്ക്കിലും മുങ്ങീല ഗംഗയിൽ!
അത്തിരുമേനിതൻ മൈത്രീമസൃണമാം
വക്ത്രമെൻനേക്കൊന്നു പുഞ്ചിരിക്കൊൾകവേ,

Digitized By Kerala Sahitya Akademi

ശുദ്ധമേ താമസനാമെങ്കിലും തെല്ല
സത്ത്വഗുണാംശം പുരണ്ടതായ്ത്തോന്നി മേ!
ഏകനാമാരിലോ ശാശ്വതൈശ്വര്യ,മ-
ത്ത്യാഗപ്പെരുമാളകിഞ്ചനബാന്ധവൻ
മുട്ടോളമെത്തും ചെറുഖദർമുണ്ടൊന്നു
ചുററിയദ്ധ്യാധികനഗ്നനായ് വാഴ്കവേ,
കൃത്തിവസനനാം വ്യാഘ്രാലയേശ്വരൻ
പ്രത്യക്ഷനാവുകിലുണ്ടാമുഴറെറാട്ടം
മണ്ടിവരുന്നു, തൊഴുന്നു, കിടാങ്ങളെ-
ക്കൊണ്ടു തൊഴുവിച്ചിട്ടുന്നു ജനോൽക്കരം!

ആശ്രമം വിട്ടു നടക്കൽ വന്നപ്പൊഴെൻ
കാഴ്ച— ഹാ, പാഹി മാം ദേവി, സഹിച്ചതേ!
ശ്രീമഹാത്മാവാൽ സുശിക്ഷിതരാകുമീ-
യോമൽക്കുമാരർതൻ ധീരശാന്താനനം
വൈലാൽ വരളുന്നതമ്മ കണ്ടീലയോ—
ഹാലാഹലോൽഗാരിയായ സപ്പത്തിനും
വെൺപാൽ കൊടുക്കുമെൻ നാടിൻെറ ഭൂതാനു-
കമ്പയാം പയ്യിൻ കറവാകെ വററിയോ!
നാകം ചൊരിയുന്ന വഹ്നിയെപ്പൊന്നഭി-
ഷേകമായേററുകൊണ്ടേതാനുമുണ്ണികൾ
ചുട്ടുപഴുത്ത മണലിലിരിക്കുന്നു,
ചട്ടുവിരിപ്പിലാംവണ്ണം സുഖിതരായ്.

Digitized By Kerala Sahitya Akademi

എന്തിനാണീത്തപം? മാനുഷരിൽച്ചില-
ക്കെല്ലാക്കുമുള്ള പെരുവഴി കിട്ടുവാൻ!
എത്ര ലജ്ജാകരം——ചായുന്നതില്ലയോ
മിഥ്യാഭിമാനമേ, നിൻതലയിപ്പൊഴും!
അദ്വൈതഭൂവിലനൈക്യം വിതച്ച നിൻ
കൃത്യപ്പിഴവു നിരൂപിച്ചു കാണുകയാൽ,
സത്യഗ്രഹികൾ തിരിയ്ക്കുന്ന ചക്രത്തി-
നെത്രമേൽ നീണ്ടീല പുഞ്ചിരിനൂലുകൾ?

ഇദ്ധർമ്മയോധർതൻ നെററിവിയപ്പായ
ശുദ്ധതീർത്ഥത്തെ നുകന്നു നുകന്നു നീ,
മർത്ത്യനെ മർത്ത്യനെക്കൊണ്ടാട്ടിയോടിയ്ക്കു-
മത്യുഗ്രപാപം വിടുത്തുകെൻ രാജ്യമേ!

—**—

Digitized By Kerala Sahitya Akademi

# 14. നാഗില

## I

ഗുരുപാദർ വെടിഞ്ഞു മൌന:—‘മാരീ-
ത്തരുണൻ ക്ലൃപ്തവിവാഹനവ്യപേക്ഷൻ?’
തിരുമുമ്പിൽ നമിച്ചു ശിഷ്യ,‘നിയ്യാ-
ളൊരു ദീക്ഷാവരനെൻകനിഷ്ഠനെ’ന്നാൻ.

അനുജാതനു മൈ തരിച്ചു: താനീ-
യനുരാഗാമൃതമാശ്രു തട്ടിനീക്കി,
അനുവേലമതാതിടത്തു ഭൈക്ഷ്യ-
ത്തിനു പാഴ്കുമ്പിളുമായ് നടക്കുകെന്നോ!

‘ഭവദേവ’നൊഴിഞ്ഞുമാറുമെമ്മ-
ട്ടു?-വനെപ്പൂർവ്വജഭക്തി കീഴടക്കി!
യുവകാല ഗൃഹീതബൌദ്ധദീക്ഷൻ
‘ഭവദത്തൻ’ ഗുരുവോടുണർത്തി വീണ്ടും:—

‘നിലയത്തിലിവൻ നവോഢയാകും
കുലകന്യയ്ക്കണിചേർക്കയായിരുന്നു;
മലർസായകചാപയഷ്ടിയിന്മേൽ-
ച്ചില ചായപ്പണി ചെയ്കയായിരുന്നു!

Digitized By Kerala Sahitya Akademi

ഭവനത്തിലണഞ്ഞു ഞാൻ തദാനീ:-
മിവനാം വാർത്തയറിഞ്ഞതോടുകൂടി,
സ്വവധൂസവിധത്തിൽനിന്നു പൂർവ്വോ-
ദ്ഭവനെക്കണ്ടു തൊഴാൻ പുറത്തിറങ്ങി,

ഗൃഹസംഗതരായ കർമ്മഭംഗാ-
സഹർ ബന്ധുക്കൾ ബലാൽ വിലക്കിയാലും
സഹസാ സമനുവ്രജിച്ചിതെന്നെ,-
സ്സഹജസ്നേഹഗുണാഭികർഷണത്താൽ.

ഇളതാം വിഷയച്ചെടിയ്ക്കു പൊന്മൺ-
വളമേകും തൊഴിൽകൊണ്ടു തൻകരത്തിൽ
വളരെച്ചളി പറ്റിനില്പതിയ്യാൾ
കളയട്ടേ, ഗുരുപാദതീർത്ഥനീരാൽ!'

കരുണാർദ്രിതനായ്ക്കനിഷ്ഠനോടും
ഗുരു ചോദിച്ചു:—'യതിവ്രതേച്ഛുവോ നീ?''
ഒരുമട്ടവനുച്ചരിച്ചു, 'പാഴാ-
കരുതെന്നായ്‌വചസ്സിതെ'ന്നുമാത്രം!

ഭവദത്തനു ചാരിതാർത്ഥ്യമായീ:
ഭവനീരാഴിയിലാഴ്വതിന്നു മുന്നേ
സ്വവരാങ്ഗജനെക്കരെയ്ക്കു കേറ്റാ-
നവനാഹന്ത, തരം ലഭിച്ചുവല്ലോ!

അരിയോരരുണാബ്ജവാപിയെന്നോ-
ന്നൊരിതീക്കണ്ടിലണഞ്ഞിറങ്ങുവോനെ



Digitized By Kerala Sahitya Akademi

പരിചോടു പിടിച്ചു മാററിയോൻതൻ
ശരിയാം നിർവ്വതി തന്മുഖത്തു മിന്നീ!

* * * *

വടിവിൽസ്സുഖഭോഗ്യമാം ഗൃഹത്തിൻ
പടികേറിബ്ഭവദേവനാം കുമാരൻ,
ഝടിതി വ്രതവേഷജീർണ്ണഭിക്ഷു-
ക്കടിലുൾപ്പൂക്കതിൽ വിസ്മയിച്ചു ലോകം!

ഉടൽ പാതിയണിഞ്ഞ പത്നിതൻ പൊൽ-
ക്കുടമൊക്കും മുലകൾക്കു, ദൈവയോഗാൽ,
സ്ഫുടമാ പ്രിയവിപ്രയോഗദുഃഖോൽ-
ക്കടബാഷ്പാവലിയായി മുത്തുമാല്യം!

ശ്രീമത്താം ഗൃഹമൊടു യാത്ര ചൊല്ലി,യാഴ്ച-
പ്രേമത്താലവനൊരു സാധുവായ് നടന്നു;
വൈമല്യം തിരളുമവൻെറ തീവ്രരാഗം
പാഴ്മഞ്ഞത്തുണിയിൽ മറഞ്ഞിരുന്നു നീണാൾ!

## II

മുട്ടാതതാതു ദിശി ചുററിയയാൾ കടന്നി-
തെട്ടാണ്ടു,യാളുടെ കണക്കിലൊരെട്ടു കല്പം;
കെട്ടാറിയില്ല വിഷയവ്യസനം തരിമ്പും:
തൊട്ടാൽ ഭവപ്പശയകത്തിഴകിപ്പിടിയ്ക്കും!

Digitized By Kerala Sahitya Akademi

ഒന്നിച്ചതാണിതിനിടയ്ക്കൊരുപാടുമാറാം–
വന്നിങ്ങു ലോകനിലയെത്ര പകന്നിരിയ്ക്കാം;
കന്നിച്ചരാഗമിവനപ്പടിതന്നെയിന്നും;
ചെന്നില്ല കാലഭഗവാന്റെ കയ്യിതിന്മേൽ!

'എന്നാളുമേ തൊടുകയില്ലിനി ഞാൻ സുവർണ്ണ–'
മെന്നാം പ്രതിജ്ഞ, 'മശശീല'പരിഗ്രഹത്തിൽ;
എന്നാൽത്തുലോമപടുവിജ്ജിനയോഗി,നെഞ്ചിൽ
നിന്നാ സ്വകാന്തയുടെ പൊന്നുടൽ നീക്കിവെപ്പാൻ.

ധ്യാനക്രിയയ്ക്കു മുറപോലെയിവൻ വിവിക്ത–
സ്ഥാനത്തിരിപ്പളവടച്ച മിഴിയ്ക്കു മുന്നിൽ,
ആനന്ദകന്ദമൊരു രൂപമുദിച്ചു കാണാം
പീനസ്തനാവനതമദ്ധ്യവിഭൂഷിതാംഗം:

നൽക്കാരകിൽപ്പുക പുണന്ന കരിംകുഴൽക്കെ–
ട്ടു,ക്കാറിനത്തിലലരാം ചില താരകങ്ങളും,
മുക്കാലുമാർദ്രത വിടാത്തൊരരക്കചാറായ്–
പ്പൊൽക്കാലടിത്തളിരിലാലുമൊളിക്കുഴമ്പും,

ഫാലത്തിലമ്പിളിമുറിക്കുറി—യല്ല, കന്ത–
ളാലംബിയാം സ്മരഭടന്റെ കുലച്ച ചാപം,
ഓലക്കമൊണ്ട കവിളത്തനുരക്തിചേടി–
യാലക്ഷ്യമാക്കിയൊരകൃത്രിമകുങ്കുമാങ്കം,

ഭംഗസ്ഫുരന്മഷി മുകന്ന ദൃഗബ്ജപത്രം,
മംഗല്യകച്ചരടുമാത്രമിയന്ന കണ്ഠം,

Digitized By Kerala Sahitya Akademi

ത്തുംഗസ്തനത്തിൽ നവചന്ദനചച്ച്, കാഞ്ചീ-
സംഗപ്രഭോദയമടുത്ത നിതംബബിംബം,

'ഉണ്ടാം നിനക്കു മുടനെ'ന്നു വളക്കിലുക്കം..
കൊണ്ടാ വലംകരമൊടോതുമിടത്തുകയ്യും —
രണ്ടാളിമാരുടെ നടുക്കിലിതൊക്കെയുള്ളിൽ-
ക്കണ്ടാൻ പലപ്പൊഴുമിവൻ ദയിതൈകചിത്തൻ!

ഓക്കായ്ക,ടക്കൽ മുതലായവയാൽ തുടച്ചു-
നോക്കായ്കയില്ല നിയമച്യുതിഭീതിമൂലം;
നേക്കാ മനച്ചുമരിലാശ വരച്ച ചിത്രം
മായ്ക്കാവതല്ലിവനു 'നാഗില'തൻ സ്വരൂപം!

ഒന്നായ് സ്വദൃഷ്ടിബലമൊക്കെയണച്ചുകൂട്ടി-
നിന്നാ യുവാവു പലവട്ടവുമുററുനോക്കീ;
എന്നാൽ വിമുക്തിയുടെ ശുഷ്കമുഖത്തു കണ്ടീ-
ലന്നാഗിലയ്ക്കുടയ സൌഭഗസൌഷ്ഠവങ്ങൾ!

'എൻനാഗിലേ, ഭവതിയെത്തഴുകാതെ, മുക്തി
വന്നാലു,മില്ല ഭവദേവനു ബന്ധമോക്ഷം;
അന്നാരിഃതാത്തു?—യതിധർമ്മമരുപ്പരപ്പിൽ-
നിന്നാണു പോൽ ചിരമൃതാപ്തി; ചതിച്ചു ശാസ്ത്രം!

ക്രൂർ കത്തുമായ്വനുടെ നേരിനു വേണ്ടിയല്ലോ,
ശോകം സഹിച്ചുമിഹ ഞാൻ വ്രതദീക്ഷയേററു;
നാകം ഗമിച്ചിതവിടുന്നി;നി ഞാനുമെൻെറ
നാകത്തിലെയ്ക്കു നടകൊള്ളുകിലെന്തയുക്തം?

Digitized By Kerala Sahitya Akademi

ധന്യാംഗി ഹാ, വിധവ നാഥനിരിയ്ക്കേയെന്ന
തന്യായമല്ലി?' പലതീവകയോർത്തൊട്ടക്കം,
മുന്യാശ്രമസ്ഥലികൾ—മുക്തിപദങ്ങൾ—വിട്ട-
സ്സന്ന്യാസി സംസൃതിയിലെയ്ക്കു തിരിച്ചുപോന്നു!

## III

ക്രമാൽ സമീപിച്ചു ചിരാഭിദൃഷ്ടിതം
സ്വമാതൃഭൂവാം മഗധം മനോഹരം;
സമാസ്വദിച്ചാൻ ധൃതിയാസ്സമുഗ്ദ്ധമാം
ക്ഷമാവിഭാഗം തൃഷ ചേർന്ന കണ്ണിനാൽ.

അതാ, നിജഗ്രാമവുമക്ഷിലക്ഷ്യമായ്
സിതാംഗഗംഗാജലസംഗനിർവൃതം,
വ്രതാഢ്യയാം നാഗിലതൻ പദാപ്പണാ-
ലതാന്തസൌഭാഗ്യ,മതീവ പാവനം!

'നമോസ്തു ഭാഗീരഥി, ഭാവുകപ്രദേ!
നമോസ്തു തേ ഭാരതജീവനാഡികേ!
അമോഘഗീരെന്തരുൾചെയ്വതമ്മ,യി-
സ്സമോഹനോമ്മിസ്വനമമ്മരങ്ങളാൽ?

അരികതമാമവ്യയവിശ്രമാസ്പദം
ശരിയ്ക്കു പൂകുന്ന വഴിയ്ക്കിറങ്ങിയാൽ,
ഒരിയ്ക്കലും ജന്മപദത്തിലെയ്ക്കു പിൻ-
തിരിയ്ക്കയില്ലെന്നുടെ കൂട്ടരെന്നതോ!

Digitized By Kerala Sahitya Akademi

അനങ്ങിടാതായ് കഴൽ മുന്നിലെയ്ക്കുവ-
ന്നനല്പമാം ലജ്ജ പിടിച്ചുമക്കയാൽ!
പുനശ്ച സന്ന്യാസി ഗൃഹസ്ഥനാവുകിൽ,
ജ്ജനങ്ങളെന്തെന്തു ഹസിച്ചുരച്ചിടാ?

'വരട്ടെ, മാഗ്ഗ്ക്ലമമാററകെ'ന്നവൻ
സുരസ്രവന്തീസുഖതോയശീതനായ്
കരയ്ക്കൊരാലിൻതണലത്തിളംതൃണ-
പ്പുരപ്പിൽ നാനാനിനവാൻ മേവിനാൻ.

ഗളന്മരന്ദം തരുവല്ലിവൃന്ദമ-
ങ്ങിളക്കമാററിൻകുളിർതെന്നൽ വന്നഹോ,
തളന്ന തന്മേനി തലോടവേ, സുഖം
വളന്നിരുന്നൊന്നു മയങ്ങിയധ്വഗൻ.

കുറച്ചു പാൽക്കൊഞ്ചൽ പരസ്പരം പൊഴി-
ച്ചു,റങ്ങുമായാറക്കപരിസ്ഥലാൽ തദാ
പറന്നുപോയ് രണ്ടുവഴിക്കു മെയ്യൊരേ
നിറത്തിലാം രണ്ടു മനോജ്ഞപക്ഷികറ.

തടഞ്ഞപോലായ് തരുണന്നു വീപ്പിട-
യ്ക്കു,-ടംപെട്ടും നെററി വിയത്തു മുററമേ;
അടഞ്ഞ കണ്ണൊട്ടു തുറന്നു; ഭിക്ഷുകൻ
നടപ്പതെന്തിന്നു പകൽക്കിനാവിതിൽ!

ഒരുറംഭ്രമാൽ, 'നാഗില നാഗിലേ'തി താൻ
തെരുന്നനെക്കണ്ണു മിഴിച്ചു നോക്കവേ,

Digitized By Kerala Sahitya Akademi

കരുന്നുമെയ്യാളവൾ ധൃൻവശത്തു നി–
ന്നിരുന്നാ ഗംഗാസലിലാർദ്രവസ്ത്രയായ്!

പിടഞ്ഞെഴുന്നേററു, 'വരൂ പ്രിയേ; തുലോം
ചടച്ചയേ ഭിക്ഷുകിയായി നീയുമേ!'
ഇടച്ചയോടേവമുരച്ചു തന്വിത–
ന്നാടല്ക്കുനേരേ യതി കൈകൾ നീട്ടിനാൻ.

'തൊടായ്ക മാം; നാഥ, തൊടായ്ക; സക്തി ഭേ–
പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ!'
സ്ഫുടാദരസ്നേഹമിതോതി, യുൾക്കനം
കെടാതെ കല്യാണിയൊഴിഞ്ഞുമാറിനാൾ.

'ക്ഷമിയ്ക്കു മേ ദേവി, സഗർഭ്യസൌഹൃദം–
നിമിത്തമായ് നിന്നെ വെടിഞ്ഞ തെററിന്നു;
സമിദ്ധസന്താപമതിൻെറ ദുഷ്ഫലം
യമിവ്രതംകൊണ്ടു ഭുജിച്ചു തീർന്നു ഞാൻ!

അമുത്രസമ്പത്തിനിഹത്തിലെദ്ധനം
വിമുഗ്ദ്ധരായ് വിററുകളഞ്ഞിടേണ്ട നാം;
നമുക്കു ഗാർഹസ്ഥ്യവഴിയ്ക്കു നേടിടാം,
വിമുക്തിയെക്കാളുമഖണ്ഡമാം സുഖം!'

പൂന്തണ്ണീരേന്തിന പുഴയുപേക്ഷിച്ചു, ചേർ–
ക്കുണ്ടുവെള്ളം
സ്വാന്തമ്മോഹാൽ ക്വചന തിരയും തപ്തിതൻ–
പോലിവണ്ണം

Digitized By Kerala Sahitya Akademi

കാന്തൻ ചൊല്ലിക്കഴിവതിനുമുമ്പോതിനാൾ
സാധ്വി:—'ഹാഹാ,
ശാന്തം പാപം: വ്രതഹതി യതിയ്ക്കാത്മഹ..
ത്യയ്ക്കു തുല്യം!

ആ രാജേന്ദ്രകിരീടം,മാ രമണിയാ,-
ളപ്പൊന്മണിപ്പൈതൽ— പ-
ണ്ടാരാഹന്ത, വെടിഞ്ഞുവോ സകലവും
സായുജ്യമാമൊന്നിനായ്,
പാരാതഗ്ഗുരുവെ സ്മരിച്ചു തിരിയേ
പോകൂ; തപോവിഘ്നമായ്-
ത്തീരായ്കാത്മപതിയ്ക്കു നാഗില, കൃതാ-
ന്താവേ, തവാനുഗ്രഹാൽ!

—**—

Digitized By Kerala Sahitya Akademi

# 15. ശുദ്ധരിൽശ്ശുദ്ധൻ

പശ്ചിമസന്ധ്യയ്ക്കുമേൽ
യാമമൊന്നര ചെന്നു;
വിശ്രമംകൈക്കൊണ്ടിട്ടി-
ല്ലനിലൻമാത്രം പാരിൽ;
ആ മഹാത്ഭുതത്തിൻെറ
രാക്കളിവിളയാട്ട-
മാരാമദ്രുമങ്ങളിൽ
സ്ഫുരിച്ചു കൂടെക്കൂടെ.

കോലായിലുമിയിട്ടു
വെച്ചൊരു നെരുപ്പോടിൽ-
ജ്ജ്വാലയായ്പ്പാളി തീയിൻ
മാരുതാഗമാഹ്ലാദം;
പെട്ടെന്നക്കലത്തിൽനി-
ന്നൊരു ചെംപൊന്നിൻപൂച്ച-
ക്കുട്ടിതൻ ചാട്ടം കാണായ് —
വീണ്ടുമതാവർത്തിച്ചു;

Digitized By Kerala Sahitya Akademi

ഒടുവിൽ, നാലാമത്തെ-
ച്ചാട്ടത്തിലിറയിന്മേൽ-
പ്പിടുത്തം കിട്ടീ, തനി-
യ്ക്കുദ്ദേശം നിറവേറി!
നില്ക്കാതെ, നെടുംധൂമ-
രേഖയാം 'കന്നക്കോൽ' പൂ-
ണ്ടക്കൃഷ്ണവർത്മാവങ്ങു
മേല്പോട്ടു കയറിനാൻ,

പുരതന്നോല പൊളി-
ച്ചകത്തു കടന്നീടും
പെരിയ കള്ളനുള്ള
ഗാത്രലാഘവത്തോടെ.
വൃദ്ധരും തരുണരും
ബാലരുമായിട്ടൊരു
പത്തുമുപ്പതു പേർക-
ളകത്തു പലേടത്തായ്

നിദ്രയിൽക്കിടക്കുന്ന
വലുതാം വീടൊന്നല്ലോ
കത്തുന്നു; പുകഞ്ഞിരുൾ-
ക്കൊളംകയായ് വാനിൻനെഞ്ചും!
ധൂമദണ്ഡത്താലഗ്നി
മോന്തായത്തൊരു താല-
ശ്യാമമാം ജയധ്വജം
നട്ടതിൻ തലപ്പത്തായ്,

Digitized By Kerala Sahitya Akademi

സ്വല്പമാം വെളുപ്പോടേ
    നേൎത്തു നീണ്ടൊരു പുക,
തൃപ്പതാക പോലാടി-
    ക്കളിച്ചു ക്ഷണനേരം.
  ഇത്തിരിയിടകൊണ്ടു
    മുകളിലെല്ലാടത്തു-
മെത്തിച്ച പെരുംകാററാ-
    ത്തീപ്പുഴയലകളെ;

ആലയമതു കിനാ-
    വിങ്കലും നിനയാത്ത
കാലദോഷത്തിൻ ജ്വാലാ-
    പാളിയാൽ മൂടപ്പെട്ടു:
ആപത്തിൻ തളിർപ്പട്ടു-
    മേലാപ്പിൻ ചുവട്ടിൽത്താ-
നാണല്ലോ സുവിശ്രമം
    കൊൾവതീ ലോകം മുററും!

  ചുട്ടെരിഞ്ഞാൎത്ത്യാ മാറ-
    ത്തടിച്ചും കൊണ്ടാ വീടു
വിട്ടു വാനത്തെയ്ക്കോട്ടം
    സൎവ്വദേവതയുടെ
മാലികകളിൽനിന്നു
    തെറിച്ച മണികളെ-
പ്പോലവേ പാറീ ചെംതീ-
    പ്പൊരികൾ ചുഴലവും..

Digitized By Kerala Sahitya Akademi

ഘൂടലയ്ക്കയാൽ ഞെട്ടി
യുണന്നു സംഭ്രാന്തരായ്-
ച്ചാടിനാർ വെളിയിലെ-
യ്ക്കാളുകൾ തെരുതെരെ.
പിടയും പ്രാണങ്ങളോ-
ടൊപ്പമേ പൈതങ്ങളെ-
ദ്ദൃഢമായ് നെഞ്ചിൽച്ചേർത്തു
വളപ്പിലതാതിടം

ചെന്നുനിന്നെരിതിയ്യിൻ-
ദ്രഹിയ്ക്കും പുരതൻ നേ-
ക്കുന്നമൽബാഷ്പോദക-
മായ കണ്ണിണ നീട്ടി,
മാലാണ്ട തരുണിമാർ
കുരുകിൽപ്പിടകളെ-
പ്പോലവേ തേങ്ങിത്തേങ്ങി-
ക്കരയുമൊലികളും,

നിർദ്ദന്തങ്ങളായ് ച്ചുക്കി-
ച്ചുളിഞ്ഞു വിറകൊണ്ട
വൃദ്ധസ്ത്രീമുഖങ്ങൾതൻ
നാരായണോച്ചാരവും,
തീവായിൽനിന്നോരോന്നു
വീണ്ടെടുക്കുവാൻ വെമ്പൽ
താവിന പുമാന്മാർതൻ
പാഴ്നിലവിളികളും,

Digitized By Kerala Sahitya Akademi

ദാരുണോദ്യതജിഹ്വൻ
തീപ്പിശാചഗാരത്തിൻ
ദാരുവെല്ലുകൾ കടി-
ച്ചുടയ്ക്കും ഠാൽക്കാരവും
രാവിൻെറ നിശ്ശബ്ദതം
പിളത്തു പൊങ്ങിപ്പൊങ്ങി
ദ്യോവണഞ്ഞുഡുക്കളെ-
സ്സതരാം സ്തംഭിപ്പിച്ചു!

മുതിന്ന കുഞ്ഞുങ്ങള-
ങ്ങഗ്നിപുഞ്ജത്തെക്കണ്ടു
കുതുകാൽത്തുള്ളിച്ചാടീ
പാററകളുടെ മട്ടിൽ;
തൻപുര ചൂട്ടും തീയ-
ഗ്ഗളിമ്പപ്പൊം കണ്ടകൾക്ക
'കമ്പിരി'ത്തീയോ; ഹാഹാ,
കേവലാനന്ദം ബാല്യം!

മേന്മയിൽ നില്ക്കുമയൽ-
വീടുകൾ പലതുമീ
മേദുരാക്രന്ദം കേട്ട-
ുറക്കപാട്ടായിട്ടോ;
തിയ്യങ്ങ തളത്തുവാൻ
പാഞ്ഞുപാഞ്ഞണഞ്ഞു,
തിയ്യരും പുലയരും
മററ 'ഹീന'രുമത്രേ:

Digitized By Kerala Sahitya Akademi

പാൽത്തെളിക്കിടയ്ക്കുയെ-
ഗ്ഗണിയാത,നുകമ്പേ,
പായ്ത്തുണ്ടിൽച്ചുരുണ്ടുള്ള
കിടപ്പോ നിനക്കിഷ്ടം!
കിണഞ്ഞാൽ മുഴനാശം
വരില്ലെന്ന,സ്സാധുക്കൾ
കിണററിൽനിന്നംഭസ്സു
കോരുവാനോടിച്ചെല്ലേ;

തോത്തുമുണ്ടിനാൽ വീശി-
ക്കൊണ്ടു തീയിനു ചുററും
വേത്തുഴറേറാടേ
നടക്കും ഗൃഹനാഥൻ,
നീറെങ്കിൽ നീറാവട്ടെ
വീടെല്ലാം; നില വിട്ടു
കേറിയെൻകിണറു തൊട്ട-
ശ്ശുദ്ധമാക്കായ്കേ'ന്നാൻ!

നായരേ; ഭവാൻതന്നെ
ശ്ശുദ്ധരിൽശ്ശുദ്ധൻ: വീടു
പോയാലെന്തു,നമ്മുടെ മാം
ജാതിയെ രക്ഷിച്ചല്ലോ!
ഹാ കഷ്ടം, മലയാള-
ത്തറവാടാകെത്തന്നെ
വേകുകയല്ലോ ചെയ്വ-
തീയയിത്തത്തിൻതീയാൽ!

Digitized By Kerala Sahitya Akademi

ആ വിശുദ്ധിമാനായ
നായർതൻ പുര തിന്ന
പാവകൻ പതിതനായ്,
നിസ്തേജഃ പ്രസരനായ്
ആവിലതരമായ
വെണ്ണീററിൽ,ച്ചുകപ്പനാം
ശ്വാവിനെപ്പോലെ
പററിക്കിടക്കും കിടപ്പല്ലോ,

ഇന്നലെയസ്തംവരെ
പ്രശസ്തമൊരു ഗൃഹം
നിന്ന നൽത്തോപ്പിൽക്കണ്ടേ-
തിന്നുദിതനാം സൂര്യൻ!

Digitized By Kerala Sahitya Akademi

# 16. കാട്ടെലിയുടെ കത്ത്

"അന്തസ്സിൽക്കുലപൂർവ്വർ പോയ വഴി വി-
ട്ടു,സ്സമ്മതച്ചോരയാൽ-
ക്കുന്തത്തണ്ടിനു ചായമിട്ട ഭുവന-
പ്രധ്വംസമാർ ചെയ്തിതോ,
അന്തസ്സുവൊട'റംഗസീബ്'വനധ-
ന്മാത്ഥം നിയോഗിച്ചതേ-
ററ,ത്തതൃത്ത,മിസ്സഗർഭ്യനൊടടർ-
ക്കെത്തുന്നുവെന്നോ ഭവാൻ!

ചാരിത്രത്തിലുയന്ന ഹൈന്ദവഗൃഹം-
തോറും സമാക്രന്ദനം
പൂരിപ്പിച്ച ഖലാധിരാജനു ജയ-
സ്തംഭങ്ങൾ വീണ്ടും നടാൻ,
വൈരിക്കീഴിലമന്നോ,രേ ജനനിതൻ
പൈതങ്ങൾ നാം തങ്ങളിൽ-
ച്ചോരിട്ടുഴി കുതിക്കയോ വിമലമാം
തൻജീവരക്തത്തിനാൽ!

Digitized By Kerala Sahitya Akademi

നാമംകൊണ്ടു നരേന്ദ്രനാം കുമതിയെ-
        ക്കൂപ്പിത്തൊഴാനുള്ളതോ,
ധീമൻ, ഹേ ജയസിംഹരാജ, പുരുഷം-
        ശ്രേറതായ യുഷ്മൽക്കരം?
ശ്രീമത്താമതെടുത്തിടട്ടെ, മദമോ-
        ന്നീ നാടു കാടാക്കിടും
ഭീമവ്യാഘ്രരെ വെട്ടിവീഴ്ത്തിടുകയാം
        വേട്ടയ്ക്കു തൻവാളിനെ!

രണ്ടായ് നീങ്ങിയകന്നു നിന്നിവിടെ നാം
        വീസ്തീർണ്ണമാർഗ്ഗം ശരി-
യ്ക്കുണ്ടാക്കുന്നു വിദേശജർക്കു വിജയ-
        പ്രാസാദമുറപ്പേകുവാൻ;
പണ്ടോ പ്രാജ്ഞപിതാക്കൾ ചെയ്തപടി, നാം
        തോളോടുതോളായ് നില-
ക്കൊണ്ടാലോ, മതിൽ വേറെ വേണ്ട ഭരത-
        ക്ഷേത്രത്തെ രക്ഷിയ്ക്കുവാൻ!

ഇന്നാട്ടിൽത്തവ തൃക്കൊടിക്കുകിൽ പറ-
        പ്പിയ്ക്കേണമെങ്കിൽ, പ്രഭോ,
വന്നാലും; മടിയാതെ നല്കുവനതി-
        ന്നെൻ പ്രാണവാതത്തെയും;
8*

Digitized By Kerala Sahitya Akademi

എന്നാലീ മതമത്തനാം മുകിലനോ,
കാൽകൊണ്ടു മട്ടിയ്ക്കുവാ-
നെന്നാളും ലഭിയാ പവിത്രതരമാം
തെന്നിന്ത്യതൻ പാംസുവും!

ക്ഷത്രശ്രീ സമനുഗ്രഹിച്ച തലയാൽ
നീചാജ്ഞ ചൂടും ഭവാൻ
മിത്രശ്രേഷ്ഠ, ഭവാന്റെ നാഥനെയിതോ-
ന്നോർമ്മപ്പെടുത്തീടണം:—
'അത്രയ്ക്കുദ്രനദൂനഹിന്ദുമിഴിനീർ-
കൊണ്ടാർദ്രമാമീ നില-
ത്തെത്രത്തോളമുറച്ചുനില്ക്കുമയി, നിൻ-
സാമ്രാജ്യസിംഹാസനം?'

കട്ടില്ലാത്തൊരനാഥനാദ്യമഥനാ-
യാസാൽ വിയർപ്പേറ്റ നാറ്റം-
തൊട്ടില്ലാല്പമയഞ്ഞുപോയ് മുഗിലർതൻ
ചെങ്കോൽപ്പിടുത്തം പ്രഭോ;
മൊട്ടപ്പാഴ്തലയല്ല വേണ്ടു ഭരത-
ക്ഷോണീകിരീടത്തിനി;-
ച്ചിട്ടത്തെറ്റ തിരുത്തിവെച്ചതിനുമേ-
ലാവാം നമുക്കാഹവം!

അല്ലാ, മ്ലേച്ഛപരീതനാമരചനെ-
പ്പൂജിച്ചു, നാട്ടാരുമായ്
മല്ലാടുന്നതു തന്നെയിഷ്ടമവിടെ-
യ്ക്കെങ്കിൽ, സ്സഖേ, സ്വാഗതം:

Digitized By Kerala Sahitya Akademi

ചൊല്പാളം രജപുത്രരിൽത്തലവനാ-
    മങ്ങയ്ക്കിതാ, പോർവിരു-
ന്നെല്ലാമെൻെറ 'ഭവാനി'നല്ക,മവളെ-
    ക്കൊണ്ടാവതിൻവണ്ണമേ!

സ്വന്തം മാതൃധരിത്രി, സോദരർ, മതാ-
    ചാരങ്ങളെന്നീവക-
യ്ക്കേന്തല്പക്ഷതിയും പെടാതെ പരിപാ-
    ലിയ്ക്കുന്ന കാര്യത്തിനായ്
തൻതങ്കപ്പിടിവാളിനെശ്ശിവനിള-
    ക്കീടും, തദംഗത്തിൽ നി-
ന്നന്തർല്ലീനനൃപശ്രീപൌരുഷമൊലി-
    ച്ചൊട്ടുക്കൊട്ടങ്ങുംവരേ!"

ആരീക്കത്തെഴുതീ സ്വധർമ്മസുഭഗം
    ദേശാഭിമാനോജ്ജ്വലം,
പാരിൽ'ക്കാട്ടെലി'യായ് ശിവക്ഷിതിപനാ-
    മദ്ധീരകണ്ഠീരവൻ:
വാരിത്തേപ്പിതസൂയ സച്ചരിതമേ,
    നിന്മേലഴക്കെങ്കിലും,
നേരിൻകൈകളൊരിയ്ക്കലക്കരി തുട-
    ച്ചെല്ലാം വെടുപ്പാക്കിടും!

—**—

Digitized By Kerala Sahitya Akademi

## 17. ഓണപ്പുടവ

ആഴിതൻ പെരുമ്പറ
മുഴങ്ങി മന്ദ്രധ്വാനം;
കോഴികൾ കണ്ഠം പൊക്കി-
ക്കാഹളമൂതി മേന്മേൽ—
കാലപുരുഷൻെറയീ
ധ്വാന്തൌഘജയാഘോഷം.
നാലുദിക്കിലും വ്യാപി-
ച്ചുന്മേഷമുളവാക്കി:

വിവിധവർണ്ണങ്ങൾതൻ
വ്യത്ഥമംചിണക്കത്താൽ.
ഭീഷ്മവിഭിന്നമായ്-
ച്ചമഞ്ഞ ഗഗനാന്തം
ഏതിൻെറയാവിർഭാവ-
സന്മുഹൂർത്തത്തിലൊരേ-
മാതിരിയ്ക്കുണ്ണിവെണ്മ
മാത്രമായ്സ്സംശോഭിച്ചു.

Digitized By Kerala Sahitya Akademi

അസ്സത്താഗ്രണാമൃത -
വർഷിയ്ക്കു നമസ്കാരം — .
അസ്സത്യതേജസ്സിന്നു
സാഷ്ടാംഗം നമസ്കാരം!
പാരിനെപ്പാടേ മൂടി -
ക്കിടന്നൊരിരുൾത്തുണി -
യാരതേമട്ടിൽപ്പൊക്കി -
വെച്ചതോ വാനായ്ക്കാണ്മൂ,

സഹസ്രകരനവൻ
സ്വാസ്ഥ്യമേകിയീല നിന -
ക്കു,ഹഹ, നോക്കു കണ്ണേ,
ന്നുതനാലോകം ലോകം!
സംപ്രതി രമണീയം
ശോഭനം വിശ്വഗ്രഹം
നിൻപുണ്യാവതാരത്താൽ -
പ്പൊന്നുണ്ണിക്കതിരോനേ;

ഉദയോദ്യാനത്തിലെ
ച്ചെംപനിനീർപ്പുഷ്പം നീ -
യു,ഷസ്സിൻ സൽസൌഭാഗ്യ -
സിന്ദൂരതിലകം നീ,
ആമ്നായപ്രഭുവിന്റെ
മാണിക്യപ്പതക്കം നീ,
യാ,ദിമാതാവിൻ പ്രേമ -
രഞ്ജിതഹൃദയം നീ!

Digitized By Kerala Sahitya Akademi

അരവിന്ദത്തിൻ തേനായ്-
ത്തോന്നുന്ന നിനാദത്താ-
ലരയന്നത്തിൻ മണി-
ക്കൊക്കെന്നവണ്ണം തന്നേ,
ഉദ്ഗമിപ്പിപ്പൂ നിന്നേ-
ക്കുൾബ്ഭക്തിസ്തുതികളെ-
യുഗ്രമാം രടിതത്താൽ
കാകന്റെ കരിംകൊക്കും;

രണ്ടിലുമൊരുപോലെ-
യാപതിക്കയും ചെയ്വൂ
വിണ്ടലപ്പെരുമാളേ,
നിൻപ്രീതിക്കതിരുകൾ!
ഹാ, തവ ചെംപൊൻവീണ-
ക്കമ്പികൾ നാനാപക്ഷി-
ഗീതിയാൽ തനിപ്രേമ-
മാധുരി തൂകുമ്പോഴോ,

ആയതു നുകരാനായ്-
ക്കാററിനു മണം നല്കു-
മാനനം വിടർത്തുന്നു
തേനുള്ളിലേന്തും പൂവും!
മറയോൻമനസ്സിലെ-
പ്പൂജപ്പൂത്തട്ടത്തെയും,
പറയക്കുടിലിലെ-
പ്പരൽമീൻചട്ടിയെയും.

Digitized By Kerala Sahitya Akademi

നിവ്വിശേഷമായല്ലീ
ചുംബിപ്പു ചിദാത്മാവേ,
നിന്നുടെ കിരണങ്ങൾ
നിസൎഗ്ഗപവിത്രങ്ങൾ—
വന്മണിമുടി ചൂടാൻ
നിവൻ്റ പൃഷ്ഠത്തിലും,
ചുമ്മാടു ചുമക്കുവാൻ
കുനിഞ്ഞ മുതുകിലും

ഒപ്പമേ തലോടുന്നു,
നിൻകരം, കാട്ടപ്പുല്ലും
കല്പദ്രുവിനുമേക-
പ്രാണനോയുള്ളോവേ!
ഞങ്ങൾക്കോ, നിഴൽ പിറേപ
നീണ്ടുനില്ക്കുന്നു നേരി-
ട്ടങ്ങയെത്തൊഴുമ്പോഴും
ഭേദധീമാലിന്യത്താൽ!

അദ്വൈതകനകാക്ഷ-
രങ്ങളെത്തരുവല്ലീ-
പത്രത്തിൽക്കുറിയ്ക്കുമീ
ശ്രേഷ്ഠതൂലികകളാൽ
അത്ഭുതകവിയായി
നിന്തിരുവടിയെൻ്റ-
യജ്ഞതാകൃതികളെ-
ത്തിരുത്തുമാറാകേണം!

Digitized By Kerala Sahitya Akademi

ചേക്കഴികളിലാണ്ട
തണ്ണീർകളേയും താൻത ൻ
നേക്കു പൊൻതൃക്കൈ നീട്ടി-
യുദ്ധരിയ്ക്കുന്നു ഭവാൻ;
ചിൻപത്തുകഠളോ നീളെ-
സ്സുഭിക്ഷത്തിന്നായ് വെള്ളി-
ക്കമ്പികഠംവഴി ദിവ്യ-
സമ്പത്തിങ്ങയയ്ക്കുന്നു;

അന്യവാനുടെ ദൃഷ്ടി-
യ്ക്കെത്ര പാപികഠം, മിത്ഥ്യാ-
ദപ്പത്താലന്ധസ്ഥരെ-
യാട്ടിയോടിയ്ക്കും ഞങ്ങഠം!
ശുദ്ധിലോലുപർ ഞങ്ങ-
ളശുദ്ധി സംപാദിച്ചു,
മത്ത്യന്നു മത്ത്യൻ ഗതി
മുടക്കുമാചാരത്താൽ!

എളിയ തൃണങ്ങഠംതൻ
കണ്ണുനീർക്കണങ്ങളെ-
ത്തെളിമുത്തുകളാക്കി-
ത്തീക്കുന്നു തവാംശുക്കഠം,
അഭ്യുദയാധാരമീ-
ദ്ദീനാശ്വാസനശില്പ-
മഭ്യസിയ്ക്കാവൂ ഞങ്ങഠം
നിന്നനുഗ്രഹാൽ സ്വാമിൻ!

Digitized By Kerala Sahitya Akademi

മാമലകണക്കെപ്പൊൽ -
ത്തണ്ടുമുണ്ടണിയുന്നു
ത്തുമഞ്ഞത്തുകിലിനെ-
ബ്ഭാസ്സുരപ്ര സാദത്താൽ;
പ്രേമദീപ്തിയാമോണ-
പ്പുടവയിതു വാങ്ങാൻ
കൈ മലർത്തുക നീയു-
മെന്മനോദാരിദ്ര്യമേ!

—**—

Digitized By Kerala Sahitya Akademi

# 18. നരേന്ദ്രൻെറ പ്രാർത്ഥന

(പാന)

'വീട്ടിലെന്തു വിശേഷം നരേന്ദ്ര, നീ
വീർപ്പുമുട്ടിക്കരയുന്നതെന്തിനോ?
ചണ്ഡദുഃഖനിമഗ്നമാം ലോകത്തിൻ
കണ്ണുനീർ തുടപ്പാനുള്ള വസ്തുത്തെ
തേടിനോക്കുമിദ്ധീരമാം നിന്മിഴി
ചൂടെഴുമശ്രു വാക്കയോ താൻതന്നെ!'

ആരുടെ ദിവ്യഗാനം ചിദാനന്ദ-
ധാര തൂകിയോ തങ്കൽപ്പലപ്പൊഴും,
അപ്പസ്സുമുഖൻെറ രോദനം കേൾക്കയോ-
ലസ്സുശീലൻെറ വല്ലായ്മ കാണ്കെയാൽ,
രാമകൃഷ്ണപരമഹംസൻ പുരാ
പ്രേമതൃഷ്ണയാന്നീവിധം ചോദിയ്ക്കേ,
ലോലകണ്ണനായ്ക്കണ്‍ തുടച്ചോതിനാൻ
സ്വാലയത്തിൽനിന്നാഗതൻ ശിഷ്യാഗ്ര്യൻ:—

'ഉൽപ്പതിയ്ക്കുകില്ലേതു കണ്ണിൽജ്ജലം,
ദുർഭിക്ഷത്തിൻ കെടുവ്യക തട്ടിയാൽ?

Digitized By Kerala Sahitya Akademi

അക്കൊട്ടംതിയ്യു ബാധിച്ചിരിയ്ക്കുന്നു
മൽക്കുടുംബത്തെ മുററം ഭഗവാനേ.
അച്ഛനുള്ളന്നു ധൎമ്മമണിഹൎമ്മ്യം,
പിച്ചമാടമിന്നെൻതറവാടയ്യോ!
ഏതിൽനിന്നു ചുരന്നൊരു വാത്സല്യ-
പ്പാൽ തുലോം നുകൎന്നിങ്ങു വളൎന്നു ഞാൻ,
പട്ടിണിയാലെരിപൊരിക്കൊൾവിത-
പ്പെട്ടുമാഴ്കട—മമ്മേ, കൃതഘ്നൻ ഞാൻ!'

താങ്ങുവാനരുതാത്ത മാൽകൊണ്ടവൻ
തേങ്ങിത്തേങ്ങിക്കരകയായ് പിന്നെയും:
ത്യാഗിയായ് 'വിവേകാനന്ദ'സൽപദം
പൂകുവാൻ പടി കേറുമീ പ്രാജ്ഞനും
പ്രാകൃതൻ തന്നെ ദാരിദ്ര്യദുഃഖത്തിൽ—
വെല്ക, വെല്ക, നിൻപ്രാഭവം സമ്പത്തേ!

ഭക്തശിഷ്യൻെറ ബാഷ്പം പതിയ്ക്കയാൽ
ത്തെളിനെഞ്ചലിഞ്ഞ ഗുരുവരൻ,
ശ്രദ്ധയുള്ള ജനത്തിനു കൈവല്യ-
തത്ത്വമോതിക്കൊടുക്കുമധരത്താൽ,
അത്തലിൽ വാടുമക്കുലസ്നേഹിയ്ക്കു
വിത്തലാഭവഴിയുപദേശിച്ചാൻ:—

'വത്സ, ചെന്നുണൎത്തിയ്ക്കുകിസ്സങ്കട-
മസ്മദംബയെ—ശ്രീമഹാകാളിയെ:

Digitized By Kerala Sahitya Akademi

ആരുരുക്കിയൊഴിച്ച തൂവെള്ളിയോ
പാരിലിഗ്ഗംഗയായി പ്രവഹിപ്പൂ,
ആരുടെയീട്ടവെപ്പിൽനിന്നോ സദാ
സൂരദേവൻ സുവർണ്ണം വിതറുന്നു,
ആരുടെ ദിവ്യരത്നാഗണത്താലോ
കൂരിരുട്ടുമലംകൃതമാകുന്നു,
ആ മഹേശി കൺകോണൊന്നിളക്കിയാൽ-
പ്പോയ് മറയാത്ത ദാരിദ്ര്യമെങ്ങുള്ളൂ!'

അന്നരേന്ദ്രൻ ഹൃത്തിന്നടിത്തട്ടിൽ-
നിന്നുയന്നിതൊരുഷ്ണളനിശ്വാസം
തോരാത്തുകിൽത്തുമ്പുകളകൾ കൈകളാൽ
വീത്ത കൺകൾക്കു താഴെയായ് വെച്ചവൻ,
കാളിതൻമഹാക്ഷേത്രത്തിനുനേരേ
മൌലിയും ചായ്ച്ച മെല്ലേ നടകൊണ്ടാൻ.

അന്തിതൻപൊന്നിലാണ്ട ഗഗനാന്തം
ഹന്ത, ചിക്കെന്നിരുണ്ടതായ്ക്കണ്ടിട്ടോ,
തംഗമൂർമ്മിയാലോരോന്നു പാടിക്കൊ-
ണ്ടങ്ങൊഴുകിയിരുന്നു മന്ദാകിനി!

അമ്പലത്തിങ്കൽനിന്നു തിരിച്ചെത്തി
മുൻപടിയ്ക്കശ്രുപൂർണ്ണാകുലാക്ഷനായ്
മുമ്പിൽ നിന്ന കുമാരനെത്തൃക്കൺപാ-
ർത്തൻപിയന്ന ഗുരുപാദർ ചോദിച്ചാൻ:—

Digitized By Kerala Sahitya Akademi

'ഇപ്പൊഴും കേഴ്'വതെന്തിനെ,ൻവത്സങ്കൽ–
ക്കല്പവല്ലിയും കാട്ടി പിശുക്കെന്നോ!
ദേവിയോടു നീയെന്തൊന്നപേക്ഷിച്ചു?'
ഭാവിസന്യാസി സത്യമുണൎത്തിനാൻ:—

'വിത്തമല്ല വിരക്തിയാണൎത്ഥിച്ച-
തത്തിരുവടിയോടു ഞാൻ സൽഗുരോ;
എത്ര കഷ്ടമെൻവീട്ടിൽ—'നിലയ്ക്കാത്ത
തപ്പിലാപം തടുത്തു യതിശ്രേഷ്ഠൻ,
നെഞ്ചിലെ സ്വച്ഛസംപ്രീതിവായ്പൊരു
പുഞ്ചിരിയിൽപ്പ്രകൎത്തിയരുളംചെയ്താൻ:—
'മുന്നമേ നേക്കറിയാമെനിയ്ക്കിതു:
മന്നിൽ മായയെ മായ്ക്കാൻ പിറന്നോൻ നീ;
സച്ചിദാത്മികയോടെ,ന്തു വന്നാലും
തുച്ഛമാം പണം യാചിയ്ക്കുകില്ല നീ—
തമ്പുരാട്ടിതൻ മുമ്പിലൊരു കീറ-
ക്കമ്പിളും കാട്ടി നില്ക്കുവോനല്ല നീ!'

—**—

# 19. നമ്മുടെ മറുപടി

(കാകളി)

ഭാരതമാണെൻെറ ജന്മഭൂവാഃ-ശ്ശമ-
ധീരര്ഷിശ്രേഷ്ഠരെൻപ്രപിതാമഹർ!
ബോധാക്കുരശ്ശൃങ്കുരങ്ങളുപനിഷൽ-
ഗീതകളെന്നെന്നുമെൻകുലവിത്തകൾ;
വിശ്വത്രയത്തിൽ മേ പ്രാപ്യമായുള്ളതോ,
നശ്വരമല്ലാത്ത പൂർണ്ണമുക്തിപദം.

എത്തേണ്ടതാമിടത്തെത്തിയാലും ശരി,
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നേ നടക്കും വഴിയിലേ
മുള്ളുകളൊക്കെച്ചവുട്ടിമെതിച്ചു ഞാൻ;
പിന്നാലെ വന്നിടും പിഞ്ചുപാദങ്ങൾക്ക
വിന്യാസവേളയിൽ വേദന തോന്നൊലാ.
അല്ലടൻ വന്നു മറച്ചാൽ മറയ്ക്കട്ടെ,
മുല്ലതൻപൂക്കൾ വിരികതാൻ ചെയ്തിടും;
അന്തരിക്ഷത്തിലണയ്ക്കയും ചെയ്തിടു-
മന്തിക്കുളിർകാററവററിൻപരിമളം.

Digitized By Kerala Sahitya Akademi

എൻകാൽകളിലനാചാരകാളായസ-
ശൃംഖലക്കെട്ടൊന്നു കെട്ടിയിട്ടുള്ളതോ,
നേരേ വലിഞ്ഞു മുറിഞ്ഞുപോയ്ക്കൊള്ളു,മി-
ങ്ങാറേഴടി നീട്ടിനീട്ടി വെച്ചാൽ മതി.

ജാതിമതാദിവഴക്കൊരു നാടിനെ
സ്വാതന്ത്ര്യസിദ്ധിയ്ക്കനർഹമാക്കീടുമോ?
സോദരർ തമ്മിലെപ്പോരൊരു പോരല്ല,
സൌഹൃദത്തിൻെറ കലങ്ങിമറിയലാം.
തങ്ങളിൽത്തല്ലിയിരമ്പുന്നു, വാസ്തവം-
തന്നേ, കടലിൽപ്പലതരമൂർമ്മികൾ:
എന്നാലതേപൊഴതന്യോന്യമക്കൂട്ടർ
വെൺനുരച്ചാർത്താൽച്ചിരിപ്പതും കാണ്മു നാം.

അക്ഷോഭ്യതയാലഗാധാശയതയാ-
ലക്ഷയാത്യുന്നതരത്നാകരതയാൽ
ആഴിയാണെൻനാട്ട; ജീവനവർഷിക-
ളുഴിയിലെങ്ങുമിതിൻെറ നീരാവികൾ.

ഗോഹത്യ നിത്താൻ നരഹത്യ ചെയ്യുന്നു
സാഹസാൽ സാഹസമെന്നു നണ്ണാതെയും,
ഗീതസ്വരൂപനാമല്ലാഹിന്നു വാദ്യ-
ഗീതസ്വനം പ്രിയമല്ലെന്നിരിയ്ക്കിലോ
പാഥോനിധികൾ പടഹമടിയ്ക്കുമോ,
പാടുമോ പൂങ്കുയിലെന്നിതോക്കാതെയും

ഉന്മത്തർ പോലീ വലംമിടംകയ്യുകൾ
തമ്മിൽപ്പൊരുതിയൊഴുക്കും നിണത്തിലും
മൽപ്രിയരാജ്യത്തിനാസന്നമാകിയ
സുപ്രഭാതത്തിൻ തുടുപ്പു കാണുന്നു ഞാൻ.

മദ്യവിഷോഷ്മാവിലെൻനാടിനിപ്പൊഴും
നിദ്രഹരിക്കാദ്ധ്യയില്ലോദ്ബോധനാദികൾ;
നില്ക്കട്ടെ: പീയൂഷധാരകളില്ലയോ,
ചക്രങ്ങളിൽനിന്നു നീളുന്നു നൂല്ക്കളായ്!

എന്തെന്തശസ്ത്രനാം പോരാളിയോ ഇവൻ?—
നിന്ത്യക്ഷ വാളല്ല ധർമ്മമാണായുധം;
ചോര പുരണ്ട വിഭവം ഭുജിക്കുവാൻ
ഘോരപിശാചരെങ്ങീയൃഷിഭൂമിയിൽ?

ഇന്ത്യാചരിത്രത്തിലേതേട്ടിലും പാര-
തന്ത്ര്യാക്ഷരങ്ങൾ പതിഞ്ഞുകൂടാ ദൃഢം;
നിർമ്മുക്തിവാതിൽ പരക്കെത്തുറന്നിട്ട
മന്നാത്മഭൂവിത്തുറുങ്കിൽക്കിടക്കയോ—
ഇമ്മട്ടിലാകണം നമ്മുടെയുത്തരം,
പിന്മാറുമാദനായ്ന്യായാശങ്ക ചൊല്ലിയാൽ!

Digitized By Kerala Sahitya Akademi

# 20. ഓണം

(കേക)

കാലഭേദത്താലോരോ
കാർ വന്നുമൂതിന്നതിൻ·
മാലിന്യം ക്രമത്താലേ
കഴുകിക്കളഞ്ഞുടൻ
കൺകളാലദൃശ്യമായ്–
ദ്ദിവ്യമാമേതോ ഹസ്തം
വെങ്കളി വീശിപ്പോരു–
മെന്നാ ദിശഭിത്തികളിൽ;

വന്ദ്യമാം രവിബിംബ–
മാകിയ ചക്രത്തിന്മേൽ–
നിന്നു നിർവിഘ്നം കതിർ–
നൂലുകൾ നീളുകയാൽ
പൊറുതികെട്ട തണു–
ത്തിരുന്ന പാരിന്നെന്നോ
പരക്കെക്കിടയ്ക്കുന്നൂ
തൂമഞ്ഞപ്പുടവകൾ;

9*

Digitized By Kerala Sahitya Akademi

തുമ്പകൾപോലും നല്ല-
വേലയാലെന്നോ വെൺനുൽ-
ത്തുമ്പുകൾ വെളിപ്പെട്ടു-
ത്തുന്നു തന്റെ ചക്രത്തിന്മേൽ;
കേവലസത്വഗുണ-
സ്വച്ഛനാം കലാധീശൻ
തൂവിന നിലാവെന്നു
നീളെ നിർവൃതി നല്കും;

അമലനക്ഷത്രപ്പൊ-
ന്നലരിമലർകളാൽ
സമലംകൃതമായ
ഗഗനാങ്കണമെന്നോ,
പൈതങ്ങളുടെ വില്ല-
കൊട്ടൽ പൂവിളിയെന്നീ
സ്വാതന്ത്ര്യനിർഘോഷത്താൽ..
ക്കിടന്നാമുഴങ്ങുന്നു;

എന്നു നിസ്തീർണ്ണക്ലേശർ
നെൽക്കൃഷിത്തൊഴിലാളർ
ചെന്നുചേർന്നീടും ചെമ്പൊൻ
വിളഞ്ഞുമിന്നുന്നോടം;
കുട്ടിയും കിഴവനു,-
മാഢ്യനും ദരിദ്രനും
വിഡ്ഢിയു. വിരുതനും,
വിപ്രനും പറയനും—

Digitized By Kerala Sahitya Akademi

സർവ്വരുമൊരേമട്ടിൽ—
സ്സ്വാദ്വന്നസംഭവസ്സാദി-
സന്തൃപ്തരായിട്ടെന്നു
സാഹ്ലാദം വിഹരിയ്ക്കും;
അന്നല്ലോ നമുക്കോണ—
മന്നല്ലോ, സമത്വത്തിൽ
റാന്ദിയ്ക്കുമൃഷിരാജ്യ—
ത്തിനുററ മഹോത്സവം!

ഓണമേ, വെൽവൂതാക,
മാബലി മലയാളം
കാണുവാനെഴുന്നള്ളി
വന്നിട്ടും സുദിനമേ!
സദ്ദിനസമ്പ്രാട്ടെന്നാ
നിലയ്ക്കു ചേരുംവണ്ണം;—
മുത്തമാതിഥിയാകു-
മങ്ങയെക്കൈക്കൊൾവാനായ്,

പത്തു നാളിനു മുന്നേ
'ചമയൽ' നടത്തുന്നു
ഭക്തിയാൽബ്ബഹുഗ്രാമ-
ഭുവിലെക്കൊട്ടാരങ്ങൾ;
അഗ്രത്തിൽക്കൊളുത്തിയ
മംഗളത്തിരിനീട്ടി
നില്ക്കുന്നു നിന്നെച്ചെയ്യ്വായ്—
പ്പൂവണിമുക്കുററികൾ;

Digitized By Kerala Sahitya Akademi

നൈതൽതാമരയാമ്പൽ-
പ്പൂക്കൾ പുഞ്ചിരിപൂണ്ടു
നൂതനപരിമളം
തളിപ്പൂ തവ മുന്നിൽ!
ഓണമേ, വെൽവൂതാക,
മാബലി മലയാളം
കാണ്മാനെഴുന്നള്ളി
വന്നിടും സുദിനമേ!

ധർമ്മത്തിൻമുറി കെട്ടാ-
നാരഴിച്ചെടുത്തുവോ
തന്മണിമുടിയിൽനി-
ന്നമ്പർകോൻപട്ടംപോലും,
ഹന്ത, യാതൊരു ജീവ-
ന്മുക്തനാം മഹാത്മാവു
ബന്ധവും വരിച്ചുവോ
സത്യരക്ഷണത്തിന്നായ്,

ഏതൊരു നിത്യശ്രീമാൻ
വാണരുളുകമൂലം
പാതാളത്തുറങ്കതും
മീതെയായ് സ്വർഗ്ഗത്തെക്കാൾ,
മൂർത്തിമത്ത്യാഗംതാനാ-
മത്തിരുവടി തൃക്കൺ-
പാർത്തനുഗ്രഹിയ്ക്കുന്ന-
തേതുനാട്ടിനുമോണം!

Digitized By Kerala Sahitya Akademi

## 21 ജ്ഞാനം

(പാന)

അപ്രമേയസുവിസ്താരഗാംഭീര്യം
തത്പ്രഭാവമഭംഗമഭിപൂർണ്ണം:
അപ്പെരുമതൻ നാലഞ്ചു തുള്ളിക-
ളല്പികൾ സദാ തുള്ളിയിരമ്പുന്നു —
ഇപ്പെരുംപറകൊട്ടിനാൽത്തങ്ങൾത-
ന്നല്പതയെപ്പരസ്യപ്പെടുത്തുന്നു;
ഭാസ്വരപ്രഭമായ നിൻവക്ത്രമോ,
ശാശ്വതമൌനമുദ്രം പരാവിദ്യേ!

നിൻതിരുമൌനമല്ലോ നരർക്കേകീ
ചിന്തിതാഷ്ഠൂതിയ്ക്കുള്ള ഭാഷയെ:
എന്തുകൊണ്ടെനിയ്ക്കേകീല വാക്കൊന്നും
ബന്ധുരം തവ രൂപം വിവരിപ്പാൻ!

പൃഥ്വിതന്നുള്ളിൽനിന്നുദ്ഗമിച്ചിട്ടും
വ്യർത്ഥവാഞ്ഛകളാകിന ശാഖികൾ
പത്രമർമ്മരംകൊണ്ടഭ്രമാർഗ്ഗമോ-
ടെത്ര ചോദിപ്പതില്ല നിൻതത്ത്വത്തെ?

Digitized By Kerala Sahitya Akademi

ഉത്തരമിതിന്നെന്തി,ടിവെട്ടലോ,
പൊൽത്തകിടൊളിച്ചുരൽ മിന്നിയ്ക്കലോ?
അസ്തു, ഗർജ്ജനതർജ്ജനാധിപ്പിത്ത,–
മജ്ഞരാമൃപരിസ്ഥർത്തൻ ഗൌരവം!

ബാല്യകാലത്തു, നാനാസുമങ്ങളെ
പ്രോല്ലസിപ്പിച്ച പൈങ്കിളിപ്പാട്ടുമായ്,
ദാരിതതമസ്സായ തേജോഗ്രണ–
മേറിയേറി മുതിർന്ന കതിരോനും,
നാകമധ്യമണഞ്ഞു, മഹേശി, നിൻ–
ലോകമൊട്ടാകെ നോക്കാൻ തുടങ്ങിയാൽ
‘എന്തറിഞ്ഞു ഞാനെന്നു’ റിവണ്ണനായ്–
ത്തൻതല ചായ്ക്കയല്ലയോ ചെയ്യുന്നു?
പ്രാജ്ഞതാപടകോടി മനസ്വിയ്ക്കീ
സ്വാജ്ഞതാബോധമല്ലാതെ മറെറന്താം!

ലോകമുണ്ടായനാൾതൊട്ടിതേവരെ,
പ്രാകൃതർതൊട്ടു സംസ്കൃതന്മാർവരെ,
എങ്ങിനെയൊക്കെയെങ്ങെങ്ങു തേടിയി–
ല്ലങ്ങയെ സ്വാത്മചോദിതർ മാനുഷർ!

ഏതൊരു കൊടുംകാട്ടിൻ നടുത്തട്ടി–
ലേതൊരു ദുർഗ്ഗഭൂവിലോ നില്ക്കുന്നു,
ഏതു വല്ലായ്മയേയും ശമിപ്പിപ്പാ–
നേകസാധനം നിന്റെ ദിവ്യൗഷധി —

Digitized By Kerala Sahitya Akademi

ഏതൊരു കല്ലിലുൾച്ചേർന്നിരിയ്ക്കുന്നു
ധൂതജാഡ്യമാം നിൻതീയനാദ്യന്തേ,—
ബാഹ്യഗാധമാമേതൊരു പർവ്വത-
ഗഹ്വരത്തിലോ ആഴ്ന്നുകിടക്കുന്നു,
സർവ്വദാരിദ്ര്യസംഹാരശക്തങ്ങ-
ളവ്യയങ്ങളാം താവകരത്നങ്ങൾ?

പൂർവ്വകർക്കിതാ, ബദ്ധനമസ്കാരം:
തീവ്രയത്നം തുടർന്നുതുടർന്നവർ
ദേവി, നിൻവെളിച്ചത്തിൻനുറുങ്ങോരോ-
ന്നാവതുപോലെ സംഗ്രഹിച്ചാരല്ലോ;
ഇല്ലയെങ്കിലിന്നെങ്ങെൻതരക്കാർത-
ന്നല്ലിലും ചില മിന്നാമിനുങ്ങുകൾ!

ബുദ്ധികൊണ്ടു ചിറകുകൾ സമ്പാദി-
ച്ചെത്ര മേല്പോട്ടു കേറിപ്പറന്നാലും,
മാനവന്നു മുൻമട്ടിലേ ദൂരസ്ഥം
ജ്ഞാനദേവതേ, നിൻനഭോമണ്ഡലം!
എങ്കിലുമവനൽഗ്ഗതിസംരംഭ-
ത്തിങ്കൽനിന്നു പിന്മാറില്ലൊരിയ്ക്കലും;
തച്ചിദാകാശശുദ്ധമരുത്തിനെ-
യുച്ഛ്വാസിയ്ക്കായ്കിലാരുണ്ടുയിർക്കൊൾവൂ!

— ** —

Digitized By Kerala Sahitya Akademi

## 22. കൈക്കുമ്പിൾ

ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളിർവിശറി, മണീ-
    കീർണ്ണമാം നീലമേലാ-
പ്പോ, മൽത്തങ്കഗ്ഗ്ളേറപ്പീവക വിഭവശതം
    ചേർന്ന കേളീഗൃഹം മേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോ-
    ദാരശീലന്റെ മുമ്പിൽ-
കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ,
    മലർത്തുന്ന ഞാനെത്ര ഭോഷൻ!

*    *    *    *

പാലാഴിപ്പെൺ തലോടും പദമുടയ ഭവാ-
    നന്യകാര്യപ്രവാഹ-
ത്താലാവാം ശ്രദ്ധവെയ്ക്കാഞ്ഞതു പരമിതിലെ,-
    ന്നാലുമില്ലിങ്ങമാന്ദ്യം
വേലാന്താദ്ദൂരയാത്രയ്ക്കായി, തവ രജത-
    ത്തോപ്പി നിർമ്മിപ്പതിന്നായ്-
കാലാഭിഖ്യൻ കളാദാഗ്രണി കരകലരാ-
    ക്കുമ്പി നീട്ടിത്തുടങ്ങീ!

Digitized By Kerala Sahitya Akademi

പ്രായം കണ്ടെത്തുമേതിൻ നഖരശിഖകളോ,
നീളുമവ പോറൽ ചേർത്തൻ-
കായത്തെ,പ്പൂച്ച മാന്തീടിന പുതുപിശിത-
പ്പായസ്സപ്പൊതിയെപ്പോപ്പമാക്കി;
ആ യതിയ്ക്കും പിശാചിന്നുടനിവനിരയായ്-
പ്പോകിലാകട്ടെ; തുപ്പ-
യ്ക്കായത്തൻ ഞാനൊരാറാംക്കൊങ്കിലുമുപകൃതിയെ-
ച്ചെയ്യുവെന്നാകുമല്ലോ.

* * * *

'ഇന്നാടെല്ലാം വിളപ്പിച്ചിട്ടമൃതുവിതു പോയ്'
വല്ലപാടും വസന്തം
വന്നാൽ, ഞാനിങ്ങു മാനത്തൊരു മണിരുചിര-
പ്പിച്ചമേലാപ്പു കെട്ടും'
എന്നാവാം കുലവൃക്ഷത്തിനു നിനവു സരി-
ത്തിന്റെ വൻനീരൊഴുക്ക-
ന്നന്നായ്ത്തന്മൂലമണ്ണാസകലമപഹരി-
യ്ക്കുന്നതാരെന്തറിഞ്ഞു?

Digitized By Kerala Sahitya Akademi

## 23 ഇരുളിൽനിന്ന്

(കേക)

ആവലിൻ ചിറകുക-
　　ളിളകീ കൂടെക്കൂടേ;
രാവിനെങ്ങോട്ടോ പോകാൻ
　　വാഹനമിവയാമോ!
മൈത്രിയാൽപ്പേർത്തും പേർത്തും
　　വിടചോദിച്ചീടിന
രാത്രിയോടനുമതി
　　മൂളിയ മൂങ്ങക്കൂട്ടം,

അല്പകന്നക്ജ്ജ്യോതി-
　　സ്സണഞ്ഞപ്പൊഴോ, കൺകൊ-
ള്ളില്ലാഞ്ഞു പതുങ്ങുന്നു
　　വല്ല പൊത്തുകളിലും.
എന്തമസ്സിനെ യാത്ര-
　　യയപ്പാനൊരുങ്ങാറു-
ണ്ടന്തരാന്തരാ ഞാനും
　　തന്നെത്താൻ മറക്കയാൽ:

Digitized By Kerala Sahitya Akademi

സന്തതചിത്തേജസ്സേ,
        സൂര്യനുമൊരു സൂര്യൻ
നിന്തിരുവടി കാലേ
        പ്രത്യക്ഷീഭവിച്ചെന്നാൽ
എന്തൊരു നിലയിലായ്-
        പ്പോയേയ്ക്കുമന്നേരത്തു
ഹന്ത, മറെറാരു മൂങ്ങ-
        യായ ഞാനശക്താക്ഷൻ!

കാണുകിലതോടൊപ്പം—
        വയ്യാ—മേ കടുംപേടി:
ഞാനൊരു തമഃപ്രാണി,
        നിൻമുഖം ദീപ്താൽ ദീപ്തം.
അങ്ങയെക്കാണേണമെ-
        ന്നില്ലെനിയ്ക്കു;-വിട്ടനു-
ണ്ടെങ്ങുമെന്തിലുമെന്നു
        കേട്ടിരിപ്പതേ പോരും.

ഈയിവൻ മേവും മഹാ-
        ഗോളത്തിനെക്കാളനേ-
കായിരമിരട്ടിയാണെവ-
        തൻ വലുപ്പം പോൽ,
നക്ഷത്രസമാഖ്യങ്ങ-
        ളദ്രിവ്യഗോളങ്ങൾ നി-
ന്നക്ഷയമഹസ്സിൻെറ
        കൊച്ചുതുണ്ടുകളല്ലോ.

Digitized By Kerala Sahitya Akademi

അവയുണ്ടിരുളിൽ മേ
വിശേഷം, വെളിച്ചത്തി–
ന്നു;–വതൻ ശേഷക്കാരി–
ങ്ങുണ്ടു ഖദ്യോതങ്ങളും.
ഇരുളേ, വത്തിയ്ക്കു നാം
തങ്ങളിൽപ്പിരിയാതേ;
വരുവാൻ ക്ഷണിച്ചീടു–
ന്നില്ല ഞാൻ വെളിച്ചത്തെ.

പകലും രാവും തമ്മി–
ലെത്രയ്ക്കുണ്ടൊരു ഭേദം?
പ്രകൃതീശ്വരി, തന്റെ
പൈതലാമുലകത്തെ
തെല്ലിട വെളുപ്പുടു–
പ്പിടുവിച്ചിരുത്തട്ടേ;
തെല്ലിട കറുപ്പുടു–
പ്പിടുവിച്ചിരുത്തട്ടേ.

എങ്കിലും ഭവാനൊരു
ഭാഗ്യവാൻ വെളിച്ചമേ:
വെൺകളിയിടുന്നു നിൻ
കീർത്തി ദിശിത്തികളിൽ
ഇരുളോ, നേരേമറി–
ച്ചകീർത്തിയ്ക്കുപമാനം;
നരരീ നിർഭാഗ്യങ്കൽ–
ക്കണ്ണടയ്ക്കയേ ചെയ്യു.

Digitized By Kerala Sahitya Akademi

പൂംകോഴിപ്പരിഷതൻ
	കാഹളംവിളികളാൽ–
പ്പൂരിതദിഗന്തമായ്–
	പ്പുറപ്പെട്ടീടും പകൽ
ജീവിതപ്പോരിന്നിറ–
	ക്കുന്നു ലോകത്തെ;–ശ്ശാന്ത–
ഭാവമാം രാവോ, സുഖ–
	വിശ്രമം പൂകിയ്ക്കുന്നു.

ഒന്നൊന്നായ്പ്പകുക്കുന്നു
	വെളിച്ചമുലകത്തെ;–
യൊന്നാക്കിച്ചമയ്ക്കയാ–
	ണിരുൾ ചെയ്യുവതല്ലോ.
വളരെശ്ശതാബ്ദങ്ങൾ
	മുഴകിക്കഴിഞ്ഞല്ലോ,
വെളിച്ചം തേടിത്തേടി–
	നടന്നിട്ടിരുളിങ്കൽ;

എത്ര കിട്ടിയാൽ നിങ്ങൾ
	തൃപ്തരാം വെളിച്ചത്താൽ?
പ്രത്യഹം തേടുന്നുണ്ടാം
	സൂര്യനും വെളിച്ചത്തെ!
പകൽതന്നുദിപ്പിങ്കൽ–
	ക്കോട്ടുവായ്കൊൾവൂ പൂക്കൾ,
വികസിപ്പാനായ്
	രാവിലുറക്കമിളയ്ക്കയാൽ.

Digitized By Kerala Sahitya Akademi

ജീവിതത്തിൻെറ ശിരോ-
രേഖ നന്നി,ഷ്ടം കൃച്ഛ്രാൽ-
ക്കൈവരുമ്പൊഴെഴ്ശ്ശിതിൻ
കല്യത തളരുന്നു!

എങ്ങുനിന്നിവിടത്തിൽ
വന്നു ഞാനി?രുളിൽ നി-
ന്നെ;-ങ്ങിനെയുള്ളൊന്നാണ-
താ?-രുമില്ലറിഞ്ഞവൻ;
എങ്ങോട്ടു നടകൊണ്ടീ-
ട്ടന്നു ഞാനി?-രുളിലെ-
യ്ക്കു;-ന്തിനാണിടയിൽവെ-
ച്ചിത്രയും വെളിച്ചം മേ?

—**—

Digitized By Kerala Sahitya Akademi

## 24. പൈശാചയജ്ഞം

(പാന)

ഭദ്രകാളി, ഭയാപഹേ കൈതൊഴാം!
ഭദ്രമേ, തൊഴാം ലോകൈകമാതാവേ!

അങ്കമിട്ട മയിൽപ്പീലിയെ വെല്ലു-
മങ്കവാലും, ഠിറകയിൽച്ചെമ്പൂവും,
കിട്ടിയ വസ്തുവിങ്കലലംഭാവാൽ
പൊട്ടി പൂണ്ടു കൊഴുത്ത ശരീരവും,
ചെമ്പൊളിച്ചായമിട്ട ചിറകുമായ്
മുമ്പിൽ വന്നു വണങ്ങുമിക്കോഴിയെ
തൃക്കൺപാർക്കപൊഴംബികയ്ക്കമ്മിഞ്ഞ
നൽകളിർപ്പാൽ ചുരത്തുന്നതില്ലയോ!

കണ്ടു തൃപ്തി വരുന്നതിൻ മുമ്പതാ,
മിണ്ടുവാന സമർത്ഥനാമപ്പക്ഷി,
കാവിലെബ്ബലിവേദിമേൽ—മർത്ത്യൻെറ
കാഠിന്യപരിണാമമാം കല്ലിന്മേൽ—
ദേവി, ഹാ, പാഹി—നിർദ്ദോഷമാം നിജ-
ജീവരക്തം പൊഴിച്ചു നിലംപൊത്തീ!

Digitized By Kerala Sahitya Akademi

ഛേദകൻെറ കരാളമാം വാളേററ-
സ്സാധുവിൻ ഗള മെയ്യോടു വേർപെട്ടു;
അന്നേ ഗളം കാഹളമൂതുകി-
ല്ലി,ന്നിമേലിൽ നിനക്കായ് പ്രഭാതമേ!

കൊററനാടേ, തപസ്വിയെപ്പോലില
കൊററവുമായ് നാൾ പുലർത്തും പ്രശാന്തനേ,
ത്വച്ചരിതത്തിലാദരം കൊണ്ടല്ലോ
തെച്ചിമാലയണിയിച്ചതു നിന്നെ:

നിൻെറ പൂർവരിൽപ്പംശുവാമേകനെ-
ത്തൻെറ തോളത്തെടുത്താർ നടന്നിതോ,
അത്തിരുവടി- ബുദ്ധഭഗവാനീ
മർത്ത്യമണ്ഡലത്തിൻെറയുവർമണ്ണിൽ
ഭൂതകാരുണ്യധർമ്മമൊഴുക്കുവാൻ
ചെയ്ത തീവ്രപ്രയത്നം വൃഥാവിലേ!
ആടിനും ഗതി കോഴിയുടേതുതാ-
നാരു കേൾക്കുമവററിൻ നിലവിളി!

കട്ടിടയ്ക്കുഗ്രമെത്ര സത്ത്വങ്ങളെ
വെട്ടി, വെട്ടി,ബ്ഭരണിയാം നക്ഷത്രം
തന്നധിദേവതയ്ക്കു നിവേദിച്ചു!
നിന്നെയാർ തീർത്തു പൈശാചയജ്ഞമേ!

നിഷ്ഠുരം വഴിപാടിതു ചെയ്വോനേ,
വെട്ടുവോനേ, മുറുകെപ്പിടിപ്പോനേ,

Digitized By Kerala Sahitya Akademi

ഭദ്രതൻ തിരുനാമത്തിന്മേൽ, നിങ്ങൾ
ഭക്തരായ്നിന്നു ചോര തെറിപ്പിപ്പൂ—
ചോരയെസ്സുധയാക്കുന്ന മന്ത്രത്താൽ
ഘോരയക്ഷിയായ് മാറുന്ന ദേവിയെ!

ഘാതകർ നിങ്ങൾ, നിങ്ങൾക്കൊരു പെരും-
വൈതരണിയിച്ചോരയാൽ നിർമ്മിച്ചു—
നിങ്ങൾതൻ കാളരാത്രിതൻ സന്ധ്യയാ-
ണിങ്ങു കാണ്മതു രക്തക്കുരുതിയായ്!
'കൊല്ലുവോൻ കൊലയേല്ക്കും;' 'വിതച്ചതേ
കൊയ്യുകയുള്ളു;' കർമ്മമലംഘ്യം.
പുൽക്കൊടിത്തല നുള്ളുന്നതുപോലു-
മുഗ്രപാപമായ്ക്കണ്ടു കണ്ണുള്ളവർ,
ഉള്ളുകൊണ്ടുമുടൽകൊണ്ടുമാവിധം
ചൊല്ലുകൊണ്ടുമഹിംസയെസ്സേവിച്ചോർ,
മംഗലാത്മാക്കളേറെപ്പേരുത്തുപേ-
രെങ്ങു ജാതരായെ,ങ്ങു കുടികൊണ്ടു,
മാനനീയമാം രാജ്യം സഹിക്കുമോ
മാനവന്റെയീ മാംസാദചേഷ്ടിതം—
യജ്ഞസംജ്ഞം നിരപരാധവധം
വിജ്ഞഗർഹിതം വിശ്വഭയാനകം?

ഭദ്രകാളി, ഭയാപഹേ, കൈതൊഴാം!
പുത്രവത്സലേ, ലോകൈകമാതാവേ,
ഇന്നുതന്നെ നിന്മക്കളീ മൌഢ്യത്തിൽ-
നിന്നു കേറാൻ കനിവരുളേണമേ!



—**—

Digitized By Kerala Sahitya Akademi

## 25. ബന്ധനസ്ഥനായ അനിരുദ്ധൻ

മായാരണത്തിൽ വളരെ ന്നൂടർ ചേൎന്നു തീവ്ര-
വ്യായാമനാകുമനിരുദ്ധനെ വെന്നശേഷം,
ധീയാന്ന ബാണസചിവേന്ദ്രനഷാഗൃഹത്തിൽ-
പ്പോയാൻ, തദീയസഖി ചെന്നറിയിച്ചുമൂലം.

തച്ചിട്ടോല്യമക്ഷികൾ, നരച്ചു വളൎന്നു മാറിൽ-
ത്തൊട്ടോരു താടി ചുളിവീണ പരന്ന നെററി,
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ-
മട്ടോടവൻ വിലസി മേദുരദീൎഘകായൻ.

പ്രാലേയശൈലരുചിയാം നിജമാളികയ്ക്കു-
മേലേ,റെ മോടി തടവുന്ന വരാന്തയിങ്കൽ,
മാലേന്തി വാട്ടമുഷ മന്ദിതചേഷ്ടയായി-
ട്ടാ,ലേഖ്യരൂപിണി കണക്കഥ കാണമാറായ്.

ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചു, വേൎത്ത
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി,
ചേലഞ്ചി മിന്നുമൊരു വെൺകുളിർകൽത്തറയ്ക്കു-
മേലങ്ങു, ചാരുമുഖി ചാരിയിരുന്നിടുന്നു.

Digitized By Kerala Sahitya Akademi

മുല്ലായുധത്തഴകണക്കു തഴച്ചു കുന്ത-
ലെല്ലാമഴിഞ്ഞഴകിലീ മണിവേദിതന്മേൽ
മല്ലാക്ഷിതൻ പിറകിലായ്ച്ചിതറിക്കിടപ്പൂ,
നല്ലാ ശരന്നഭസി കാർമുകിൽമാല പോലെ.

വീതാസ്ഥയായ് സുദതി തങ്ങളിലെങ്കിലും, തൽ-
പൂതാസ്പദപ്രണയബന്ധവശാൽക്കണക്കെ,
ശ്രീ താവുമത്തനുവിലാകുലമട്ടിൽ നില്പൂ-
ണ്ടേതാനുമുത്തമവിഭൂഷകളങ്ങുമിങ്ങും!

പീനസ്തനിയ്ക്കുടയ ചാരുകചോത്തരീയം
ഊനത്വശംസി നെടുവീർപ്പുകളാലുലഞ്ഞും,
സ്ഥാനത്തുനിന്നു കുറെ നീങ്ങിയു,മശ്രു വീണ-
ന്യൂനം നനഞ്ഞു,മൊളികെട്ടുമിരുന്നു മുറ്റം.

മാലാണ്ടു നായികയെ നോക്കിയുമങ്ങിടയ്ക്കു
ലോലാശ്രുപൂർണ്ണനിജദൃഷ്ടികളെത്തുടച്ചും,
ചേലാന്ന പൊമ്പിടിയണികളിർ താലവൃന്ത-
ത്താലാളിമാരവളെ വീശുവതുണ്ടു മന്ദം.

കുംഭാണ്ഡനാ പ്രഭുകുമാരികതൻ വിഷാദ-
സംഭാരവിപ്ലവമകൃത്രിമവത്സലത്വാൽ
വൻഭാവഭേദമൊടു കണ്ടു, കുറച്ചു നേരം
സ്തംഭാഭനായവിടെ നിന്നനിലയ്ക്കു നിന്നാൻ.

Digitized By Kerala Sahitya Akademi

താതൻെറയാഗമനമസ്സഖി ചിത്രലേഖ
ജാതത്വരം നികടമാണ്ടറിയിച്ചനേരം,
ഹാ, തന്വി തൽക്ഷണമുണന്നതുപോലെണീററ-
പ്പൂതസ്വഭാവനെ, യഥോചിതമാദരിച്ചു.

പീനാനുരാഗവശയായ്,ച്ചിലതൊക്കെയോതീ-
ടാനാണു മന്ത്രിയെ വരുത്തിയതിപ്പൊ; ഴെന്നാൽ,
നാനാവികാരപരിവാരിതയാം കമാരി
മൌനാതിലംഘനവിധിക്കസമത്ഥയായീ.

ചിന്താശതക്ഷുഭിതയാം ബലിസൂനുഭാഗ്യ-
സന്താനവല്ലി സഖിവോത്തമനോടിദാനീം
എന്താണു,ടുണ്ടുപറവാൻ തുടരുന്നതെന്നു
ഹന്താളിമാറുലമുഴറെറാട്ടു നോക്കിനില്പായ്.

ധീ മന്ദമാണ്ടനുടൻ, വിവിധം വികാര-
സ്തോമം കടന്നവളെയിട്ടു ഞെരുക്കിടുമ്പോൾ,
പ്രേമപ്രസിക്തമതിയായ്പ്പിതൃതുല്യനാക-
മാ മന്ത്രിവൃദ്ധനൊട്ടു ബാലികയെന്തു ചൊല്ലം?

നേരിട്ടുമഷ്ട,മഴലൊ,ന്നിവ നെഞ്ചിടിപ്പാം
ഭേരിപ്രണാദമിടചേത്തടരാടി മേന്മേൽ,
ഭൂരിത്രപാദികളെയൊട്ടു ജയിക്കയാല-
ച്ചാരിത്രശാലിനി ചിരാലൊരു വീപ്പു വിട്ടു.

Digitized By Kerala Sahitya Akademi

പാറുന്നതുണ്ടു പുരുതീപ്പൊരിയെന്നു തോന്നു-
മാറുള്ള തീക്ഷ്ണതരവീക്ഷകളാൽ പ്രകാമം
നീറുന്നവസ്ഥ സചിവേന്ദ്രനു ചേർത്തു മന്യു-
വേറും മനസ്സിനി ദൃഢസ്വരമോതിപിന്നെ:—

"ഹാ, ജന്യസീമ്നി പല യോധഗണത്തെയൊററ-
യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
വ്യാജപ്പയററിൽ വിജയിച്ചരുളുന്ന ദൈത്യ-
രാജന്നെഴും സചിവപുംഗവ, മംഗളം തേ!

തെററാചരിച്ചവയിലെന്നിയെ വാഞ്ഛപോലെ
മററാരിലെങ്കിലുമണയ്ക്കുക ദണ്ഡമെന്നോ,
ഉററാളുകൾക്കിതുവരെയ്ക്കുമകായ്ച്ചചെയ്തു
പററാതെ നിർത്തിയ ഭവാൻെറ നയം വിധിപ്പൂ?

ഞാനാളയച്ചിഹ വരുത്തിയതാണു; കയ്യേ-
റാനായ് സ്വയം വരികയല്ല മമാർയ്യപുത്രൻ;
നാനാതരത്തിലപരാധമൊരാൾക്കു, ബന്ധ-
സ്ഥാനാപ്തിയന്യനു;-മിതോ ബലിവംശധർമ്മം?

അച്ഛാരുശീലനമഘാനചിതനെന്നുതന്നെ-
വെച്ചാലുമെൻ പെരിയ തെററൊഴിയുന്നതാണോ?
ഏച്ചാപലാലനയവർത്മനി മുമ്പു കാലു
വെച്ചാളെ വിട്ടു,നഗനെങ്ങിനെ ശിക്ഷ നല്ലാം?

Digitized By Kerala Sahitya Akademi

കാരാധിവാസമവിടെയ്ക്കു വിധിച്ചതോർത്താൽ,
ഘോരാപരാധമുടയോരിവരാം വധ്യതന്നേ;
വീരാവരോധപദസംശ്രയധന്യയാം ഞാൻ
തീരാക്കൃതാർത്ഥതയൊടൊത്തു മരിച്ചുകൊള്ളാം!'

അല്ലായ്കിലെന്തിനിനിയും മമ ബന്ധ;-മെന്നെ-
ക്കൊല്ലാതെ കൊന്നിടുക ചെയ്തുകഴിഞ്ഞുവല്ലോ!"
വല്ലാത്ത തൊണ്ടവിറയാൽ, വരവാണി ശേഷം
ചൊല്ലാൻ കുഴങ്ങി,യൊരു കട്ടികണക്ക കേണാൾ.

കാരാഗൃഹം ഖലജനോചിതമെങ്ങു? സൌഖ്യ-
സാരാർഹനാം സുചരിതൻ നിജനാഥനെങ്ങോ?
ഓരാതെ പററിയ കഠോരവിപത്തിതിൽ,ക്ക-
ണ്ണീരാ നൃപാത്മജ തടുത്തിടുമെത്രനേരം?

പാരം മനസ്സലിവൊടെ,ങ്ങിനെ വേണ്ട സാന്ത്വ-
പ്രാരംഭമെന്നു പിതൃമന്ത്രി പരുങ്ങിടുമ്പോൾ,
നീരന്ധ്രമശ്രു കുറെ വാർന്നതിൽവെച്ചു തെല്ലു
ഭാരം കുറഞ്ഞ നില പൂണ്ടവൾ ചൊല്ലി വീണ്ടും:—

"താതന്നു, ഞാനിഹ വധൂജനവർജ്ജ്യമാകും
സ്വാതന്ത്ര്യമാർന്നതിലുമെന്തഭിമാനഭംഗം?
ഹാ, തന്മകൾക്കനഘവീരവധൂപദാപ്തി-
യേതച്ഛനെങ്കിലുമസമ്മതമാവതുണ്ടോ?

Digitized By Kerala Sahitya Akademi

വീരാഗ്ര്യനാം ഭുവി കലീനനുമാണ താനെ-
ന്നാ, രാജമാന്യചരിതൻ വെളിവാക്കിയല്ലോ,
നാരായണാത്മജസുതന്നൊരു ദാസിയായി-
ത്തീരാനു,മേതു നൃപകന്യക കൊതിയ്ക്കയില്ല!"

ചൂടാണ്ട വീർപ്പിട്ടമമാത്യനുരച്ചു:—"വത്സേ,
തേടായ്ക മന്യു; ശുഭമാസ്സരുമൊക്കെ മേലിൽ,
ഈടാന്ന വാഴ്കമനുരാഗനദിയ്ക്ക വിഘ്നം
കൂടാതൊഴുക്കനെവദിയ്ക്കുകയില്ല ദൈവം!

ഏകാന്തരൂഢമിഹ നിന്നനുരാഗനുരാഗം
സ്വീകാര്യകോടിയിലിരിപ്പതുതന്നെ, പക്ഷേ,
ഹേ കാര്യവേദിനി, യശോധനനാം നൃപന്നു
ലോകാപവാദമഖിലോപരി ഗണ്യമല്ലീ?

നില്ലാഞ്ഞ കോപഭരമൊന്നൊഴിയട്ടെയച്ഛ-
ന്നെ;-ല്ലാം യഥേഷ്ടമറിയിച്ചു ശരിപ്പെടുത്താം;
തെല്ലാശ്വസിയ്ക്ക" 'തവ സൽസഖി, ചിത്രലേഖേ,
വല്ലായ്മ തേടിടരുതെ'ന്നെ,ഴുന്നേറ്റ വൃദ്ധൻ.

പേർത്തും, വിടന്ന പനിനീർമലരിങ്കൽ മഞ്ഞു-
നീർത്തുള്ളി പോല,രുണമായ കവിൾത്തടത്തിൽ
വീർത്തുള്ള ദീർഘനയനങ്ങളിൽനിന്നു ബാഷ്പം
വാർത്തു,ൽപലാക്ഷി വരമന്ത്രിയൊടൊന്നു ചൊ

(ന്നാരം:—..

Digitized By Kerala Sahitya Akademi

"ശോകാബ്ധിയാണ്ടൊരുരുഷൻ ഹതജീവിതത്തി-
ലാകാംക്ഷയുണ്ട മമ ബന്ധുജനത്തിനെങ്കിൽ,
ഏകാകിയായ് പ്രിയനിരിയ്ക്കുമിടത്തിലൊന്നു
പോകാൻ, ഭവാനനുവദിയ്ക്കണമിപ്പൊഴെന്നെ!"

ഓരാത്തപേക്ഷയിതു കേട്ടളവുൾത്തടത്തി-
ലാ രാജകീയപുരുഷന്നൊരു മിന്നൽ പാഞ്ഞു:
ചേരാത്തൊഴിയ്ക്കു നൃപദണ്ഡിതനാം യുവാവായ്-
ച്ചേരാൻ സ്വയം വിടുകയോ നൃപപുത്രിയാളെ!

ആ മന്ത്രിതങ്ങൾ, നൃപഭക്തിഭരം കുമാരീ-
പ്രേമപ്രകർഷമിവ തമ്മിലൊരേതരത്തിൽ
വ്യാമർദ്ദമൊട്ടിട നടന്നു; ദശാവിശേഷാൽ-
സ്സാമർത്ഥ്യമന്നൊടുവിലെത്തതുതാൻ ജയിച്ചു.

* * * *

തൻ പ്രജ്ഞതൻ സ്ഥിരതയാലൊരു ഭാവഭേദം
സംപ്രസ്ഫുരദ്വദനതാരിലിയന്നിടാതെ,
സംപ്രത്യുഷസ്സിൽ, തുറങ്കിൽ വെറും നിലത്തു,
'ചംക്രം'പടിഞ്ഞു ജുവപുസ്സൊടിരുന്നിടുന്നു.

വീരക്കുടയ്ക്കു ഹരിചന്ദനമാം രണാസൃക-
പൂരം പുരണ്ട വിരിമാറിനു തെല്ലു താഴേ
ആരമ്യബാഹുപരിഘങ്ങളും പിണച്ചുകെട്ടി,
സൈ്വരം വസിച്ചിടുകയാണിഹ കൃഷ്ണപൌത്രൻ.

Digitized By Kerala Sahitya Akademi

സ്വച്ഛപ്രസാദമലർമങ്ക രമിപ്പതാം മു-
ത്തച്ഛന്റെ പുണ്യപുരിയിൽ, മണീഗൃഹത്തിൽ
സ്വച്ഛന്ദസൌഖ്യമൊടു മുമ്പു വസിച്ചപോലി,-
ങ്ങച്ഛന്നസത്ത്വനിധി കല്ലറ പൂക്കിരിപ്പൂ!

വാരുററ ചില്ലി, വിരിവേറിയ നെററി, ധീര-
ചാരുക്കളാം രുചിരദൃഷ്ടികളെന്നിതെല്ലാം
താരുണ്യലക്ഷ്മിയെ, നനുത്തു കറുത്ത മീശ
ചേരും തദാസ്യനളിനത്തിൽ വളർത്തിരുന്നു.

ശ്രീമദ്വൃഷത്തിനെതിർതോളംവരെ നീണ്ടിറങ്ങി,-
ക്കാർമണ്ഡലദ്യുതി തിരണ്ടു ചുരുണ്ട കേശം,
പോർമന്നിലെപ്പൊടി പുരണ്ടു പരുത്തു ചെമ്പി-
ച്ചാ മട്ടിലും നയനമോഹനമായിരുന്നു.

ക്രൂരാന്ധമന്ത്രിയുടെ മൌനമയാന്ധവാദാൽ-
ക്കാറായ്പ്പൊരുംകുഴലിയാളം നടകൊണ്ടു താനേ,
പാറാവുകാർ സപദി സംഭ്രമകമ്പമേന്തും-
മാറായ്ത്തുറന്നൊരു തുറങ്കിനകത്തു പൂക്കാൾ.

ഹാ, മൺകുടത്തിലെരിയുന്ന മണിപ്രദീപം,
ഭീമശ്മശാനഭുവി നട്ട രസാലപോതം,
ധൂമത്തിൽ വെച്ച മലർ, കുപ്പിയിലിട്ട സാള-
ഗ്രാമം, ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം,

Digitized By Kerala Sahitya Akademi

പങ്കത്തിലാണ്ടു പെരുമന്തി, മൃഷാപവാദ-
ത്തിങ്കൽപ്പതിച്ച സുയശസ്സിവയെന്നപോലെ,
വങ്കല്ലറയ്ക്കകമിരുന്നിടുമാ യുവാവീ
മങ്കക്കൊടിയ്ക്കുഥപുരോഭുവി കാണമാറായ്! (യുഗ്മകം)

കാരാഗൃഹത്തിലിരുളിൽ,പ്പതുകൊണ്ടൽ മൂടും
താരാധിനായകനെ മുഗ്ദ്ധചകോരി പോലെ,
പേരാളിടും ദയിതനെബ്ഭൂത കണ്ടു താപ-
ഭാരാൽക്കുമാരി കൊടുതായൊരവസ്ഥ തേടി.

വണ്ടാറണിക്കുഴലഴിഞ്ഞു പുറത്തു ചിന്നി-
ക്കൊണ്ടാത്മവല്ലഭ വരും വരവന്നകാണ്ടു,
കണ്ടാന്ന കല്ലറയിലെച്ചെറുതാം വെളിച്ചം-
കൊണ്ടാ യുവാവലഘുനെഞ്ചിടി പൂണ്ടു കണ്ടു.

കാരാഗൃഹസ്ഥനതിഥിയ്ക്കെതിരേല്പിനായി-
ട്ടാരാത്തസംഭ്രമമെണീയ്ക്കുവതിന്നു മുന്നേ,
ആരാലണഞ്ഞവൾ,ഴക്ക പതിഞ്ഞ മഞ്ഞ-
'വീരാളി' ചേന്ന രമണാങ്കതലത്തിൽ വീണാൾ.

ആ ലോകസുന്ദരിയെ വെക്കമെടുത്തു വേണ്ടും-
പോലോമനിച്ചുരസി ചേർത്തു പുണന്നു കാന്തൻ,
ചേലോട്ട കുന്തൽ ചിതറും കവിളത്തു ചുംബി-
ച്ചാലോലബാഷ്പധരി കൈത്തളിരാൽത്തുടച്ചാൻ.

Digitized By Kerala Sahitya Akademi

ഘോരായുധവ്രണിതകാന്തകളേബരം കൈ-
ത്താരാൽക്കനിഞ്ഞതഹഹ, തൊട്ടുതലോടിടുമ്പോഠം,
ശ്രീരാജകന്യകഠം കൊതിച്ചുവരുന്ന വീര-
ദാരാസ്പദത്തിലുമുഷയ്ക്കു വിരക്തി തോന്നീ!

ദാരങ്ങഠംതൻ പരമദീനത കാണ്കയാല-
ധീരന്നഭൃതചരധൈയ്യലയം പിണഞ്ഞു:
പാരം പതച്ചു കരഠം, മേനി വിയത്തു, നാസാ-
ദ്വാരം വിടൎന്നു, മിഴിയിൽച്ചുടുനീരുയൎന്നു.

സൈ്വരം സഗദ്ഗദമുരച്ചു കുമാരനേ:-ന്തീ-
യാരംഭ?-മദ്ഗുരുജനാജ്ഞ ഗണിച്ചിടാതെ,
സ്ത്രീരത്നമേ ഭവതി ബന്ധനമേററ കുററ-
ക്കാരൻെറ സന്നിധിയിലെങ്ങിനെ വന്നുചേൎന്നു?

ആഗസ്വിയായ്, സുതനു, സംപ്രതി ഞാൻ: നിനക്കീ-
സ്സൌഗന്ധികപ്രസവസൌഭഗമാം പദത്താൽ,
ദുൎഗ്ഗേഹമതിലെച്ചരലിൽച്ചവുട്ടാൻ
യോഗം വരുത്തിയതു മാമകദോഷമല്ലോ!

പ്രേമത്തൊടും പരിണയിച്ചു വധൂടിയെത്തൻ
നാമം നയിച്ചുപ്ചരിപ്പു ദരിദ്രർപോലും;
ഈ മന്ദഭാഗ്യനെ വരിച്ചതുമൂലമെന്നാ-
രോമല്ക്കു, ബന്ധഗൃഹമായിതു ബന്ധുഗേഹം!

Digitized By Kerala Sahitya Akademi

ദേവാരിവീരഭടശസ്ത്രശതങ്ങളേററ
നോവാകെയിപ്പൊഴതിലാണറിയുന്നതീ ഞാൻ:
മാൽ വായ്ച്ചുഴന്നു, കൃപണാകൃതി പൂണ്ടു, വാസു-
ദേവാത്മജസ്സ്നുഷ തുറുങ്കിലണഞ്ഞുവല്ലോ!

വൈവശ്യമുള്ളിലിയലായ്ക, ശുഭേ, നിരുദ്ധ-
നായ്ത്തന്നിതിപ്പൊഴനിരുദ്ധനുമെന്നതിങ്കൽ;
ദൈവം മറിച്ചു കരുതീടില,രക്ഷണത്താൽ-
ദ്ദേവൻ വെറുംപുഴ; മഹാബ്ധി മരുപ്രദേശം!

എന്നാലയേ ഭുവനസാധ്വി, തവാനുരാഗ-
മെന്നായുധം, മഹിതമെൻവശമുള്ള കാലം
ഒന്നായ്ജ്ജഗത്തിലെ വിപത്തുകളൊക്കെ നേർത്തു
വന്നാലുമില്ലിവനു ഭംഗഭയം തരിമ്പും!

ഏതാകിലും ദയവുചെയ്തു തിരിച്ചുപോകാൻ
നീ താമസിയ്ക്കരുത, പേക്ഷയിതൊന്നു താൻ മേ:
താതാവമാനകരമാകിയ കൃത്യമെന്തു?
വീതാഘമാം കുലവധൂജനമെന്തു ഭദ്രേ?"

ഇക്കല്യഭർത്തൃമൊഴി കേട്ടെഴുനേററുനിന്നു
നൽക്കഞ്ജമൊട്ടിനെതിരാം തൊഴുകയ്യുമായി,
ഉൽക്കമ്പമാന്ന കരളാവതുപോലുറപ്പി-
ച്ചക്കളഭാഷിണി കനിഞ്ഞറിയിച്ചിതേവം:—

Digitized By Kerala Sahitya Akademi

"ചെററപ്പു, ദൂർത്തശയിലാക്കിയതെ,ൻപ്രഭോ, കേ-
ടററങ്ങയെച്ചപലയാമിവളെ;-ങ്കിലും മേ
തെറെറത്രയും സദയമിങ്ങു പൊറുത്തു, തൃക്കാ-
ലററത്തെനിയ്ക്കനുവദിയ്ക്കുക നിത്യദാസ്യം!

ജീവാധിനായക, ഭവാൻ വ്രണിതാതുരാംഗ,-
നാവാസമോ, മലിനബന്ധഗൃഹാന്തരത്തിൽ;
ഈ വാസ്തവസ്ഥിതി മറന്നി,വിടത്തെ വിട്ടു
പോവാൻ കഥിയ്ക്കരുതു ദാസിയോടെൻ ദയാലോ!

മല്ലാളനൈകപര, മറെറവിടെഗ്ഗമിച്ചാൽ-
ത്തെല്ലാശ്വസിപ്പതിന്നെനിയ്ക്കുളതാകുമിപ്പോൾ?
വല്ലാത്തിരുട്ടറയിതെത്ര സുഖാഢ്യമങ്ങു-
ന്നില്ലാത്ത മാമകമഹാമണിമേടയെക്കാൾ!

പോകട്ടെയച്ഛനരിശപ്പെട്ടുമെന്ന കാര്യം:
സ്ത്രീകൾക്കു ഭർത്തൃസഹചര്യ വെടിഞ്ഞിടാമോ?
ഹാ, കഷ്ടമെൻദുരിത:-മെന്നെ വെറുത്തുവല്ലോ,
ലോകത്തിലെൻ പരമദൈവതമാം ഭവാനും!"

വിങ്ങിത്തുടുത്ത മിഴി രണ്ടിലുമശ്രു ചിന്നി-
ത്തേങ്ങിക്കരഞ്ഞിതവളിത്രയുമോതി വീണ്ടും;
തൂങ്ങിക്കിടക്കുമളകങ്ങളുമായ്,ത്തുലോം മാൽ
താങ്ങിത്തളർന്നപടി താന്നു തദാനനാബ്ജം.

Digitized By Kerala Sahitya Akademi

ആരോമലിൻ തൊഴുത കയ്യു പിടിച്ചു ചുംബി-
ച്ചോ,രോ വികാരഗതിയാലുഴലും കുമാരൻ
താരോട്ടമത്തനു നിജോരസി ചേർത്തുനിന്നി-
ഗ്ഗീരോതിനാൻ പ്രണയവിക്ലബമാം സ്വരത്തിൽ:-

"പ്രാണാധിഭർത്രി, കരയാൊയ്ക:- രിമുക്തനാനാ-
ബാണാളി താങ്ങുവതിനീയൊരു നെഞ്ചു പോരും;
ബാണാത്മജാനയനനീരൊരു തുള്ളിപോലും
വീണാൽസ്സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ!

ആപത്തു ഭാവിയിലിയലുവതായ ഭാഗ്യ-
ദീപത്തിനുള്ള നിഴലാണു;-ഴലായ്കതിങ്കൽ;
നീ പക്ഷ്മളാക്ഷി, നിജസത്മനി ചെന്നു വാഴ്ക,
താപത്തിനീത്തളിരുമെയ്യിരയാക്കിടാതെ.

ഉല്ലാസദാഹവവിനോദവശാൽക്കുറച്ചൊ-
ന്നില്ലായ്കയില്ല മമ മെയ്യിനു വാട്ടമിപ്പോൾ;-
അല്ലാതെ,പായകരപീഡകളൊന്നുമേററി-
ട്ടില്ലാ;-കയാൽ വെറുതെയാണിഹ സംഭ്രമം തേ.

നില്ലാതെ പോരിലുഴലും തവ താതനെന്നെ
വെല്ലാൻ ചതിപ്പണി തുടങ്ങിയതെൻെറ ഭാഗ്യം:
അല്ലായ്കിലുഗ്രപിതൃദുഃഖമിവൻനിമിത്തം
ഫുല്ലാംബുജാക്ഷി, തവ നേരിടുമായിരുന്നു!

Digitized By Kerala Sahitya Akademi

ക്ഷേമം കെടുത്തിടുമമംഗളമാം പുഴുക്ക-
ത്താ മഞ്ജുളാംഗി ചെറുതും പിണയാതെതന്നേ,
നാമന്തരംഗഭുവി നട്ടുവളർത്തിടുന്നീ
പ്രേമദ്രുമം സഫലമായ് വിലസും ക്രമത്താൽ.

ആരോമലേ, ഝടിതി കൈവിടുകിസ്ഥലത്തെ:-
ക്കാരോപവേശമബലാജനവർജ്ജ്യമല്ലീ?
നേരോതിടാം: ഭവതിയിസ്ഥിതിയിൽക്കഴിക്കു-
മോരോ നിമേഷവുമടിക്കൂടി ദുസ്സഹം മേ!"

ഖിന്നാംഗിയാളഥ സശങ്കമെടുത്തുകാട്ടീ
തന്നാശയം:— "തവ നിദേശമിവണ്ണമെങ്കിൽ,
എന്നാത്മനാഥ, ദയചെയ്തധുനാ ഭവാന്റെ
പിന്നാലെയാക്കുക മമ പ്രതിസംപ്രയാണം!

നേരായ് ക്ഷമിക്കു, മകൾതൻപിഴയാലമർഷ-
ഭാരാന്ധനായ ഗുരുവിൻ വിപരീതകൃത്യം;
ചേരാത്ത ദിക്കിലരിശം ചിരവർത്തിയാമോ?
ധീരാഗ്ര്യനങ്ങിഹ മറുത്തരുളായ്കവേണം!"

ഏവം കുമാരിയൊരുമട്ടറിയിക്കെയൊട്ടു
ഭാവം പകർന്നു, യദുനന്ദനനുച്ചരിച്ചാൻ:—
"ഹാ വൻഭയാൽത്തടവിൽനിന്നുമൊളിച്ചുചാടാൻ
ഭാവൽക്കകൊന്തനൊരു തസ്കരനോ സുശീലേ?

Digitized By Kerala Sahitya Akademi

സ്സാരാന്തതാപഗരിമാവിനു കീഴടങ്ങി–
ദ്ധീരാംഗനാനില വിടായ്ക യദൃസഗ്ന്നഷേ, നീ:
കാരാഗൃഹാലിവനെ വീറൊടു വീണ്ടെടുപ്പാൻ
പാരാതെയെത്തുമിഹ നിൻപതുബാന്ധവന്മാർ:

ആ മാന്യർ തക്കപടി, നിൻപ്രിയതാതനാത്മ–
ജാമാതൃചൂരുഷകലീനത ബോദ്ധ്യമാക്കി,
പ്രേമാററയാം ഭവതിയെ, ജ്ജയലക്ഷ്മിയെപ്പോ–
ലാ മാധവീയപുരിയിങ്കലണച്ചുകൊള്ളും!

കാന്താംഗി, നമ്മളിൽ മുറയ്ക്കനുരാഗവിത്തു
താൻതാൻ വിതച്ചതു വൃഥാ കളയില്ല ദൈവം!
സ്വാന്താർത്തി വിട്ടു തിരിയേ നടകൊൾക വേഗം:
നാം താതശാസനവിലംഘികളായ്ക്കരൊല്ലാ.''

നിലവറയുമിതേറേറാതുന്നതുണ്ടെന്നു തോന്നും–
നിലയിലി,വിടെ മന്ദം മാറെറാലിച്ചാത്തിണക്കി,
പലതിതുവിധമോതിക്കൊണ്ടു പാരം പണിപ്പെ–
ട്ടലസഗമനയാളെക്കാമുകൻ യാത്രയാക്കി.

—**—

Digitized By Kerala Sahitya Akademi

# 26. കൊച്ചുസീത

## I

(കാകളി)

ഹൂമണിമേടത്തളത്തിലുച്ചയ്ക്കൊരു
കോമളകന്നിയാം വേശകുമാരിയാൾ
രാമായണം മുദാ വായിച്ചിടും വിധൌ
വ്യോമാന്തരേ നിന്നൂ നിശ്ചലം ഭാസ്കരൻ.

ആച്ചാരുഗാത്രിതൻ വക്ത്രചന്ദ്രങ്കൽനി-
ന്നാച്ചലിയ്ക്കുമൃഷ്ടികാവ്യഗാനാമൃതം
ഉച്ചക്കൊടുംവെയിൽ വെണ്ണിലാവാക്കുമാ-
റച്ചാരുസൌധാങ്കണത്തിങ്കലൊഴുകിതേ.

ബാലതൻ മുത്തശ്ശിയായ കിഴവിയു-
ണ്ടാലസ്യമോടങ്ങടുത്തൊരു കട്ടിലിൽ
തെല്ലു വളഞ്ഞു ചെരിഞ്ഞു കിടക്കുന്നു,
മല്ലീശരൻെറയൊടിഞ്ഞ വിൽപോലവേ.

പെട്ടെന്നു വായന നിർത്തി,യാ നീണ്ടിടം-
പെട്ട മയ്ക്കണ്ണൊട്ടടച്ചക്കുമാരിയാൾ



Digitized By Kerala Sahitya Akademi

ഏതോ വിചാരത്തിലാണ്ടുപോയ്, പൊൻകവിൾ-
പ്പൂതത്തിലുണ്ടാം പുളകാങ്കുരത്തോടും.
പാട്ടു കേൾപ്പാനായ് വളർത്തുപെൺമാൻ ചെവി-
പാർത്തുനിന്ന മലർത്തോപ്പിന്റെ വീഥ്യകൾ
താത്തെന്നലായ് വന്നു, തയ്യലിൻ കാർകുഴൽ-
ച്ചാർത്തണിഞ്ഞുനെററി ചുംബിച്ചു മെല്ലവേ.
അച്ഛന്റെ നേരിനായ്സ്വസുഖവുമുപേ-
ക്ഷിച്ചു കണവന്റെ കൂടെ നടന്നോവൾ
ഉച്ചണ്ഡകാനനപ്പുൽപ്പരപ്പും ചിരം
പച്ചനീരാളത്തിരുമെത്തയാക്കിനാൾ;
മാലത്ര വാഴ്കിലുമാരുടെ സുസ്ഥിര-
ശീലമാം ചിത്തത്തെയൊട്ടൊന്നിളക്കുവാൻ,
കൈലാസപർവതംകൊണ്ടു പന്താടിയ
കൈകൾക്കുപോലും കഴിഞ്ഞീലൊരിയ്ക്കലും;
ആരുടെ ചാരിത്രതേജസ്സിലാഹന്ത,
ഘോരമായാളിന തീയ്യും തണുത്തുപോയ്;
വേറേ വിളഞ്ഞീലെവൾക്കൊത്ത രത്നമി-
ബ്ഭാരതഭൂവിൻ വിശുദ്ധഗർഭത്തിലും;
ആ മൈഥിലിയായ്ച്ചമഞ്ഞവൾ ചേതസാ
ശ്രീമൽഗൃഹത്തിലും കാട്ടിലുമൊപ്പമേ,
രാമഭദ്രനു സമാനനായോരഭി-
രാമപുരുഷന്റെ പത്നിയായ് മേവിനാൾ.
എന്നാലിതിലൊരു വിഘ്നമായ് മുത്തശ്ശി,-
യന്നിനവിങ്കൽനിന്നാത്മജാപുത്രിയെ,

Digitized By Kerala Sahitya Akademi

"ഇന്നിത്ര വേഗം കഴിഞ്ഞുവോ വായിയ്ക്ക–
ലെ'ന്ന ചോദ്യത്താലിറക്കിവിട്ടീടിനാൾ.
അപ്പോൾത്തുറന്നു പറകതാൻ ചെയ്തിതാ–
സ്സൽപഥാന്വേഷിണി, തന്റെ മനോരഥം:—
'സീതയെപ്പോലെ പതിപ്രേമചാരിത്ര–
പൂതമാക്കാവു ഞാനെന്നുടെ ജീവിതം!'
അമ്പോ, മഹിമാവിതാഷ്ടഭ്രവോ: തവ
വൻപോക്കളത്തിലും നിഃസ്സാമകാഹളം;
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി;
വേശത്തെരുവിലും ചാരിത്രസൌരഭം!

തള്ള പിടഞ്ഞെഴന്നേററാൾ: 'മുളയിലേ
നുള്ളിക്കളയേണ്ടുവൊന്നിക്കെട്ടമതം;
സീതയോ മാതൃകയെന്മണിപ്പൈതല്ലേ?
സീതയെക്കാളെത്ര മീതെയാണെന്മകൾ.
ഇന്നിൻ കഴൽത്താരിൽ വീണുരുണ്ടീടുവാ–
നൊന്നല്ല, പത്തല്ല രാവണന്മാരിയിൽ!

താനൊട്ടു പൊന്തിച്ച തൻതറവാടിനെ
വാനത്തുരുമ്മിയ്ക്കുമാത്മജാവൈഭവം
കണ്ടാശ്വസിയ്ക്കട്ടെ, പെട്ടെന്നു നമ്മെ വി–
ട്ടുണ്ടർനാട്ടുൾപ്പൂക്ക നിന്നമ്മയോമനേ!'

ദുഷ്ടി നനച്ചേവമുച്ചരിച്ചോന്നു വീ–
ഴ്പ്പിട്ടവൾ കുട്ടിയെത്തൊട്ടുതലോടിനാൾ;

Digitized By Kerala Sahitya Akademi

കെട്ടഴിച്ചാൾളഥ തൻസ്മൃതിഗ്രന്ഥവു-
മൊട്ടു കനത്തു വിളത്തുള്ള ചുണ്ടിനാൽ:—
ഇമ്മന്നിലപ്സരസ്ത്രീകഠം നാം വേശ്യമാർ;
ധമ്മം നമുക്കിങ്ങു രണ്ടേ വിനിശ്ചിതം:
നമ്മൾക്കു കോവിലിൽപ്പോയ് നൃത്തമാടലും,
പുമ്മാനസങ്ങളെ നൃത്തമാടിയ്ക്കലും.
നാത്തനമേസവയിൽ നെററിത്തടത്തിൽനി-
ന്നെത്ര വിയപ്പുനീരിററിററ വീഴമോ,
അത്ര വെൺമുത്തുകഠം മുന്നിലുതിരുന്നു
നൽദ്ദേവദാസിമാക്കീശ്വരപ്രീതിയാൽ.
ദേവാച്ചനത്തിനായ് ലോകം സമപ്പിച്ച
പൂവുകളാകുന്ന തേവിടിസ്ത്രീകളെ
മൂർദ്ധ്നാ വഹിയ്ക്കുന്നു വൈദികൻകൂടിയും,
ക്ഷേത്ര'പ്രസാദ'ത്തെയെന്നപോലാദരാൽ.
പൂരുഷന്മാരൊക്കെയൊപ്പു; മഭിജ്ഞയാം
വാരാംഗനയ്ക്കില്ല രാഗവും ദ്വേഷവും.
ആരെയും തന്നിൽ മുഴകിയ്ക്കുയല്ലാതെ,-
യാരിലും മുങ്ങുമാറില്ല വേശ്യാനടി.
അദ്ദശകണ്ഠൻ കിഴിഞ്ഞപേക്ഷിയ്ക്കിലു-
മത്ര പതിഭക്തി കാണിച്ച സീതയെ
പത്തും തികഞ്ഞനാളക്ഷതരക്ഷകഠം
തത്തിന കാട്ടിൽക്കളഞ്ഞീലയോ പ്രിയൻ!
നിച്ചിലും സ്വാതന്ത്ര്യമേ നോക്കും ചില നര-
രിച്ഛപോലെ കുടുക്കിട്ടു നല്ലാർകളെ

Digitized By Kerala Sahitya Akademi

മൊച്ചകളിറ്റപ്പിയ്ക്കുവാനായ് വിരചിച്ച
തുച്ഛങ്ങലയ്ക്കാം, സതീധർമ്മമെന്നപേർ.
ചാരിത്ര്യമോമല്വ, കാമൻ ദഹിച്ചതിൻ-
ചാരമെന്നത്രേ ഗണിപ്പു ഗണികമാർ;
ഓരാതെടുത്തതു തേയ്ക്കൊലാ, ചന്ദന-
ച്ചാറണിയേണ്ടുമീ യൌവനക്കുമ്പമേൽ.
ജീവിതമെന്നാൽ യഥേഷ്ടം സുഖിയ്ക്കലാ-
ണാ, വഴിയ്ക്കല്ലിസ്സതീവ്രതത്തിൻ ഗതി;
ഛരീ, വർത്തമാനത്തെയിട്ടു ചീയിയ്ക്കയോ
ഭാവിക്കു് സ്ലേറ്റ് വളംവെച്ചുകൊള്ളുവാൻ!

ഏകപരിനീതമെന്നുള്ളൊരിടുങ്ങിയ
പാഴ്ക്കോണി തേടുന്നതെന്തുൽഗതിയ്ക്കു നീ?
വൈകുണ്ഠസമ്പത്തുമുണ്ടിതാ, നിൻകാല്ക്കൽ,
വാർകുന്നളിപ്പുത്തലപ്പൊന്നിളക്കിയാൽ!

സ്രഷ്ടാവു നല്കും വിഭൂഷ-- വപുർല്ലക്ഷ്മി--
കിട്ടാത്ത പെണ്ണിന്നണിയാം സതീവ്രതം;
തമ്പുരാന്മാൎക്കും കൊതിതോന്നുമെൻപൊന്നു-
ചമ്പകത്തിന്നാ മുരിക്കുപൂവെന്തിനാം? * * *"

## II

(മാകന്ദമഞ്ജരി)

'ചമ്പകവല്ലി'യാം വായനക്കാരിയ-
ങ്ങമ്പെപ്പകച്ചു തൻകണ്ണിണയാൽ,

Digitized By Kerala Sahitya Akademi

ഇത്തൊറിപ്പാക്ക ചവിട്ടും കിഴവിതൻ
വക്ത്രമേ നോക്കിയുംകൊണ്ടിരുന്നാലും:
ദുർഗ്രഹമാമെന്തോ വർണ്ണിയ്ക്കും വാധ്യാർത-
ന്നഗ്രഭാഗത്തൊരു കുട്ടിപോലെ

ഇല്ലായ്കയില്ലാ മനസ്സാക്ഷിയെന്നതി-
ത്തള്ളക്കുലടയ്ക്കുമുള്ളിലെ;-ന്നാൽ
തെല്ലൊന്നനങ്ങുവാൻപോലുമാളല്ലതു
കല്ലൊത്ത മാമൂലിൻ ഞെരുക്കൽമൂലം!

കള്ള നിറച്ചു, പുറത്തു ഗംഗാംബുവെ-
ന്നുള്ള പേരൊട്ടിച്ച പാനികളാൽ
പാവങ്ങൾ വഞ്ചിയ്ക്കപ്പെട്ടുപോയ്: കാണ്കെത്ര
പാവനമാം പദം—'ദേവദാസി'!

ഇദ്ദേവദാസീവകുപ്പിനെസ്സൃഷ്ടിച്ച
പുത്തൻ വിരിഞ്ചന്റെയിച്ഛയല്ലോ
സ്ത്രീകളാം വീചികൾക്കായ് നീക്കിവെച്ചതീ
ലോകസമുദ്രത്തിൽദ്ദാസ്യനൃത്തം.

തായാട്ടു പാടിപ്ഫലിപ്പിച്ച കൂട്ടർതൻ
താളത്തിനൊത്തിങ്ങു തുള്ളുകയാൽ,
അപ്സരസ്ത്രീകളേ, നിങ്ങൾ നരകത്തി-
ലത്രേ പുലരുന്നു, വിണ്ണിലല്ല!
എന്തിന്റെ തേജസ്സരുന്ധതീനക്ഷത്ര-
മന്തരിക്ഷാന്തരേ നിത്യദീപ്തം,
അപ്പാതിവ്രത്യവും പാഴ്ക്കരിക്കട്ടെപോ-
ലു;-ത്ഭുതം ദൃഷ്ടിമറിവിതയ്യോ!

Digitized By Kerala Sahitya Akademi

ഏതോ പൈശാചികൻ ഊതിക്കെടുത്തും—
ഏതോ ചെകുത്താനിളിച്ചുകാട്ടുന്നതായ്
വാദിയ്ക്കപ്പെട്ടേയ്ക്കാം ക്രൂരിതുളാൽ;
എന്നാലുമിങ്ങു വെളിച്ചം വെളിച്ചംതാൻ—
എന്നെന്നും, സത്യംതാൻ സത്യമേ, നീ!

വാദ്ധ്യക്യത്തിന്റെ ചുമതല്ലാലക്കെട്ട—
വാശ്ധാരയൊന്നു മറിഞ്ഞൊ ലാക്കിൽ,
പുല്പായിൽ നിന്നെഴുന്നേററിളം പൊൻകൊടി
ശ്രുദ്ധരാമായണപുസ്തകത്തെ,
ചെമ്പട്ടുകഞ്ചുകച്ഛന്നമായ്ത്താരുണ്യ-
സമ്പത്തുയന്നു വരുന്ന മാറിൽ,
കല്ലും പവിഴവും പൊന്നുമണിഞ്ഞൊരുള്ള
കണ്ഠം തൊട്ടമാറ വെച്ചഴകിൽ,
ഇത്തിരി ചാഞ്ഞൊരു തണ്ടലർപോലായ
വക്ത്രത്തിൻ കീഴ്പ്പുറംകൊണ്ടമത്തി,
കമ്മോതിരമണിക്കൈത്താർകളാൽപ്പിന്നിൽ..
ക്കമ്രമാം കാർക്കുന്തൽ കെട്ടിക്കൊണ്ടും,
പാവാടത്തുമ്പുകൾ മേൽപ്പുറം ചുംബിച്ച
പാടലപാദതലങ്ങളാലേ
കണ്ണാടിപോലാം നിലത്തു പദേ പദേ
കാശ്മീരച്ചാറു തളിച്ചു കൊണ്ടും,
വൃദ്ധസമീപത്തുനിന്നു, തൻസച്ചിന്താ—
ശുദ്ധമാം മച്ചിലേയ്ക്കായ്ഗ്ഗമിച്ചാൾ,
കാലേ കഥഞ്ചന പാഠാലയം വിട്ട
ബാലകർക്കണ്ടാം തിടുക്കമോടേ.

Digitized By Kerala Sahitya Akademi

യൌവനചൈത്രമച്ചമ്പകവല്ലിയെ-
പ്പൂവണിയിച്ച തഴപ്പിയ്ക്കായായ്:
എന്തൊക്കെയുത്സവ തെളിഞ്ഞു വിളങ്ങിയോ
നത്കിതന്നുടൽ നാളിൽ നാളിൽ;
അത്രയ്ക്കത്രയ്ക്ക സുശോഭനമായി ത-
ച്ചിത്തവും സീതാഗ്രണാനുധ്യാനാൽ.

എന്നാൽപ്പിടിച്ചുവലിച്ചിതു മുത്തശ്ശി
യുന്നായതതിങ്കലേയ്ക്കോമലാളെ:
ഇന്നവ്യതാരുണ്യലാവണ്യം കാനന-
ചന്ദ്രികയായ്പ്പോകിലെത്ര കഷ്ടം—
വന്നേറീ കാവല്ക്ക ചാരിത്രപ്പാമ്പെങ്കി,-
ലിന്നിധികൊണ്ടെന്തു സാധ്യം പിന്നെ!
നിൻചോററിലുണ്ടായ്ക്കിളിത്തതാണെങ്കിലു-
മഞ്ചിതമാകുമീയാമ്പലിനെ
അച്ചേററിലെയ്ക്കുതാനാഴ്ത്താൻ ശ്രമിച്ചിട്ടെ-
ന്തു,ച്ചുപിടിച്ച വഴിക്കളമേ?
വാശി വളൻ ദുരാശയാം വൃദ്ധയ്ക്കാ-
പ്പേശലാംഗിയ്ക്ക പൊറുതികേടും;
ചേട്ടയും ലക്ഷ്മിയും തമ്മിലെശ്ശണ്ഠയാ
വീട്ടിലുണ്ടാകുന്നു വീണ്ടും വീണ്ടും.

ഏകദാ, വല്ലിതൻ രാമായണോൽഗീത-
മാകർണ്ണനംചെയ്ത സൂര്യൻ ക്രമാൽ

Digitized By Kerala Sahitya Akademi

പര്യുജ്ഝിതോഷ്ണാവായ്സ്സൌമ്യനായ്പ്പശ്ചിമ-
പര്വതപ്രാന്തത്തിൽ വിശ്രമിച്ചോ,
അമ്പതോളം വയസ്സാർന്നൊരു പൂരുഷൻ
സംഭൃതോദ്ദീപ്തസുഗന്ധിവേഷൻ
തത്ര വന്നൊ,ന്നു മുറുക്കി മുത്തുക്കിയു-
മൊത്തുസല്ലാപം തുടങ്ങീ മെല്ലെ.
ഇമ്പമിയന്നപ്പുമാനു,മയാളുടെ
വൻപണസ്സഞ്ചിയും മുറ്വുപിമ്പായ്
വന്ധകീവൃദ്ധതൻ മുന്നിൽസ്സമപ്പിച്ചി-
തന്യഗ്ഗതങ്ങളെയാകമാനം.
വൃദ്ധയോ, ദൌഹിത്രിയ്ക്കന്നാദ്യമായിട്ടു
ലഭ്യമാകുന്ന പൊൻനാണ്യമെല്ലാം
രണ്ടുകൈകൊണ്ടുമെടുത്തു, ജരാക്രാന്തി-
കൊണ്ടൊളി മങ്ങിയ കണ്ണുകളിൽ
വെവ്വേറെ മൂന്നുരു വെച്ചാ വെൺകക്കകൾ-
ക്കവ്യക്തമായൊരു മിന്നലേററി,
'വല്ലാത്ത നാണക്കരുന്നാണ;- കത്തെയ്ക്കൂ,
ചെല്ലുമുറങ്ങിയാൽച്ചെല്ലുകെ'ന്നാൾ.
ഈ വാക്കൊരമ്പായ്പ്പതിച്ചു യദൃച്ഛയാ
കാവേണിത്തയ്യലിൻ കണ്ണുങ്ങളിൽ;
ആവതെന്തിങ്ങയ്യോ നിന്നെച്ചതിപ്പോനാം
രാവണനിപ്പുമാൻ കൊച്ചുസീതേ!

ആഗതയായിതു രാത്രിയും, ജാരൻെറ-
യാകുലാപേക്ഷയാലെന്നപോലെ;

Digitized By Kerala Sahitya Akademi

പിമ്പൊരു കിങ്കരി വന്നാംഗ്യം കാണിച്ചു്
വെമ്പിയെണീററാ വിരുന്നുകാരൻ
സഞ്ചിതതാംബൂലശോണിമാവാമൊരു
പുഞ്ചിരി സമ്മാനമായി നല്കി,
കാൽതസ്വരക്കാറുവിട്ട പട്ടേറാപ്പു
കൈത്തണ്ടിൽ വീണതെടുത്തു വീണ്ടും

തോളത്തു—കണ്ഠസ്ഥകാഞ്ചനരുദ്രാക്ഷ-
നൂലിൻെറ ചാരത്തു—തന്നെ ചാർത്തി,
വൈരക്കടുക്കൻ ശരിയ്ക്കാക്കലൊലഞ്ഞു
വേറെയും രണ്ടു ഗ്ലോപ്പു തൂക്കി,

കാമൻ കടുന്തുടി കൊട്ടുന്ന നെഞ്ച്യമായ്—
ക്കാൽ മന്ദം വെച്ചു നടന്നു, താനേ,
അന്യായമിന്നോളം തീണ്ടിയിട്ടില്ലാത്ത
കന്യാനികേതത്തിൽച്ചെന്നുകേറി,
'എന്തിവരം മൂടിപ്പുതച്ചു കിടക്കുന്ന-
തെ'ന്നങ്ങു കട്ടിലിൽ വീണു—ഹാഹാ,
നിമ്മീലിതങ്ങളായ്പ്പോയിതോ, ധമ്മമേ,
നിത്യവിനിദ്രങ്ങളം നിൻകണ്കളും!

ഇല്ലില്ല, ഭാഗ്യത്താല,പ്പുമാൻതൻ ഭുജ-
വല്ലിയാൽ വേഷ്ടിതമായ രൂപം,
ചേലുററ ചേലയാൽ മൂടിവെച്ചുള്ളൊരു
നീളൻ തലയണയായിരുന്നു:
ജാലരന്ധ്രാപ്തനിലാവിനെ നക്കിനാൻ
പാലെന്നോത്തിപ്പൂച്ച, പാവം, പാവം!

Digitized By Kerala Sahitya Akademi

പൊൻപണം വാങ്ങിച്ചതിച്ചോ മുത്തുമുത്തി?
ചമ്പകമെങ്ങു പോയെ,ങ്ങുപൊയ്പ്പോയ്!

## III

(പാന)

ചമ്പകവല്ലി വിട്ടൊരെഴുത്തിതാ,
തൻപവിത്രഹൃദ്രക്തവിലിഖിതം;
അക്കഥ നോക്കി വായിച്ചുകൊൾകിതി-
ല,ക്ഷികൾക്കശ്രുബാധയില്ലാത്തവർ:—

"ദേവദാസി ഞാൻ മാനുഷദാസിയായ്
മേവണംപോലി,താണെൻ കുലാചാരം.
യൌവനോൽഗമേ ഞങ്ങൾ പറയടി-
ച്ചാ 'വയസ്സറിയിപ്പ്' നടത്തണം;
ഇപ്പെരുംപറ കൊട്ടലനാചാര-
ദൃപ്തഭൂതച്ചമേ, നിൻജയോൽഘോഷണം—
ശ്രോത്രഭേദി ഹാ, മർത്ത്യൻെറ സോദരീ-
ഗോത്രനിന്ദനശബ്ദകോലാഹലം!

കോവിലിൽ നൃത്തമാടുവാനല്ലാതെ,
പാഴ്പ്പിടന്മാക്കു പാവയായാടുവാൻ
ഞാനൊരുങ്ങീല; മാതാമഹിയ്ക്കിതു
ദൂനതയേററി രണ്ടാംജര പോലെ.

Digitized By Kerala Sahitya Akademi

സീതയെപ്പോലെ സുസ്ഥിരചാരിത്രോ-
പേതയാകണമെന്നൊരാശംസയാൽ,
സാധുരാമായണത്തിൻെറ രാജ്യത്തു
നീതിലംഘനക്കാരിയായ്ത്തീൎന്നു ഞാൻ!

'വിട്ടുപോയ് ദേവിസീതയ്ക്കു നൈവേദ്യം
മുഷ്ടമായൊരുക്കാനെ'ന്നിടയ്ക്കിടെ
പട്ടിണിയ്ക്കിട്ടു, തള്ളയില്ലാത്തൊരു
കുട്ടിയാമെന്നെ മുത്തശ്ശി രുഷ്ടയായ്.
ആ വിബാധമാം മാതൃസംലാളന-
ത്താഴ്വരയിൽനിന്നിക്കൊച്ചരുവിയെ
ദൂരഗയാക്കിവിട്ടിതു, ദുർദ്ദിന-
കാരി യൌവനക്കാറിൻ സമാക്രമം!
വേളി വൎജ്ജിതം വേശ്യമാൎക്കു; മണ-
വാളരോ, യഥാകാമമനേകം പേർ;
താളിയോലക്കുറിപ്പിതെൻ തപ്താശ്രു-
ക്ഷാളനലവക്കേറ്റെത്തെളികയായ്.
അല്ലലിൻ നവ്യനവ്യവീപ്പാൽപ്പക-
ലല്ലുകളന്തിനീക്കിക്കഴിയ്ക്കവേ,
നല്ല കന്മതിൽ ചുററുമുള്ളെൻ വീട്ടി-
ലില്ല രക്ഷയെൻമാനത്തിനെന്നായി.

എൻനിധിയിതു കൂരിരുളിൽപ്പൊതി
ഞ്ഞന്നിശി കൊണ്ടുപോരാതിരിയ്ക്കിലോ,

Digitized By Kerala Sahitya Akademi

വന്ന ചോരൻ കടന്നു കവന്നോനേ:
വന്ദ്യവൈദേഹി തക്കളെ തോന്നിച്ചു!

ഊൺ കഴിച്ചു കിടന്നു കൺ ചിമ്മിയ
ഞാൻ കുറച്ചിടയ്ക്കുള്ളിൽ നിശ്ശബ്ദമായ്
വീടു വിട്ടു വെളിയ്ക്കു പോന്നോടിനേൻ
വേടനമ്പെയ്ത മാൻപേട പോലവേ.

അന്ധവിശ്വാസമെന്നപോലെമ്പാടു-
മന്ധകാരം പരന്നു കിടക്കിലും,
എൻതലയ്ക്കു മേൽക്കാണായി, സത്യത്തിൻ
പൊൻതെളിലിപിയോരോന്നുദ്ധൃച്ചലാൽ.

താരകങ്ങളേ, നിങ്ങളിൽ വത്തിച്ചു-
പോരുമെൻ മുത്തുമുത്തശ്ശിമാരെല്ലാം
ദൂരതകൊണ്ടു കാണുന്നതില്ലെന്നോ
ഭാരതത്തിൻെറ വൈപരീത്യങ്ങളെ:

മൃത്യുദണ്ഡിനെത്തന്നെയും തൃക്കാല്ക്കൽ
ക്ലപ്തദണ്ഡനമസ്കാരമാക്കിയോർ;
അക്കനെപ്പോലുമാജ്ഞാമഹത്ത്വത്താ-
ലല്ലിൽനിന്നു പൊന്താതേ നിറുത്തിയോർ;
മൌഢ്യജാതമാം മുഷ്ടിനെയാർദ്രമാം
നോട്ടമേകൊണ്ടു ഭസ്മീകരിച്ചവർ;
നാട്ടിനൊട്ടുക്കു നേരിട്ട ദാഹത്തെ
നാലു കണ്ണുനീർത്തുള്ളിയാൽ നീക്കിയോർ;

Digitized By Kerala Sahitya Akademi

പ്രേമശുദ്ധിയാൽ, നഞ്ഞു കുടിച്ചതും
യാമുനോദകപാനമെന്നാക്കിയോർ;
മാനരക്ഷയ്ക്കു തീയിലും, രക്താംബുജോ-
ദ്യാനവാപിയിൽപ്പോലേ മുഴുകിയോർ;
അപ്പതിവ്രതമാരുടെ രാജ്യത്തു,
തൽപ്പരിഷയിൽത്തന്നേ ജനിച്ചവർ,
കാമകിങ്കരന്മാരുടെ കൈത്തൊഴി-
ലാമൊരുതരം കണ്ണട വെയ്ക്കയാൽ
വെണ്മയെക്കറുപ്പായിട്ടു — നന്മയെ-
ത്തിന്മയായിട്ടു — കണ്ടുകണ്ടീവിധം
പാപദാരിദ്ര്യരോഗകൂപങ്ങളി-
ലാപതിച്ചടിഞ്ഞല്ലോ കിടക്കുന്നു!
(അക്ഷരമിണ്ടു കൈവിറയാൽച്ചെരി-
ഞ്ഞ, ശ്രുപാതാൽ ന നഞ്ഞുമിരിയ്ക്കുന്നു.)
മന്ദിരാൽപ്പാഞ്ഞു രാവിൻ മറയിൽവെ-
ച്ചന്നു സൂക്ഷിച്ച ചാരിത്രമെൻ ധനം
ഇന്നി മൃത്യുവിൻപെട്ടിയിൽത്താൻ കൊണ്ടു-
ചെന്നുവെയ്ക്കിലേ സംരക്ഷിതമാകൂ.
അപ്പരിഭ്രമപ്പാച്ചിലിൻ വൻകിത-
പ്പിപ്പൊഴും — പത്തുനാളിന്നുശേഷവും —
ഉൽപ്പതിപ്പതുണ്ടെ,ൻ പ്രാണവായുത-
ന്നന്ത്യയാത്രയ്ക്കകമ്പടിക്കാരനായ്!

ദ്യോവിലെത്തി ഞാൻ പ്രാചീനഭാരത-
ദേവിമാരോടു നേരിട്ടണയ്ക്കുവാൻ,

Digitized By Kerala Sahitya Akademi

മത്സഹോദരിമാരുടെയിന്നത്തെ
നിസ്സഹായതാസങ്കടമൊക്കെയും.

ഇത്രയുംകൊണ്ടു,ത്കൃഷ്ടമെൻ ജീവിത–
നത്തനം കലാശിപ്പിച്ചുകൊള്ളുവാൻ,
ഉൾ കനിഞ്ഞനുവാദമരുളട്ടേ
കാൽ കഴയ്ക്കുമിദ്ദാസിയ്ക്കു ദേവകൾ!

അൻപിയന്നു പൊറുക്കുകെൻ മുത്തശ്ശി,
ചമ്പകക്കുട്ടി ചെയ്ത തെറെറാക്കെയും;
മുമ്പു ചെൽവനമുത്ര, ഭവതിയെ–
യെൻപ്രിയാംബയോടൊത്തെതിരേല്ക്കുവാൻ.

ഹാ, വിടനല്കുകന്ത്യനമസ്സിതാ,
ദേവി, ഭാരതധാത്രി, നിൻതൃക്കാല്ക്കൽ!
ജന്മമുണ്ടിനി മേലിലുമെങ്കിൽ ഞാൻ
നിന്മടിയിതിൽത്തന്നേ പിറക്കാവൂ;
സൂദിതപാരതന്ത്ര്യമാരാകിയ
സോദരിമാരെ നീളവേ കാണാവൂ!

മാതൃരാഷ്ട്രോക്തിമാധുരീതർപ്പണ–
പ്രീതലോകേ, പ്രശസ്തവിചേഷ്ടിതേ,
ശീതപർവ്വതസേതുമധ്യസ്ഥിതേ,
സീതതൻ ജന്മഭൂവേ, ജയിച്ചാലും!"

പത്തുനാൾ തനിച്ചങ്ങിങ്ങു ചുററിയ
ബദ്ധധൈര്യയാം ചമ്പകത്തിൻേറതായ്

Digitized By Kerala Sahitya Akademi

വിസ്തൃതലോകഭിത്തിമേലൊട്ടിച്ച
കത്തിതേ ബാക്കിയായുള്ള സാമ്പ്രതം..
സ്വാദുവാല്മീകിസൂക്തസംസേവനാൽ
ജാതബോധയാമക്കൊച്ചുമൈഥിലി
മാനരക്ഷാത്ഥം,മാണ്ട മറഞ്ഞുപോയ്
മാതൃഭൂവിൻ പിളൎന്ന ഹൃദയത്തിൽ!
ക്ഷുദ്രധീതവമേ, സ്വാത്ഥപരതവമേ,.
നിദ്ദയതവമേ, നിന്നെരിതീയിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങിനെ
ദഗ്ദ്ധയാകുന്നു ഭാരതപ്പൂങ്കാവിൽ!

—**—

Digitized By Kerala Sahitya Akademi

## 27. വിഷുക്കണി

നീരാടിയാടി നിറം വളത്താർദ്രത
നീങ്ങിയിട്ടില്ലാത്ത ഗാത്രങ്ങളിൽ
ഭൂരിസസ്യങ്ങളാം പച്ചപ്പട്ടവകൾ
വാരിയണിഞ്ഞ ദിഗംഗനമാർ
ആരുടെ മേന്മയോ പാടിപ്പുകഴ്ത്തുന്നു
സാരസഹംസാദിനാദങ്ങളാൽ;
ആർതൻ മദഭേദമോ, പാലപ്പൂസൌരഭ്യം
പെയ്തു നടക്കുന്ന ഗന്ധവാഹൻ;
ആർതൻ മധുഗർഭമാണിക്യക്കോപ്പക-
ളാണോ, മണംപെറും ചെംപൊയ്ത്താർകൾ;
കാശങ്ങൾ ശുഭ്രമാം പൂംകുലച്ചാമരം
വീശുന്നതേതൊരു തമ്പുരാനോ;
ആശ്ശരൽക്കാലത്തിലുണ്ടാം വിഷുവത്തെ-
യുത്സവമാക്കുമാറില്ല ഞങ്ങൾ:
ആഡംബരങ്ങളിലാനന്ദം തോന്നലീ-
യാഷ്ട്രപ്രദേശത്തിനുണ്ടോ പണ്ടേ?

ആഴമുൾക്കൊണ്ട തടാകകൂപാദിക-
ളാ,ത്മീയസംപത്താം നീർ മുക്കാലും.

12*

Digitized By Kerala Sahitya Akademi

തീവെയിൽ തട്ടിയെരിഞ്ഞ നഭസ്സിലെ-
യ്യാവികളാക്കിയയയ്ക്കുകയാൽ;
ശിഷ്ടരാരാധിപ്പൊരില്ലായ്മയിങ്കലെ-
യ്യോട്ടൊട്ടിറങ്ങിപ്പോയ്ക്കൊണ്ടിരിയ്ക്കേ;
വെണ്ണിലാപ്പൈതങ്ങൾ പോലുള്ള മേഘങ്ങൾ
വണ്ണാഭിമാനം വെടിഞ്ഞു വാനിൽ,
പാരിന്റ ചൂടു പോയ്ജ്ജീവനം കൈവരാൻ
മാറാതെ ചെയ്യുന്ന വേലകളാൽ
കൂരിരുൾക്കൊപ്പം കറപ്പാൎന്ന കാർകളെ
സൈ്വരമായ്ച്ചേർത്തണച്ചാശ്ലേഷിയ്ക്കേ;
ആമ്പൽപ്പൂവല്ലികൾ, നക്ഷത്രലോകത്തെ-
യ്യോഞ്ഞു പാറുവാൻ മുതിൎന്നപോലെ,
കുണ്ടിൽപ്പോം വെള്ളത്തിൽനിന്നേറെപ്പൊങ്ങിയ
തണ്ടിൻതലയ്ക്കൽ വിടൎന്നിരിയ്ക്കേ—
ആദൃത്യ കൊണ്ടുവരുന്ന വിഷുവമേ
സ്വാദ്യവും പൂജ്യവും ഞങ്ങൾക്കെല്ലാം:
ഔദാൎയ്യമഗ്നര, ഭംഗുരസൌഭ്രാത്ര-
രാദ്യതോൽക്കവേച്ചൂർ കേരളീയർ.

മംഗളം മാധവലക്ഷ്മി മഹാൎഹയാ-
മങ്ങയെദ്ദീപങ്ങൾകൊണ്ടുഴിച്ചിപ്പാൻ
അങ്ങിങ്ങൊരുങ്ങിനില്പുണ്ടു വിനീതരാം
ഞങ്ങൾതൻ പുഷ്പിതചമ്പകങ്ങൾ.
അന്യപുഷ്ടങ്ങൾതൻ ഗാനംകൊതിച്ചുകൊ-
ണ്ടന്യരാജ്യങ്ങളിലാളുകങ്ങൾ,

Digitized By Kerala Sahitya Akademi

ചൈത്രമുഖത്താൽ നീയ്യതിയ കാറേററ
പൂത്തുതുടങ്ങുക മാത്രം ചെയ്യു,
ഈ മലനാട്ടിലെ മാമ്പൊഴം മാവുകൾ
പൂമെയ്യാളായ ഭവതിയ്ക്കിതാ,
മൂത്തുപഴുത്തുള്ള തേൻകായ്കൾകൊണ്ടുതാൻ
പ്രീത്യുപചാരം സമാചരിപ്പൂ.
മുല്ലപ്പൂകൊണ്ടു ചിരിപ്പതെന്തായ്യേ,നീ —
തെല്ലേറെക്കാല്ലെട്ടു പററുകയാൽ
ഭ്രുതിപഥങ്ങളിൽപ്പിന്നിലായ്പ്പോയാലു -
മാതിഥ്യകൃത്യത്തിൽ മുമ്പർ ഞങ്ങൾ.
അയ്യോ, വിയക്കുകയില്ലേ പലപ്പോഴ -
മിയ്യെരിച്ചൂടിൽ നിൻ കോമളാസ്യം?
തൂക്കിയിട്ടുണ്ടിതാ, മഞ്ഞക്കൈലേസ്സുകൾ
പൂക്കണിക്കൊന്നതൻ കൊമ്പുകളിൽ.

മുല്ലാടേ വീട്ടുവളപ്പിൽച്ചിലേടത്തു
ച പ്പുചവറുകൾ കൂട്ടിയതിൽ
തീ കൊട്ടത്തേതാനും പുഷ്പാവൃതാശോക -
ത്തെകളെസ്സംസ്പൃഷ്ടിച്ചു പേർത്തും പേർത്തും
കുമ്പിരിപ്പേരിൽ വിളിച്ചുവരുത്തുന്നു
കുഞ്ഞുങ്ങളെന്തോ നവാഹ്ലാദത്തെ.
കട്ടിക്കരങ്ങളിൽനിന്നു തെരുതെരെ -
പ്പൊട്ടിത്തെറിയ്ക്കും പടക്കങ്ങളിൽ
സ്പഷ്ടീഭവിയ്ക്കുന്നു, ശ്രീവിഷുവാഗമ -
തുഷ്ടിയാൽ വീടുകൾ വെമ്പും വെമ്പൽ.

Digitized By Kerala Sahitya Akademi

വാനവും മിന്നൽത്തീ പാറീട്ടമാറിടി-
ധ്വാനാൽപ്പടക്കങ്ങൾ പൊട്ടിയ്ക്കവേ,
മേഘഭക്ത്യശ്രുവിലോറാടി മേവുമീ
മേഷമാസാദിമപ്രത്യൂഷസ്സിൽ,
അക്കണിബിംബത്തിന്നൊക്കുന്നോരുരുളിയി-
ലപ്പിച്ച മംഗളദ്രവ്യങ്ങളിൽ—
വെള്ളരി, ശുദ്ധമേ പൊൻകട്ടി പോലുള്ള
വെള്ളരിക്കായ്, പാക്കു-വെററിലകൾ,
കാട്ടുവാൽക്കണ്ണാടി, പീതാംബരം, കുറി-
ക്കൂട്ടു, മഷിച്ചെപ്പിത്യാദികളിൽ—
സംക്രമിച്ചേവക്കും ദർശനം നല്കിന
സംക്രമപൂരുഷ, കൈതൊഴാം തേ.
രണ്ടു തേങ്ങാമുറിയ്ക്കുള്ളിലരിക്കിഴി-
കൊണ്ടുജ്ജ്വലിപ്പിച്ച ദീപികകൾ,
നിങ്കനിവിങ്കൽനിന്നങ്കുരിയ്ക്കുമിരു-
തങ്കക്കതിരുകളെന്നപോലേ
കൺകാഴ്ച നല്കാവൂ ലോകക്കിത്താമസ-
സങ്കടം നീക്കിസ്സഹസ്രഭാനോ!
ഇക്കണിപ്പാത്രത്തിലുണ്ടു മണിമയ-
ത്തിഷ്ഠമണിയിച്ചോരോലഗ്രന്ഥം;
മറെറന്തു, വാണിയെപ്പുല്കിനാൾ പൂമങ്ക
മത്സരം വിട്ടൂ നിൻപ്രഭാവാൽ:
ദോഷാന്ധകാരത്തെപ്പായിയ്ക്കുവൊന്നല്ലോ
പൂഷാവേ, പുണ്യമാം ത്വൽസാന്നിധ്യം.

Digitized By Kerala Sahitya Akademi

നന്നായ് വെളിച്ചം വിതച്ചീടുമങ്ങയെ
നിന്നിദ്രമായ്ക്കണികാണുംനേരം,
എൻനയനത്തിനിപ്പൊന്മണിമാലയും
കൊന്നപ്പൂമാലയുമൊന്നുപോലേ;
അപ്പടിയ്ക്കൊപ്പമേ വെള്ളിപ്പണങ്ങളു-
മിപ്പുതുകർപ്പൂരവട്ടകളും!
ഇത്തിരി നേരത്തെയ്ക്കെങ്കിലുമാഹന്ത,
സത്യസനാതനചിന്മഹസ്സേ,
അദ്വൈതാചാര്യന്റെ നാട്ടുകാർതന്നെയായ്,
തദ്ദർശനോദ്ബുദ്ധരിന്നു ഞങ്ങൾ!

Digitized By Kerala Sahitya Akademi

# 28. സ്ത്രീകൾ

ഗംഭീരവിശാലാത്മാ-
വംഭോധി, വീണ്ടും വീണ്ടും
പിമ്പോട്ടു ഇടിച്ചെത്തും
വേലയെക്കനിയിപ്പാൻ,
കമ്പമാർന്നുമിത്ഥം
കൊണ്ടുവന്നുപദയായ്
മുമ്പിൽവെച്ച്,വളുടെ
കാല്ക്കൽ വീണുരുളുന്നു;

മോടിയിലുപരിസ്ഥർ
താരങ്ങൾ തങ്കപ്പൂവും
ചൂടിപ്പൂ കറുത്തിരു-
ണ്ടുള്ള രാത്രിയെപ്പോലും;
അത്രയുമധോഗതി
പററിയ പകലോനെ-
യുദ്ധരിച്ചരുളുവാ-
നുഷസ്സന്നവൾ വേണം—

Digitized By Kerala Sahitya Akademi

നാരിയാൽ പരതന്ത്രൻ
പുരുഷനവളിൽത്താൻ
പാരതന്ത്ര്യത്തെപ്പുമ-
ത്തീടനാ ശാസ്ത്രോക്തത്താൽ.
ഉൽക്കർഷമേറും തങ്ങളം-
കെന്നൊക്കിവെപ്പാനാശ-
യുറുകൊണ്ട നരന്മാർതൻ
ന്യായത്തലപ്പുകളം,

ശുഷ്കമാം പനയോല-
യോടെന്തു മന്ത്രിച്ചാലു-
മിക്കാറ്റു പാരിന്നെല്ലാ-
മുറാ താങ്ങ്'ബലം'താൻ.
എങ്ങിനെ ശരിയ്ക്കൊന്നും
ജീവിതഭാരം നര-
നി,ങ്ങൊരു നതമാം തോളം
തുണപ്പാനില്ലെന്നാകിൽ?

ശ്രേഷ്ഠയാം ശ്രീമാതൊത്ത
നാളം വാഴും, തനിയ്ക്കൊരു-
ക്കൂട്ടുകാരിയാം സ്ത്രീയെ-
ക്കാണാത്ത ഭവനത്തിൽ?
പൂനിലാവിനു നിറ-
മെത്രകണ്ടുണ്ടാം പ്രേമ-
പൂർണ്ണമാം പുരന്ധ്രിതൻ
പുഞ്ചിരി ചേരാത്തേടം?

Digitized By Kerala Sahitya Akademi

കാന്തിയും കലാകളും
　　പുഷ്ടിയും സംതുഷ്ടിയും
ശാന്തിയുമെല്ലാം ദേവ-
　　ഭാഷയിൽ സ്ത്രീശബ്ദങ്ങൾ;
ആദിമപ്രകൃതിയും
　　സ്ത്രീത്വമേ വഹിയ്ക്കുന്നു;
സ്ത്രീതന്നേ പരാശക്തി;
　　സത്തയും ചിത്തും സ്ത്രീതാൻ!

—**—

Digitized By Kerala Sahitya Akademi

## 29. ഒരു മഹാസങ്കടം

അഹോ! മഹാസങ്കടമെന്തൊരാ-
പത്താണീയകപ്പെട്ടിതു നാട്ടിനെല്ലാം!
അഭംഗമംഗല്യഗുണങ്ങളാരാ-
ലകന്നു, സംസാരമസാരമായീ!!

ഇതിൽപ്പരം ദാരുണമാമനർത്ഥ-
മേററീടുവാനില്ലിനിയൊന്നുകൊണ്ടും;
ബ്രഹ്മാണ്ഡമെമ്പാടുമിടിഞ്ഞുടഞ്ഞു
വീണീടുമെന്നാലിഹ വീണിടട്ടേ!

വിടാതെയുണ്ടക്ഷിജലാതിവർഷം;
വിറച്ചിടുന്നു മതിഭൂമി മേന്മേൽ;
പൊങ്ങുന്നു ദുഃഖോൽക്കടധൂമകേതു;-
വിപ്പാരിലുൽപ്പാതമനേകമിപ്പോൾ.

ശോകം പൊറാഞ്ഞാളുകൾ കൂട്ടമിട്ടു
കേഴുന്ന കോലാഹലമൊന്നുതാനോ,
കഠോരകൃത്യങ്ങൾ സദാ നടത്തും
കലിക്കു കർണ്ണാമൃതമായ ഗീതം!

Digitized By Kerala Sahitya Akademi

വീര്യം വിപത്തേ! നരരെക്കുഴക്കാ-
നുണ്ടെങ്കിലും, നീയൊരു ഭീരുതന്നേ!
കൂട്ടത്തൊടല്ലാതൊരടിക്കിലൊററ-
യ്ക്കിറങ്ങലുണ്ടോ തവ മിടുക്കുവാദം?

അപായമച്ഛൻ 'നടുവ'ദ്വിജേന്ദ്ര-
നണഞ്ഞതിൽപ്പൊങ്ങിയ ബാഷ്പമല്പം-
തോരുന്നതിന്മുമ്പതിലും കടന്ന
കയ്യല്ലയോ, ദുർവ്വിധി ചെയ്തുവെച്ചു!!

അഹന്തയാൽക്കേരളഭൂമി ശൂന്യ-
മാക്കുന്നതിന്നോ വിധി കോപ്പിടുന്നു!
ആ വന്നിതാ, നമ്മുടെ കണ്ണുനീരാൽ
സ്വാതന്ത്ര്യസാമ്രാജ്യപദാഭിഷേകം!!

വിമുഗ്ദ്ധയാം കേരളഭാഷയേയും,
നൽപ്രൌഢയാം നിർജ്ജരഭാഷയേയും-
തെളിഞ്ഞൊരേമട്ടിലിണക്കിവെച്ചു
ലാളിച്ച ദാക്ഷിണ്യവിലാസശാലി,

ഇംഗ്ലഭാഷയാകും തറവാട്ടിൽ മുന്നേ
നേരിട്ട ദാരിദ്ര്യമകററുവാനായ്
പലതരം നവ്യസുഭവ്യകാവ്യ-
ദ്രവ്യങ്ങളുണ്ടാക്കിയ സച്ചരിത്രൻ,

Digitized By Kerala Sahitya Akademi

ശബ്ദങ്ങളെദ്ദാസരെയെന്നപോലെ
ശരിയ്ക്കു കീഴ്നിർത്തിയ ശക്തിയുക്തൻ,
തനിച്ചു മൂവ്വാണ്ടിടകൊണ്ടു സാക്ഷാൽ
ശ്രീ'ഭാരതം' തർജ്ജമചെയ്ത ധീരൻ,

കാളീകടാക്ഷഭ്രമരക്കളിപ്പൂ-
ങ്കാവായ കല്യൻ, കവിസാർവ്വഭൌമൻ,
കുലാഭിമാനപ്രദകീർത്തി, 'കഞ്ഞി-
ക്കുട്ട'ക്ഷിതീശൻ— ശിവരാമ! രാമ! (കലാപകം)

ചിക്കന്നു, വിജ്ഞാനവിശേഷരത്ന-
ച്ചെപ്പായിരുന്നാത്തല ചാമ്പലായി,
നിനയ്ക്കുവയ്യെൻ, മലയാളഭാഷേ!
നിർഭാഗ്യയാം നിൻഗതിയെന്തു മേലിൽ?

ശ്രീകോടിലിംഗക്ഷിതിപാലവംശാ-
രാമോത്ഥമീസ്സൽക്കവിപാരിജാതം
കടപ്പു,മസ്മൽസുകൃതത്തൊടൊപ്പം
കാലോഗ്രവാതാൽക്കടയററുവീണു!

സയത്നമുണ്ടാക്കിവരുന്ന ഭാഷാ-
സാഹിത്യഗേഹത്തിനു തീപ്പിടിച്ചു!
ഒരിയ്ക്കലും വിട്ടൊഴിയാത്ത നഷ്ട-
മോരാതെ നേരിട്ടു നമുക്കു കഷ്ടം!

Digitized By Kerala Sahitya Akademi

വൈധവ്യമാന്ദ്യ കവിതാവധൂടി!
ഹാ! കൈരളിപ്പെണ്ണിറാ കണ്ണുപൊട്ടി!
ആലംബനാശാലിഹ വാണിമാതിൻ
വലത്തു കൊങ്കയ്ക്കു വലച്ചിലായി!

ഹാ! ഹാ! ശുഭേ! കൌമുദി! പുത്രിയെപ്പോ-
ലായ് നിന്നെ ലാളിച്ച കവിക്ഷിതീശൻ
എന്നെയ്ക്കുമായ് നമ്മെ വെടിഞ്ഞു! നിൻറ...
മുഖത്തു ഞാനെങ്ങിനെ നോക്കിടേണ്ടു?

ആരിന്നി നമ്മൾക്കു ഹിതോപദേഷ്ടാ-
വാ?-സ്സൌമ്യനസ്സൽഗ്ഗുരു, സർവ്വമാന്യൻ
അഖണ്ഡധർമ്മം ഗുരുവെപ്പറിപ്പി-
പ്പാനങ്ങേർനാട്ടിന്നെഴുന്നള്ളിയല്ലോ!

ഹാ! വെണ്മണിബ്രാഹ്മണവര്യസൂനോ!
ഹാ! കൈരളീകൈരവശീതഭാനോ!
ഹാ! നൂതനവ്യാസ! തമോനിമഗ്ന-
രുന്നാഥരീശ്ശിഷ്യർ ഭവദ്വിയോഗാൽ.

കാലക്രമാൽത്തീപ്പെട്ടമമ്മയായ
ദേവിയ്ക്കു ശേഷക്രിയ ചെയ്തിടാതെ
അഭിജ്ഞനായോരവിടുന്നകാണ്ഡ
വിണ്ണിന്നെഴുന്നള്ളിയതെന്തിവണ്ണം?

Digitized By Kerala Sahitya Akademi

വാൎദ്ധക്യവും പൂണ്ടവിടത്തെയമ്മ
ജീവിച്ചിരിപ്പുള്ളതുമോൎത്തിടാതെ
നീ ചെയ്തതെന്തക്രമമാണിതയ്യോ!
കൃതാന്ത! കണ്ണിൽത്തവ ചോരയില്ലേ?

നിസ്തുല്യവാത്സല്യമിയന്നിരുന്നാ -
ഗ്ഗുരുത്തമന്നന്തമണഞ്ഞവാറും
കനത്ത മാൽകൊണ്ടുടയാത്തതാമെൻ
കരൾക്കു കല്ലും കരമേകിടേണം.

ഇത്തമ്പുരാനിൽപ്പുരുഷാൎക്കവേണ്ടും
ഗുണങ്ങൾ മുറ്റും വിധി ചേൎത്തിണക്കി;
എന്നിട്ടുമയ്യോ! പുരുഷാൎത്ഥമായു-
ള്ളായുസ്സിലൎദ്ധാംശവുമേകിയില്ലാ.

അമ്മേ! കുരുംബേശ്വരി! കാളി! കാല-
കാലന്റെ തൃക്കണ്ണിനു വെണ്ണിലാവേ!
നിൻഭക്തനാമീസ്സുകൃതിയ്ക്കുകാല-
വിപത്തകപ്പെട്ടതിലെന്തു ന്യായം?

മറെറന്തു ചൊല്ലാം! മലയാളഭാഷാ-
മരന്ദവാണിയ്ക്കു, മഹാകഷ്ടം!
താരുണ്യകാലം തടവുമ്പൊഴയ്ക്കും
തരങ്ങൾ തെററീ തിരുതാലിയററു.

Digitized By Kerala Sahitya Akademi

മൂരണ്ടു, മൂത്തൊന്നിനുമാവതില്ലാ-
തിങ്ങെത്ര പേരുണ്ടവരെത്തൊടാതെ,
ലോകോപകാരത്തിനു തക്ക ശേഷി-
യുള്ളോരെയല്ലോ മൃതി തീണ്ടിടുന്നു!

എല്ലാരിലും സൌഹൃദമൊന്നുപോലാ-
ണെ,ൻ തമ്പുരാനിില്ലൊരു പക്ഷഭേദം;
കണ്ണാടിപോലേ വിമലം കരാംക്കാമ്പ,-
തൊക്കെ നമ്മറംക്കിനിയോക്ക് മാത്രം!

അനർഗ്ഗളം കുത്തിയൊലിച്ചതായ
തൽസൂക്തി, മന്ദാകിനിയെന്നപോലെ
വിസ്താരമേറീടിന ഭാരതത്തെ
വിശുദ്ധമായ്ത്തീർത്തു വിളങ്ങിടുന്നു.

സുവിശ്രുതാത്യത്ഭുതശില്പകാവ്യ-
ശില്പത്തിലീ പ്രൌഢകവിക്കു ബാഢം
കിടയ്ക്കു നില്പാൻ, തനതാഗ്യനായ
കൊച്ചുണ്ണിരാജൻ തിരുമേനി മാത്രം.

കഴിഞ്ഞുവല്ലോ കഥയൊക്കെ! നമ്മറം
കരാളശോകാബ്ധിയിലെത്ര കാലം
കിടന്നുമുങ്ങീടിലു,മക്കവീന്ദ്ര-
രത്നത്തെയുണ്ടോ തിരിയേ ലഭിപ്പൂ?

Digitized By Kerala Sahitya Akademi

അനിത്യമാണെട്ടൂതികമായ ദേഹ-
മദൃശ്യമായ്ത്തീൎന്നതിലെന്തു മാഴ്കാൻ?
സുകല്പമീശ്ശാശ്വതകീൎത്തിദേഹ-
മാകല്പമായ് മന്നിനു മിന്നുമല്ലോ.

ലോകാന്തരത്തിലവിടേയ്ക്കു ശുഭങ്ങൾ നേരാൻ
ശോകാന്ധർ നമ്മൾ തുടരുന്നതു പാഴിലത്രേ;
സദ്യോഗസുസ്ഥിരതരൻ തിരുമേനി സാക്ഷാൽ
സച്ചിൽപ്രകാശമൊടു ചേൎന്നു ലയിച്ചിരിക്കും!!

—**—

Digitized By Kerala Sahitya Akademi

# 30. ഗുരുനാഥന്റെ തുപ്പൽ

## I

ഗുരോ, വണങ്ങാ,മിസ്സമുറ്റത്തുംതൊട്ടേ
നരുമക്കുഞ്ഞിവൻ ഭവാന്റെയും മകൻ.
ഇതാ, സമർപ്പിച്ചു ത്വദന്തികത്തിലൊ-
രിളംതലയെയെൻ ലാല്യകുടുംബവും,
സകരുണം ഭവത്സരസ്വതിയാൾക്കു
മുകരാനും മുറ്റരനുഗ്രഹിപ്പാനും.
ചെറുശിരസ്സിതിലജനെന്താണാവോ
കുറിച്ചിരിക്കുന്നത,റികവയ്യല്ലോ;
ഉറപ്പുണ്ടിങ്ങി,തിൽശ്ശുഭാക്ഷരങ്ങളേ
വരയ്ക്കുകയുള്ളൂ ഭവാനുടെ തുപ്പൽ.
ഒരു പനിനീർമൊട്ടിതാ, കാത്തുനില്പൂ
വിരിയുവാൻ വിദ്യാപ്രസാദോദയത്തെ.
'അതേ, വിദ്യാഭ്യാസം'-മസീനി ചൊന്നപോ-
ലി,'തിലടങ്ങിയെൻ വിവക്ഷിതമെല്ലാം.'
അഹോ, നാലക്ഷരമിതു നാലാഴിയാ-
ണ,ഗാധതകൊണ്ടുമപാരതകൊണ്ടും!
കടലാസ്സിൽക്കാണാം ലിപികളോടൊപ്പം
പഠിക്കാവൂ തവ പടുതയാലിവൻ,

Digitized By Kerala Sahitya Akademi

ഇടംപെട്ടും വാനിൽ വിഭാവരി കുറി-
ച്ചിടുന്ന കാഞ്ചനാക്ഷരനിരയെയും!
പിറന്നവരെല്ലാവരുടെയും പോലി-
ച്ചെറുനരന്റെയും കർമ്മനെരിപ്പോടിൽ
അറിവെരികനലുകളിട്ടിട്ടുണ്ടാ,-
മിരുളിനെപ്പോക്കും പ്രകൃതിയമ്മതാൻ;
മുറയ്ക്കവ കത്തിജ്ജ്വലിച്ചുകൊൾവാനോ,
മറവിയാകുന്ന മുകൾവെണ്ണീറിനെ
പതുക്കവേ തോണ്ടിയകറ്റുക വേണം;
അതിനുള്ള കോലീത്തവ തൂലികയാം.

## II

ഉറങ്ങാതേ നിന്നനിലയിൽ നില്ക്കണം
മനുഷ്യനെന്നാംമാറ,വന്റെ കാല്ക്കളിൽ
പിണച്ചിട്ടുകെട്ടുമിരിമ്പുചങ്ങല
മൃണാളനൂൽ പോലേ വലിച്ചുപൊട്ടിപ്പാൻ
കരുത്തുദിയ്ക്കു നിൻ കുരുന്നുകൈകൾക്കി-
ക്കളരിയാശാന്റെയുഴിച്ചിലാൽക്കുഞ്ഞേ!
പുരോഗതിയിൽ നേരിടും തടസ്സമോ-
ടൊരു 'മറി' ഗുസ്തി പിടിയ്ക്കുമ്പോഴെയ്ക്കും
കിതപ്പിളകാതെ, വിയപ്പിയലാതെ,
പതച്ച് പാറാതെ, തളച്ച് തട്ടാതെ,
പഴയ ഭാരതത്തിലെ നെഞ്ചാകാവൂ
പുതിയ നെഞ്ചിതി,ങ്ങെഴും പയറ്റിനാൽ!

തടവുപള്ളിയാസ്ഥരികില്ലി,പ്പാറ-
കുടീരത്തിൻ നാലുചുമരിനുള്ളിൽ നീ;
വളർത്തുവോർ ചൊല്ലികൊടുത്തതേ ചൊല്ലും
കിളികറംതൻ കൂടല്ലണഞ്ഞതെന്മകൻ.
നരൻ വില്ലം ഗ്രന്ഥാവലി മാത്രമല്ല,
ചിരം വായിയ്ക്കും നീ ഗുരുജനാനുഗൻ,
പ്രകൃതി കേവലം തുറന്നുവെച്ചൊരീ
പ്രപഞ്ചകാവ്യത്തിൻ ചില വരികളും.
രവിബിംബത്തിൽനിന്നിരവുറതിയിൽ_
ബ്ഭുവി ഞാന്ന പൊന്നിൻനെടുംകമ്പികളെ
പിടിച്ചു കേറിച്ചെന്ന,തിൻ പിന്നിൽ വിള_
ങ്ങിടും തേജസ്സിൻെറ കെടാവെളിച്ചത്താൽ
ഇരുളം നീങ്ങി,സ്സചരാചരങ്ങളു_
മൊരേ കുടുംബമെന്നതു കണ്ടറിയാൻ—
അഗണ്യമാമൊരു മണൽത്തരിയെയും
സഗഭ്യനെയെന്നവിധം സ്നേഹിയ്ക്കുവാൻ—
പരിശീലിയ്ക്കട്ടേ തവ കൊച്ചാത്മാവി,-
ഗ്ഗുരുപ്രവരൻെറ സുശിക്ഷണങ്ങളാൽ!
അടവികറംക്കുള്ളിലിലകളാൽത്തീർത്ത
കുടിലിങ്കൽ വാണ പുരാതനർഷിമാർ
ഉലകു പാർത്തുകമുണർന്നു പാടിയ
പല പല സനാതനഗാഥകളും,
നിശി മരക്കൊമ്പിൽ നിലാവിനാൽ വെള്ളി-
ക്കസവിട്ട പച്ചത്തിരശ്ശീലയാലേ

Digitized By Kerala Sahitya Akademi

മറഞ്ഞിരുന്നു പൂങ്കുയിലുകഠം പാടും
നിരക്ഷരഗാനങ്ങളുമൊരുപോലേ,
അവുതിയററെങ്ങും നിറഞ്ഞിരിപ്പതാ-
മൊരു നിശ്ശബ്ദതയുടെ മാററൊലിയായ്
സുവിസ്മയം കേഠക്കപ്പെട്ടുമാറാകട്ടേ
സുവിദ്യാത്ഥിൻ, നിൻെറയിളം ചെവികളാൽ!

അടിത്തട്ടിൽവെച്ചേതൊരു ഗന്ധവ്വനോ
പടുവീണ മീട്ടുന്നതായ്ത്തോന്നുംവണ്ണം,
നവമൃദുലമാമലയൊലിയൊടേ
നദികഠം മന്ദമായൊഴുകിടുന്നതും;
മഴക്കാലങ്ങളിൽ സ്വയംതന്നേ നെയ്ത
മരകതപ്പൈംപുല്ലണിച്ചുകലാസ്സാൽ
പുതച്ചു സൌഭഗം പൂലന്നു കുന്നുക-
ളതാതിടം തലയുയത്തിനില്പതും;
പല ചായങ്ങളാൽ,പ്പരന്ന സന്ധ്യാഭ്ര-
പ്പലകമേലേതോ പരോക്ഷമാം ഹസ്തം
മിഴികവരുന്ന വിവിധചിത്രങ്ങ-
ളെഴുതിയും മായ്ച്ചും പരിശ്രമിപ്പതും;
തിരുവന്തിക്കതിരവത്തങ്കക്കപ്പൽ
പെരുംകടലിലെയ്ക്കിറക്കിയ വാനം
ചെറുതിടകൊണ്ടങ്ങുഡുക്കളാമൊളി-
പെറും രത്നങ്ങളെ നിരത്തിവെപ്പതും
തവ ചൂണ്ടിക്കാട്ടിത്തരുമിടയ്ക്കിട-
യ്ക്കു,വക്രമാകുമീ വിനേതാവിൻ തൂവ്വൽ.

—*—

Digitized By Kerala Sahitya Akademi

## 31. അച്ഛന്റെ പ്രാത്ഥം

"ആരുമില്ലെന്നോ തല്ലി-
പ്പായിപ്പാൻ, പടിപ്പുറ-
ത്താരണരുടെ മാർഗ്ഗം
മുടക്കും ചണ്ഡാലനെ!"
എന്നു, വീട്ടുടമസ്ഥൻ
മണിമാളികതന്മേൽ-
നിന്നു ചെങ്ങിയ കണ്ണാൽ
നീട്ടിയ കടുനോട്ടം
ചോരപന്നടെ കയ്യിൽ-
ച്ചൂരലായ്ത്തീൎന്നപ്പിച്ച-
ക്കാരനാം പറയനെ-
പ്പാരിങ്കൽപ്പതിപ്പിച്ചു.

ശ്രാവസ്തീപുരേ പണ്ടൊ-
രാഢ്യവൈശ്യൻതൻ പിതൃ-
ശ്രാദ്ധത്തിൽസ്സതൃപ്തരാം
വിപ്രർതൻ പള്ളിത്തേട്ടൽ

Digitized By Kerala Sahitya Akademi

വിഴങ്ങിക്കളഞ്ഞാനോ,
തല്ലേററു തലവീണ്ടു
വീഴുമാ ക്ഷത്രിയത്തന്റെ-
യയ്യയ്യോവിളിയെയും!

വത്സരത്താദ്യങ്ങളാം
വിലയ്ക്കു ഭൂദേവർതൻ
സ്വസ്തിവാക്കുകൾ വാങ്ങി-
വെച്ച വൈശ്യേന്ദ്രനുടൻ,
സപ്രഹൃഷ്ടാരത്തുനി-
ന്നയരെക്കേൾക്കായ്വന്നു,
"ഭഗവാൻ, ബുദ്ധൻ ബുദ്ധ-
നെ"ന്നൊരദ്ഭുതഘോഷം.
പാഞ്ഞെത്തീ പടിയ്ക്കലെ-
യ്ക്കാസ്ഥയാ ഗൃഹസ്ഥനു,-
പ്പാവനാതിഥിയ്ക്കർഘ്യ-
പാദ്യങ്ങൾ സമർപ്പിപ്പാൻ;
അപ്പൊഴോ, മുന്നിൽക്കണ്ട
കാഴ്ച്യ—ഹാ, ഭക്തന്മാർ!
സുപ്രജ്ഞേ, വിജയിയ്ക്ക
ജീവകാരുണ്യക്കാമ്പേ!—
നിഭൃതജനൌഘമാം
വനമതിൽച്ചുററിന്നുള്ളിൽ
നിലത്തു ചമ്രംപടി-
ഞ്ഞിരുന്നു ബദ്ധശ്രദ്ധം,

Digitized By Kerala Sahitya Akademi

ആത്തനാമച്ചണ്ഡാല-
  ച്ചെക്കനെയത്തൻകണ-
ക്കാശപാശപ്പെട്ടതാക-
  യാണാ തന്തിരുവടി.
അങ്കശായിതനായ
  ബാലകന്റെ ഫാല-
ത്തിങ്കലെ മുറിവിൽനി-
  ന്നൊലിച്ച രുധിരത്താൽ,
കുങ്കുമപ്പൂപ്പുള്ളി
  കുത്തിയപോലായ്, സ്നേഹം
തങ്കിന സിദ്ധാർത്ഥന്റെ
  മഞ്ഞയാമുടുവസ്ത്രം.
യാതൊന്നോ ജഗത്തിങ്കൽ-
  ക്കൂരിരുട്ടിനെ നീക്കി-
ബ്ബോധമേകിടുമുഷ-
  സ്സിന്റെ പൊൻനിറം വീശി,
അത്തിരുമഞ്ഞളട-
  യാടമേലുദിപ്പിച്ചു,
രക്തമണ്ഡലമത-
  ന്നൊരു ചെംകതിരോനെ!
പുണ്ണുകളുടെ ചലം
  വാർന്നു ദുർഗ്ഗന്ധം പൂണ്ടു
കണ്ണിനുമറപ്പേകും
  ചണ്ഡാലശരീരത്തിൽ,

Digitized By Kerala Sahitya Akademi

ചന്ദനക്കുഴമ്പണി-
    ഞ്ഞുള്ളൊരു ശുചിമെയ്യി-
ലൊരാപോലത്രേ തൊട്ടു-
    തടവീ തഥാഗതൻ.
പാരിനെത്താങ്ങാൻവേണ്ടി-
    പ്പിത്രുകല്പിച്ചംകോലിനെ
ദ്ദൂരത്തെയ്യെറിഞ്ഞ തൃ-
    ക്കൈത്താരിൻ തലോടലാൽ.
ആരോഗ്യസുഖാമൃതം
    പുരണ്ടപോലായ്ത്തീന്നു,
ദാരുണകുഷ്ഠവ്യാധി-
    ക്ലിഷ്ടമക്കൃശഗാത്രം.
ദൂരത്തു നില്ക്കേണ്ടുന്നൊ-
    രയിത്തക്കാരനവൻ
പാരിടത്തെയും നേരേ
    തൊടുവാൻ പേടിപ്പവൻ,
ദാരിദ്ര്യക്കുടിലിങ്കൽ-
    പ്പിറന്നുവളന്നവൻ,
ഘോരെങ്കിൽപ്പകരുന്ന
    രോഗവും പിടിപെട്ടോൻ,—
എങ്കിലും, ദിവ്യസ്പർശാ-
    ലവന്റെ കണ്ടിൽപ്പോയ
കൺകളിലൊരു കൊച്ചു-
    വെളിച്ചം പാറിപ്പാഞ്ഞു:

Digitized By Kerala Sahitya Akademi

പ്രേമത്തിൻ തെളിയറ-
വില്ലാത്ത മരുഭൂവാ-
ണ്ടീ മന്നെ,ന്നിതിന്നുമു-
മ്പറിഞ്ഞിട്ടില്ലപ്പാവം.

വന്ദിച്ച വണിക്കിനോ-
ടേവരും കേൾക്കെച്ചൊന്നാൻ
സുന്ദരോദാരാകാര-
നാകിയ ഗുരുദേവൻ:—
"പെരിപൂജിച്ചല്ലോ നീ
ഭൂരിവിപ്രരെ;-യെന്നാൽ
പശിയുണ്ടൊരുപോലേ
വിപ്രന്നും പറയന്നും.
ഇവനോ, മഹാരോഗി,
ദരിദ്രൻ; വെറുംകഞ്ഞി-
യ്ക്കുവശമിരന്നതോ,
ബന്ധനാർഹമാം കുററം?
കുഷ്ഠത്താൽ മുരടിച്ച
കൈവിരലുകൾകൊണ്ടി-
പ്പട്ടിണിപ്പെതൽ വഹി-
ച്ചിരുന്ന ചട്ടിത്തുണ്ടും
ഒട്ടു കഞ്ഞിയാലല്ല
നനഞ്ഞു, തല്ലേററല്ല
പൊട്ടിയ തൻപാഴ്നെററി
വാർത്ത രക്തത്താലത്രേ:

Digitized By Kerala Sahitya Akademi

ണ്ടിററവൾക്കനിവേകാ–
        തിടിവാൾ വീഴിച്ചല്ലോ,
കൊണ്ടല്ലേ, വേഴാമ്പലിൻ
        വരണ്ട കൊക്കത്തു നീ!
ശരി, നീ കരഞ്ഞുകൊൾ–
        കി,പ്പാപ!മനുതാപ–
ക്ഷരിതബാഷ്പത്താൽത്താൻ
        കഴുകിക്കളയേണം.
മാനുഷൻ സമീപിച്ചാൽ
        മാനുഷനശുദ്ധിയോ?
മാനികളുടെ മിഥ്യാ–
        ഗ്രഹങ്ങൾ ചീന്തിത്തള്ളൂ;
ദീനരക്ഷയ്ക്കായ് നീക്കി–
        വെയ്ക്ക നീ പിതാവിന്റെ
പീനമാം പിതൃക്കിനാൽ–
        കൈവന്ന കുബേരത്വം.
ദാനവജ്ജിതമായ
        ദുഷ്ടസമ്പത്തിൻ ഭാരാൽ–
ത്താനധഃപതിച്ച നി–
        ന്നച്ഛനാണിച്ചണ്ഡാലൻ:
ഉണ്ണാതെ,യുടുക്കാതെ,
        നല്കാതെ,യെവയെയോ
ഖണ്ഡിച്ചു നേടിക്കൂട്ടീ
        പൂർവ്വജന്മത്തിലിവൻ,

Digitized By Kerala Sahitya Akademi

അപ്പൊന്നിൻ പണങ്ങളിൽ–
ച്ചിലവയത്രേ പാറി-
നില്പതി, കെട്ടമെയ്യിൽ
വട്ടപ്പുണ്ണുകളായി!
പുത്രൻെറ പവിത്രമാം
ത്യാഗമേ, ലോഭംമൂലം
ദുർശ്ശയ്യൂടിപ്പെട്ട
താതനു സിദ്ധൌഷധം."
"താതനും ഗുരുവുമെൻ
പിഴകറം പൊറുക്കുകെ"–
ന്നാദരാൽത്തൽപ്പാദത്തിൽ
വീണു വാണിജവര്യൻ
സ്വത്തെല്ലാമഗതികറം–
ക്കായിട്ടു സമർപ്പിച്ചാ–
നൃദ്ധന്യനിപ്പോളനു-
ഷ്ഠിച്ചതേ പിതൃശ്രാദ്ധം!

—•—

Digitized By Kerala Sahitya Akademi

## 32. വിലാസലതിക

പ്രോഷിതഭർത്തൃകയായ നായികയുടെ വസന്തകാലവർദ്ധിതമായ വിരഹതാപത്തെ കണ്ടിട്ട്, അപായശങ്കിനിയായ സഖി, അവളുടെ ഒരു സ്നേഹിതനോടു പറയുന്നു:—

കാലം കോകിലകാകളീകളകളം
ചിന്തും വസന്തം; ലസ-
ന്മാലത്യാദിമണം ചുമന്നു പെരുമാ-
റീടുന്നു മന്ദാനിലൻ;
നീലത്താർമിഴി കോകിതൻ നിലയിലാ-
ണി;-ന്നോളവും വന്നചേ-
ന്നീലദ്ദേഹ— മനംഗദേവനൊരുവൻ
കണ്ടൂ കലാശം സഖേ!

പ്രണയകലഹിതയായ നായികയെ നായകൻ അനുനയിപ്പിക്കുന്നു:—

സച്ഛന്ദ്രാഞ്ചിതശയ്യ ചേന്നു,ഴകെഴും
ഭാവപ്രഭാവത്തൊടും,
മൃച്ചംഗാനഗുണപ്രയുക്തവിവിധാ-
ലങ്കാരസമ്പത്തൊടും,

Digitized By Kerala Sahitya Akademi

വിചെല്ലാളിതകാളിദാസകവിത-
യ്യൊപ്പം വിളങ്ങുന്ന നീ
മച്ചേക്ഷോമണിമാലികേ, കിമപി കൈ-
ക്കൊൾകാ പ്രസാദത്തെയും!

നായകൻ യാത്രോദ്യുക്തനായിരിയ്ക്കുമ്പോൾ, ഒരു നവോ ഢയായ നായികയുടെ സ്ഥിതി:—

ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്,-
തന്മന്ദിരത്തൂഴ്വര-
ത്തൂണാലൊട്ടു മറഞ്ഞുനിന്നു, നെടുതാം
വീർപ്പിട്ടുകൊണ്ടങ്ങിനെ,
'കാണാം താമസിയാതെ'യെന്നൊരുവിധം
ബന്ധുക്കളോടോതിടും
പ്രാണാധീശനെയശ്രുപൂർണ്ണമിഴിയാൽ
നോക്കുന്നു മയ്ക്കണ്ണിയാൾ.

പ്രിയയുമായിപ്പിരിഞ്ഞു, കച്ചവടത്തിന്നായി അന്യരാജ്യത്തേയ്ക്കുപോകുവാൻ തുടങ്ങുന്ന നായകൻെറ ആത്മഗതം:—

നീരന്ധ്രാളകമിന്ദ്രനീലം;-മമലം
പല്ലൊക്കെ മുത്തു;-ൽസ്മിതം
ഹീരം; മൽപ്രിയതൻെറ ചുണ്ടു പവിഴം;
പൂമേനി ഗോമേദകം;

Digitized By Kerala Sahitya Akademi

ആ രത്നങ്ങൾ വശത്തിലുള്ളിവനി,താ,
സ്വല്പം ധനം നേടുവാൻ
ദൂരത്തെയ്ക്കു ഗമിയ്ക്കുയാണു: കഠിനം
നിൻ പ്രാഭവം ലോഭമേ!

പ്രണയകലഹിതയായ നായികയോടു നായകൻെറ അനുനയോക്തി:—

ഓമൽച്ചെഞ്ചൊടി മന്തിരിങ്ങ; മൃദുവാം
കൈത്തണ്ട പൂവൻപഴം;
ശ്യാമഭ്രൂവലരമ്പവില്ലു;- രസിജം
ചെന്തെങ്ങിളന്നീരുതാൻ;
ഇമ്മട്ടൊക്കയുമൊന്നുപോലെ മധുരം
നിന്നംഗ;-മിന്നെന്തുവാൻ
ഹാ, മൽക്കണ്ണി, കഷായമായി പവിഴം
പോലേ തവാക്ഷിദ്വയം?

—**—

Digitized By Kerala Sahitya Akademi

# 33. പകൽ

(കേക)

അത്രയും കളിക്കയോ-
ലെൻനേത്രമുൽപ്രേക്ഷിച്ചു:
വിസ്തൃതസുദീർഘമീ-
ക്കടലിൻ മണൽപ്പുറം,
പ്രകൃതീശ്വരിയുടെ-
യക്ഷയത്തളപ്പിലെ
പ്രവരകർപ്പൂരച്ചാ-
ർത്തിന്റെ കിടപ്പതാം;
കിഞ്ചന തന്മാധുര്യം
നുകന്ന ഹൃദയമോ,
പഞ്ചാരപ്പരപ്പാണി-
തെന്നഭിപ്രായപ്പെട്ടാൻ;
ഇവർതൻ തീരാത്തക്കം
കേൾപ്പതാരാ?—കഷ്ടം മേ
ശ്രവണം സമുദ്രത്തിൻ
മന്ദ്രതൂര്യാരാവത്താൽ.

Digitized By Kerala Sahitya Akademi

വിശപൂജിതർ നാനാ-
വിബുധർ വിഹരിയ്ക്കും
വിസ്തീർണ്ണനഭസ്ഥലം
ഹാ, തമോമലീമസം;
പാമരരാകം മർത്ത്യർ
ചവുട്ടി നടക്കുന്ന
പാഴ്മണൽപ്പുറപ്പിതോ,
സത്വസൽഗുണശുഭ്രം.
ഇതിനു വാനിൻ നേക്കു-
ളളനകമ്പാങ്കുരങ്ങൾ
മുതിന്നു നില്പുണ്ടങ്ങി-
ങ്ങുച്ചപ്പച്ചച്ചെടികളായ്!

സായാഹ്നോദിതമൊരു
മങ്ങലന്നകൃത്രിമ-
മായ കമ്പതിലാക്കീ
പശ്ചിമവ്യോമാന്തത്തെ;
അമ്മതിപ്പുകത്തുറി-
ന്നുയരെക്കാണായ് ചില
വന്മുകിൽത്തുണ്ടുകളാ.
മാരാമദ്രുമാഗ്രങ്ങൾ.
ഏതിന്ദ്രജാലത്താലോ
ക്ലുപ്തമീയതിർക്കോട്ട

Digitized By Kerala Sahitya Akademi

ജാതവിഭ്രമമാക്കി
    ദൃഷ്ടിയെ ക്ഷണനേരം:
ആഴിതൻ പരപ്പെല്ലാ-
    മെങ്ങുപോയ്, രശ്ശാലു.
നാഴിക നീന്തിച്ചെന്നാ-
    ലക്കരെയ്യെത്താമല്ലോ!
വെള്ളത്തിലിട്ടാലെന്ന-
    പോലവേ, കാററുംപ്പക്കഃ
പൊള്ളച്ചമമന്നമ-
    ങ്ങെന്നാടെയുടുവസ്ത്രം
തിരകളുടെ കളി
    കളിയ്ക്കുന്നതു കണ്ടു
നരയാർച്ചിരിച്ചാരാ-
    ക്കടലിൻ കൈക്കരണങ്ങൾ.

അസ്തമിച്ചിട്ടില്ലക്ക-
    നെ,ങ്കിലുമൊരു മിത്ഥ്യാ-
ഭിത്തിയാൽ തിരോഹിതം
    പെട്ടെന്നജ്ജഗദ്ദീപം—
വാരുണപുരോദ്യാന-
    പ്പൊന്നുപൂങ്കുലയതു
വാടിയോരിലയുടെ
    മറവിലായിപ്പോയി.

Digitized By Kerala Sahitya Akademi

കുങ്കുമപ്പൊട്ടുന്നാളിൽ-
ത്തൊട്ടീല സായംസന്ധ്യ;
തങ്കനീരാളസ്സാരി
നിവൃത്തിയത്തുമില്ലാ;
നഷ്ടലക്ഷ്മീക,മൊരു
മുഷിഞ്ഞ വെളിയട-
യിട്ടപോലിരുന്നു തൽ-
ഗൃഹത്തിൻ പുരോഭാഗം.

മരണം സമീപിച്ച-
പ്പോഴെയ്ക്കും പകല്ക്കതാ,
മറഞ്ഞുപോയ്പ്പോയ് തൻെറ
വിജ്ഞാനം— രവിബിംബം.
ആ വൃദ്ധനാളായീലാ,
സന്ധ്യയാം സ്വപുത്രിയ്ക്കാ—
ന്നീവിധമുപദേശി-
ച്ചാശ്വാസം വരുത്തുവാൻ:—
“പിതൃദുഃഖത്താൽ വാട്ടാ-
യ്ക്കോമനച്ചെന്താർമൈ നീ,
മൃതിതൻ കിനാവത്രേ
പിറപ്പെന്നതു വത്സേ;
നിത്യമായനന്തമാം
രജനിനീരാഴിയി-
ലുത്ഥിതമാകുമൊരു
വെൺപതയാണിപ്പകൽ.”

14*

—**—

Digitized By Kerala Sahitya Akademi

# 34. ശിഷ്യനും മകനും

I

മികവുടയ കുബേരപത്തനത്തിൻ
സുകനകമാകിയ താഴികക്കുടങ്ങളും,
പകൽ പകുതി കടന്ന ഭാസ്കരൻതൻ
പ്രകടമരീചികളാൽത്തിളങ്ങിമിന്നീ.

പല പല മണിമേട രണ്ടുപാടും
വിലസിന തൽപുരരഥ്യയിങ്കലൂടേ,
അലർശരരിപുവിൻ മഹാദ്രിതൻ നേ-
ർക്കലഘുവിഭാവനൊരന്തണൻ ഗമിച്ചു.

സുമഹിതമുനിവേഷനാമവൻതൻ
ഭ്രമരവൃതാംബുജരമ്യമാം മുഖത്തിൽ
വിമലതയൊടുദിച്ചിരുന്നതേറെ-
ശ്ശമഗുണമല്ലൊ,രു വീരലക്ഷ്മിയത്രേ.

വരജട, വിവിധാക്ഷമാല, മാന്തോൽ
മരവുരി, സർവ്വശരീരഭസ്മലേപം
പരമിതുകളിലൊന്നിലും മറഞ്ഞി-
ല്ലുര പെരുമാ യുവതാപസന്റെ ഒപ്പം.

Digitized By Kerala Sahitya Akademi

മദവൃഷഗതിയാമവൻെറയോരോ
പദതലവിന്യസനത്തിലും വിളങ്ങീ
സദഭിജനത, കൃത്യനിഷ്ഠ, ധൈര്യം,
ഹൃദയസമുന്നതി, ശൌര്യമെന്നിതെല്ലാം.

അവിടവിടെ മിഴിച്ചുനോക്കിനിന്നു
വിവിധവിചേഷ്ടിതർ പൌരരപ്പുമാനെ;
സവിനയർ ചിലർ, വായ്മറച്ചു കയ്യാൽ-
സ്സവിധഗരോടു,"രിയാടൽ മെല്ലെ"യെന്നാർ.

അമലസുഷമനാമവങ്കൽ യക്ഷ-
പ്രമദകൾ സസ്പൃഹവീക്ഷണങ്ങളാലേ
കമലദളവിശാലമാല ചാർത്തി,
സമമനസി തദീയപത്രലഖ്യി നേന്ത്യ!

ഇരുവശവുമിരിയ്ക്കുവോരെണീററു,
തെരുതെരെയധ്വഗർ മാറിനിന്നു ദൂരാൽ;
ഒരു ഭയബഹുമാനഭക്തിതിങ്ങി-
ത്തെരുവതു ഹന്ത, നിതാന്തശാന്തമായി.

പുകഴമളകനന്ദയിൽക്കളിച്ചാ
വികസിതകല്പകപുഷ്പരേണു പൂശി,
അകലുഷസരസീജലസ്ഥസൌഗ-
ന്ധികമണമേന്തിയ ശുദ്ധവായുപോലും,

പെരികെ നിഭൃതനായൊതുങ്ങിയിട്ടാ-
ണരികിലണഞ്ഞതു തൽസപര്യ ചെയ്യാൻ!

Digitized By Kerala Sahitya Akademi

പരിഘഭുജനിവൻ വഹിച്ച ചെന്തീ-
പ്പൊരി ചിതറും മഴ കാണ്കിലാർ നടുങ്ങാ?
(യുഗ്മകം)

ശമധനനിവനീ,യരിച്ചുടാസ്യ-
ഗ്രഹിമലിനമായ കഠാരിയാലെയല്ലോ,
സമരചതുരഹേഹയേശബാഹു-
ദ്രുമതകളായിരമാശു വെട്ടിയിട്ടു!

അതേ, മഹാൻ ഭാർഗ്ഗവരാമനാണി-
സ്സുതേജസാ ഭാസുരനാം ദ്വിജേന്ദ്രൻ;
ജിതേന്ദ്രിയൻ ധൂർജ്ജടിദർശനത്തിൽ-
ധൃതേച്ഛനായ്പ്പോവുകയാണിദാനീം.

## II

ആ മാനുഷാഷ്ടമദ,ശസ്ത്യമുഖാപ്ത 'കൃഷ്ണ-
പ്രേമാമൃത'സ്തുതിവശീകൃതരാധികേശൻ,
കാമാരിശിക്ഷിതമഹാസ്ത്രന,മിത്രദാഹി-
ധാമാവണഞ്ഞിതചിരേണ ഹരാചലത്തിൽ.

കൈലാസമേറി, മണിഗോപുരവും കടന്നു,
ശൈലാദിമുഖ്യബഹുമാനിതനാ മുനീന്ദ്രൻ;
വൈലാന്നിടാത്ത വടമൂലതലേ വിളങ്ങും
ശൈലാത്മജാരമണകേളിഗൃഹത്തിലെത്തി.

ശ്രീരത്നവേദിയിൽ വലത്തുമിടത്തുമായ്ത്ത-
ദ്ദ്വാരസ്ഥലത്തിരുവർ കാവലിനുണ്ടിരിപ്പൂ:

Digitized By Kerala Sahitya Akademi

ഹേരംബനം ഗ്രഹന്നമാമവരെപ്പണിഞ്ഞു-
ധീരൻ നടന്നു സദനത്തികനത്തു പൂകാൻ.

'എന്തിത്ര വെമ്പലി? ഹ തെല്ലിട നില്ക്കു; താത-
നന്തഃപുരേ കിമപി വിശ്രമമേല്ക്കുയത്രേ'
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ,
തൻതമ്പിയായ്ക്കരുതുമാ ദ്വിജനെത്തടുത്താൻ.

'ലീലാരസത്തിനിടയില്ലധുനാ, വിളംബ-
മേലാതുണർത്തുവതിനുണ്ടൊരു കാര്യ'മെന്നായ്,
കാലാരിശിഷ്യനഗജാതനയൻെറ കൈക-
ളാലാഞ്ഞു പുല്കിയ പിടുത്തമുടൻ വിടുത്തീ.

'ഏകാന്തസീമ്നി മരുവും ഗുരുതന്നടുക്കൽ-
പ്പോകാവതോ സഹജ, സമ്മതി കിട്ടിടാതേ?
വൈകാതെയച്ഛനിവിടെയ്ക്കെഴുന്നള്ളു'മെന്നാ
ശ്രീകാർത്തികേയനുരച്ചു കരം പിടിച്ചു.

എന്നാൽ ദ്വിജൻെറ ചെവിതന്നിലിതൊന്നുമേറി-
ലെ;-ന്നാ,രു കണ്ടു ഭൃഗുരാമനു പിന്മടക്കം?
ഒന്നാഞ്ഞു തട്ടി നടവാതിലിണയ്ക്കു നേരേ
ചെന്നാനകല്മഷനകത്തു കടക്കുവാനായ്.

വെമ്പിഗ്ഗമിക്കുമൃഷിതൻ ചുമലിങ്കൽ നീണ്ട
തുമ്പിക്കരം പുനരണച്ചരുളീ ഗജാസ്യൻ:
'മുമ്പിൽസ്സഖേ, തിരുമനസ്സറിയിച്ചിടാതെ,
മുമ്പിൽക്കടന്നണകവയ്യ, വരട്ടെ, നിൽക്കൂ.'

Digitized By Kerala Sahitya Akademi

'എല്ലാമ്പൊഴും പ്രണതശിഷ്യനു ദേശികങ്കൽ-
ച്ചെല്ലാം, സ്ഥലം സമയമെന്നിവ നോക്കിടേണ്ടാ!
നില്ലായ്ക പാഴ്ത്തൊഴിലിനെ'ന്നു നടന്നു വിപ്രൻ;
ചൊല്ലാൻ വിഘ്നപതിയേററു വിലക്കി വീണ്ടും.

'പോവട്ടെ ഞാൻ വിട്ടു'' 'വിടില്ല, കടന്നുകൂടാ!'
'ഛരീ, വക്രവൃത്തി തുടരുന്നതു രാമനോടോ?'
ഏറ്റം വഴക്കു മുറുകി, ദ്വിജദേവർ തമ്മിൽ,-
ട്ട്രാവം പകന്നു പിടിയും വലിയും തുടങ്ങീ.

പോർവ്വാശിയേശ്ശമവരെ പ്രശമപ്പെടുത്താ-
നാവാഞ്ഞൊഴിഞ്ഞു നിലവായി മയൂരവാഹൻ;
ആ വാഗ്വിവാദതുമുലധ്വനി കേട്ടണഞ്ഞ
ശൈവാഗ്ര്യപാർഷദരുമപ്പടി നോക്കിനില്പായ്.

ഖർവ്വാംഗനായ് ദ്വിജഭടൻ പിടിവിട്ടൊഴിഞ്ഞാ,-
ദ്ദുർവ്വാരമാം നിജപരശ്വധമൊന്നുലച്ചും,
ശർവ്വാത്മജൻ ഝടിതി കാല്ക്കു പിടിച്ചെടുത്ത-
ഗ്ഗുർവ്വാദ്ധ്യനെദ്ദിവി ചുഴററി സലീലമായ്ത്താൻ.

ഉണ്ണിഗ്ഗണേശ്വരനു പമ്പരമായ്ച്ചമഞ്ഞു
വിണ്ണിൽക്കിടന്നു തിരിയുന്ന മുനിയ്ക്കുകാണ്ഡം,
മണ്ണിൻചുവട്ടിലമരും ഭുവനങ്ങൾകൂടി-
ക്കണ്ണിൽപ്പതിഞ്ഞു പലവട്ടമിതെന്തു മായം!

താവൽക്ഷണാലുലകിലൊക്കെയുമൊന്നു ചുററി-
ച്ചാ, വണ്ണ്യപൌരുഷനെ മുൻനിലയിങ്കൽ നിത്തി;

Digitized By Kerala Sahitya Akademi

ദേവൻ മദാപഹാരണത്തിനു ചെയ്തതു,വീ-
ദേവകലിഷ്ടഫലമല്ലുളവാക്കിവിട്ടു!

ഉല്ലാസിതഭ്രുകുടിയായ് ഭൃഗുമുഖ്യനെ,ന്നെ-
ന്നില്ലാത്തൊരീ പ്രഥമമായ പരാഭവത്താൽ:
വല്ലായ്മ ദേവകൾ പെട്ടതുവതും ക്ഷമിപ്പൊ-
ന്നല്ലായിരുന്നു ഹഹ, ഭാരതപൂർവ്വരക്തം!

III

ആശങ്കമാ മാനി വൃഷാങ്കശിഷ്യ-
നമർഷവേഗത്തിനധീനനായി,
അച്ഛൻ കൊടുത്തോരു കൊടുംകുഠാരം
മകൻെറ നേർക്കക്ഷണമാഞ്ഞുവിട്ടു.

രാമായുധം ഭീമസുതൻെറ വാമ-
ഗണ്ഡസ്ഥലത്തിൽസ്സഹസാ പതിച്ചു;
അക്കുംഭിവക്ത്രൻെറയിടത്തുകൊമ്പോ,
നിർഘാതഘോരാരവമായ് നിലത്തും.

അക്കൊമ്പു, ചെമ്മണ്ണടിയിൽക്കിളന്ന
കൈലാസശൃംഗങ്ങളിലൊന്നിനൊപ്പം,
കടയ്ക്കു രക്താംകിതമായി വീഴ്കെ
ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടി.

പാടേ നരച്ചുള്ള ശിരസ്സു പൊക്കി
നോക്കുന്ന ഗൗരീഗുരുവാം ഗിരീന്ദ്രൻ,

Digitized By Kerala Sahitya Akademi

ദൌഹിത്രനേല്ലും ദുരവസ്ഥയിങ്കൽ_
പ്പുകച്ചുനില്ക്കുന്നതുപോലെ കാണായ്:

കൈലാസശൈലേ കനകാഭിഷേകം
കഴിച്ചു നിന്നീടിന കർമ്മസാക്ഷി,
കാണാവതല്ലിത്തൊഴിലെന്ന,കാണേ്ഡ
കാർകൊണ്ടലിൻ മൂടലിലായ് മുഹൂർത്തം!

കപോലഭിത്തിക്ഷതശോണിതത്താൽ_
ക്കാശ്മീരകം ചാർത്തിയ കുഞ്ജരാസ്യൻ,
അന്തിച്ചുകപ്പേശിയ ശാരദാഭ്രം_
പോലേ വിളങ്ങീ സ്ഫടികാവദാതൻ.

സ്കന്ദൻ തദാ പുഞ്ചിരിയിട്ടു; നന്ദി
കൺ ചിമ്മി; വീശീ ഗദ വീരഭദ്രൻ;
വീപ്പൊന്നു വിട്ടു രുരു; കൈ തിരുമ്മീ
കുണേ്ഡാദരൻ; നാവു കടിച്ചു ചണ്ഡൻ.

കരുത്തരെന്നാലുമൃഷീന്ദ്രനോടു
കയർത്തതില്ലീശ്വരപാർഷദന്മാർ:
സ്വാമിയ്ക്കു ശിഷ്യപ്രതിപത്തിയെത്ര_
യ്ക്കാണെന്നതിങ്ങാരറിയാതെയുള്ളൂ?

ക്ഷണാൽ ഗണങ്ങൾക്കിടയിൽപ്പടന്ന
ഹാഹാപ്രണാദം ദിവി ചെന്നലയ്ക്കേ,
ഇങ്ങോട്ടെഴുന്നള്ളി വിനായകന്റെ
പിതാക്കൾ, നിശ്ശേഷജഗൽപിതാക്കൾ.

Digitized By Kerala Sahitya Akademi

കൊറെപൊന്നു പോയ്‌ച്ചോരയിലാണ്ടു നില്ക്കും
ഗജാസ്യനെക്കണ്ടതിസംഭ്രമത്താൽ,
'എന്തെന്തിതെ'ന്നീശ്വരപത്നി പാഞ്ഞു
ചെന്നങ്ങെടുത്തങ്കതലത്തിൽ വെച്ചു

തൃക്കാല്ക്കൽ വീണീടിന ശിഷ്യനേയും,
കൃത്താംഗനായ്ത്തീന്ന തനൂജനേയും
കാരുണ്യവാത്സല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ.

ആരംകാരുമായ്ഗ്ഗൌരി പരിക്കു പെട്ട
പുത്രന്നു വേണ്ടും പരിചയ്ച്ചു ചെയ്തേ,
അഭിജ്ഞനാം ഷണ്മുഖനച്ഛനമ്മ-
മാരെ ഗ്രഹിപ്പിച്ചു നടന്നതെല്ലാം.

ഉടൻ മഹാദേവി,യിടത്തു കയ്യാ-
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി,-
പ്പാർശ്വസ്ഥനാകും പതിയോടുരച്ചു:—

"കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം;
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി-
യെന്നാലതും നല്കിയനുഗ്രഹിക്കാം!

മകൻ പരിക്കേററു മരിക്കിലെന്തു,
മഹാരഥൻ ശിഷ്യനടുക്കലില്ലേ!

Digitized By Kerala Sahitya Akademi

'രാമൻ ജഗൽസത്തമനാണ്'പോലും!
വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം.

'തായ്'തീർക്കുവാൻ തക്കൊരു നല്ല കൊമ്പു
യാതൊന്നിൽനിന്നോ മഴുവിന്നു കിട്ടീ,
അശ്ശാഖിയെത്തന്നെയതാശു വെട്ടി
വീഴ്ത്തുന്നു കാർത്തഘ്നവിജൃംഭിതത്താൽ!—"

എന്തൊക്കെയോ ഹന്ത, കഥിച്ചു വീണ്ടും
സുതാംഗഭംഗാർത്തിതയായ ദേവി;
ഭർത്താവതിന്നുത്തരമൊന്നുമോതീ-
ലു;-ൾക്കണ്ണു പാർശ്വസ്ഥിതർ പാഴിലേന്തി!

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം,
സുതാംഗവൈകല്യമൊരുഗ്രശല്യം—
സർവ്വജ്ഞനെന്നാലുമിതിങ്കൽ ന്യായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ.

## IV

നിമേഷമഞ്ചാറിനിടയ്ക്കു,മംഗള-
പ്രമേയമാ രംഗമതാ മറഞ്ഞുപോയ്!
ക്രമേണ സംഗീതമരന്ദസാന്ദ്രമാ-
യുമേശശൈലോപരിവായുമണ്ഡലം.

അയത്നസിദ്ധോത്തമമാധുരിത്തഴ-
പ്പിയന്നൊരാരോമലമുരളീരവാമൃതം,

ലയത്തിനാൽസ്സർവ്വചരാചരങ്ങളും
മയങ്ങുമാറങ്ങു പൊഴിഞ്ഞു മഞ്ജുളം.

പുരാണദിവ്യർഷിനിപീതശേഷമ-
ദ്ദുരാപനാദാമൃതമാസ്വദിയ്ക്കയാൽ,
ഒരാകുലാവസ്ഥയിൽ നമ്മൾ കണ്ടതാം
ഹരാദ്രി ഹർഷൈകവികാരമായ് ക്ഷണാൽ.

പ്രമോദരോമാഞ്ചിതയായ്, വ്യഥാ-
വിമോഹമററംബികപാല്യമഞ്ജസാ:
നമോ നമസ്തേ ശ്രുതിമാത്രവേദ്യമാ..
മമോഘസംഗീതകലാനുഭാവമേ!

ഉടൻ ചെവിയ്ക്കെന്നതുപോലെ കണ്ണിനും
കിടച്ചു കൈലാസചരൾക്കൊരുത്സവം
ഇടംപെടും വാനിലുദാരമോഹനം
പടർന്നുകാണായൊ,രു ദീപ്തിമണ്ഡലം.

മുറയ്ക്കു ഹർഷാദ്ഭുതസംഭ്രമങ്ങളാൽ
നിറഞ്ഞ ഭൂതങ്ങൾ മിഴിച്ചുനില്ക്കവേ,
പറന്നു വന്നാപ്പ്രതിദീപ്തനാം മഹ..
സ്സിറങ്ങി ഗൌരീഹരർതൻ നടുക്കിലായ്.

ത്രിലോകഭാണ്ഡം നിറയെത്തിളങ്ങുമാ
വിലോചനാസേചനകപ്രദീപ്തിയിൽ,
അലോലതേജോമയനഷ്ടമൂർത്തിയും
തുലോമണഞ്ഞൂ ദിനദീപരീതിയെ.

Digitized By Kerala Sahitya Akademi

ഹരന്റെ ചാരത്തു വിളങ്ങി, സൌമ്യമായ്
നിരർഘസൌഭാഗ്യഗുണാഭിപൂർത്തിയാൽ
പരസ്പരച്ചേർച്ച തഴച്ച രണ്ടു പേർ:
ഒരദ്ഭുതാത്മാവു,മൊരദ്ഭുതാംഗിയും.

വലാഹകശ്യാമളകോമളാംഗനീ
വിലാസി വിദ്യുൽസമഡംബരാംബരൻ,
സുലാള്യവേണൂജ്ജ്വലപാണിപല്ലവൻ,
കലാപിബർഹാങ്കിതകമ്രകുന്തളൻ;

യുവാവിവൻ കൈയ്ക്കു പിടിച്ച തന്വിയോ,
സുവാസിതാശാതടചംപകാംഗിയാൾ,
നവാതപോദ്യന്നളിനാസ്യയാൾ, നവം-
പ്രവാളനേർപ്പട്ടുടയാട പൂണ്ടവൾ.

കരാഞ്ചലം കൂപ്പി വണങ്ങി, വന്ദ്യര-
പ്പുരാണജായാവരരീ യുവാക്കളെ,
'മുരാന്തക, ശ്രീധര, ദേവി, രാധികേ,
വരാം, വരാം, സ്വാഗത'മെന്നു, സത്വരം.

പുരഃപ്രഹർഷത്തൊടടുത്തു കൊണ്ടുപോ-
ന്നിരുത്തി മാനിച്ചു മഹാസനങ്ങളിൽ;
കുരുന്നുതൃക്കാല്ക്കൽ വീണു കൂപ്പിനാർ
കുരുത്തരീശാത്മജജാമദഗ്ന്യരും. (യു. ദ. കം)

ഗുരൂത്തമാന്തഃപുരശാപഭീതിയോ,
പ്രരൂഢസൌഭ്രാത്രവിഭംഗഖേദമോ

Digitized By Kerala Sahitya Akademi

ഒരൂർജ്ജിതാസ്വാസ്ഥത ചേർത്തിരിയ്ക്കയാൽ
സ്വരൂപവൈവർണ്ണ്യമിയന്ന രാമനെ,

ഹഹ, പ്രകാമാർദ്രത പൂണ്ടു നോക്കിനാർ
സഹസ്രപത്രായതലോചനങ്ങളാൽ,
മഹദ്ധിഗോലോകനികേതനത്തിലെ-
ഗ്ഗൃഹസ്ഥരശ്ശാശ്വതദമ്പതീശ്വരർ.
(യുഗ്മകം)

ത്രിവിക്രമപ്രേയസിയേകനേരനെ-
സ്സവിത്രിപോലത്ര്യയമോമനിച്ചടൻ
പവിത്രപാണിത്തളിർകൊണ്ടവന്റെയ-
ക്കവിൾത്തടം തൊട്ടതലോടി മെല്ലവേ.

ഉണങ്ങി, ഗണ്ഡക്ഷതമായവന്നു തൽ-
ക്ഷണം, ഹൃദന്തക്ഷതമദ്രിമാതിനും:
വ്രണം തികഞ്ഞീടിന രാധതൻ കരം
പ്രണമ്രദേവാമൃതശീതമല്ലയോ?

വിളിപ്പെട്ടും ഗോകലറാണിയുൾക്കളം
കുളിർത്ത തന്നങ്കഗനാം ഗണേശനെ,
തെളിഞ്ഞ പൊൻകങ്കണരത്നകാന്തിയാൽ-
ത്തളിർത്ത കൈവല്ലികൾകൊണ്ടു പുല്കിയും,

ഉയർന്ന മാറത്തണിമുത്തുമാലയെ
സ്വയം രദാഗ്രദ്യുതിയാൽപ്പെരുക്കിയും,

Digitized By Kerala Sahitya Akademi

പ്രിയന്റെ വേണുസ്വനവും തൊഴും ശ്രുതി-
പ്രിയസ്വരത്തിൽശ്ശിവയോടു ചൊല്ലിനാൾ:—

(യുഗ്മകം)

"പരസ്പരം കുട്ടികൾ 'കാടുകാട്ടി'യാ-
ലൊരമ്മയിത്രയ്ക്കുരിശപ്പെടാവതോ?
ഹരങ്കലാദ്യേ, ഭൃഗുസൂനു ശിഷ്യനാ-
യൊരന്നു തൊട്ടുണ്ണികൾ മുഗ്ദ്ധരായ്ത്തവ!

നിനയ്ക്കുണം പുത്രരിൽ മീതെയായിയും
കനത്ത വാത്സല്യമൊടിക്കലീനനെ:
നിനക്കു ഗർഭപ്രസവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ."

പ്രതിവിധി നിയതിയ്ക്കെന്തുള്ളൂ? വേദേതിഹാസ-
സ്മൃതിവിഹിതമിദാസ്യന്നേകദന്തത്വമത്രേ;
അതിപടുമതിയാമീ നമ്മൾതൻ ജ്യോത്സ്യരുണ്ണി!-
യ്ക്കിതിനുടെ വഴി പണ്ടേ ദൃഷ്ടിയിൽപ്പെട്ടിരിയ്ക്കും.

ഹരിയും മൃദുഹസിതാഞ്ചിതമുഖനായിദ്ദേമരുൾചെ-
യ്തരികേ ഗുരുവിനയത്തൊടു മരുവീടിന ഗുഹനെ
വരിവണ്ടണിവനമാലിക മണികൌസ്തുഭമണിയും
വിരിവേറിയ തിരുമാറിനൊടിടചേർത്തഥ തഴുകീ.

Digitized By Kerala Sahitya Akademi

കാന്തൻ സാകൂതമന്ദസ്മിതമൊടുമഭിവീ-
ക്ഷിയ്ക്കെ, രുദ്രാണി ലജ്ജാ-
ക്രാന്തം വക്ത്രാന്തു താഴ്ത്തി,ച്ചരണപതിതനാം
രാമനെ പ്രേമഭാരാൽ
താൻതന്നേ ഹന്ത, കൈക്കൊണ്ടതിഭൃശമുപലാ-
ളിച്ചിതാ:—സച്ഛധീര-
സ്വാന്തൻ വിശൈാകയോദ്ധാവൊരു ചെറുശിശുപോ-
ലംബികാംഗേ വിളങ്ങീ.
സ്ഫുടം കേൾക്കായ് വാനത്തിടിയൊടെതിരാ-
മാനകരവം;
ഉടനുണ്ടായ് ശുഭ്രസ്ഫടികരുചിയാം
പൂച്ചൊരിയലും;
ഉടൻ, നീലക്കാർവില്ലൊളി വിതറിടും
പീലി മുഴവൻ
വിടർത്തി സ്കന്ദൻതൻ മയിൽ നടന-
മാടീ മദകളം.

—•—

Digitized By Kerala Sahitya Akademi

# 35. നിത്യകന്യക

(കേക)

I

വയലിൽപ്പണിനിർത്തി-
ത്തിരിയേവന്നിട്ടാ,ത്മ-
പ്രിയയാൽ നല്കപ്പെട്ട
കഞ്ഞിയിത്തിരി മോന്തി,.
കുടിലിൻ കോലാസ്സക്കിൽ
വിശ്രമം കൊള്ളും ചേന-
നടലിൽ വീശും പച്ച-
ത്തപ്പായ വിശറിമേൽ
പവിഴത്തുണ്ടുകളെ-
പ്പതിച്ചു കൂടെക്കൂടേ,
പരിണാമഗമായ
പകലിൻ കതിരുകൾ.
വേണ്ട, ചെംപവിഴവും
തങ്കവുമൊന്നുമവ-
നാണ്ടുപാട്ടത്തിൽക്കട-
ക്കാരനാകാഞ്ഞാൽപ്പോരും!

Digitized By Kerala Sahitya Akademi

ഏഴരപ്പറക്കുടി-
    ച്ചെല്ലണം പാട്ടംനെല്ല്:
'ചാഴിയുമുണക്കവും'
    ജന്മിയെബ്ബാധിയ്ക്കുമോ?
ഏഴരപ്പറയ്ക്കു മു-
    വ്വഞ്ചുറപ്പികവെച്ച-
ത്തേഴതൻപേരിൽ'ത്തമ്പ്രാ'-
    ന്നൻപുടിയ്ക്കയാലത്രേ!

## II

  ഇറയത്തുള്ളാ'ച്ചായ്'ച്ചു-
    കെട്ടി'യാം തൊഴുത്തിന്റെ
പരിശൂന്യത പേർത്തു-
    മവനെപ്പീഡിപ്പിച്ചു:
ഒരിളംപയ്യാകുന്ന
    തന്നേകസംപത്തിൻ പൂ-
ട്ടുറയായിരുന്നു തൽ-
    സ്ഥാനം,മിന്നലെയോളം.
ജന്മിയ്ക്കു 'പുക്കിയ്ക്കേ'ണം
    നെൽവില; ചിലനാളാൽ-
ത്തന്മകൾ ചിരുതയെ-
    ക്കെട്ടിച്ചുകൊടുക്കേണം;
രണ്ടിനത്തിനുംകൂടി-
    യൊട്ടുറപ്പിക കിട്ടാൻ

Digitized By Kerala Sahitya Akademi

കണ്ടില്ല വേറേ മാർഗ്ഗം—
വിററു പയ്യിനെപ്പാവം!
കായത്തിൻ കറുപ്പായ
രാത്രിയാൽപ്പൊണ്ടേ കുമ്പി-
പ്പോയ പുണ്ഡരീകപ്പൂ-
പോലൊരു വെള്ളച്ചുട്ടി
നെററിമേൽ വിലസുമാ-
ഗ്ഗോവിനെ ക്രേതാവിൻെറ-
യുററവരുന്തിത്തള്ളി-
ക്കൊണ്ടുപോവതു കാണ്കെ
ചെററല്ല വാൎന്നൂ കണ്ണീർ,
ചേന്നനുമുണ്ണൂലിയ്ക്കും:
മററൊരു മകളാണ-
ക്കൊച്ചുപയ്യിറാക്കല്ലോ;
ഇദ്ദീനഗൃഹസ്ഥൎത-
ന്നൌരസകുമാരിയോ,
മദ്ദിയ്ക്കപ്പെട്ടുകയായ്,
സ്വാനുജാവിയോഗത്താൽ!
ചേന്നനും കുടുംബവു-
മൊപ്പമേ നോക്കിപ്പോററി-
പ്പോന്നവളാണാ,ത്തള്ള
ചത്ത പൈക്കിടാവത്രേ:
പയ്യിൽ വേകുമാറുണ്ടു,-
പ്പാവങ്ങൾ പലപ്പോഴും:

Digitized By Kerala Sahitya Akademi

പയ്യിൻെറ വയറൊട്ടാൻ
സമ്മതിയ്ക്കുകില്ലനാം.
ഭൂവിൻെറ മരകത–
രശ്മികന്ദളമായ
പൂവൽപ്പുല്ലതിനേകും,
വേനലിൽപ്പോലുമവർ!
ഗോവതോ, തൻപാൾശ്വത്തിൽ–
ച്ചാരിനിന്നുമ്പയിട്ടും;
നാവിനാൽ നക്കിത്തോർത്തു–
മവർതൻ ഗാത്രങ്ങളെ.
കൈകളാൽക്കണ്ഠം കെട്ടി–
പ്പിടിച്ചു കുനിഞ്ഞുനി–
ന്നാകമ്രമാമപ്പയ്യിൻ
ഫാലാബ്ജമുകുളത്തെ
യാവരു മുകർന്നാലും
നിർത്തില്ല ചേനനു;–തിൽ,
നേരിയ കുഞ്ഞുമ്പുറംച്ചേ–
ർന്നിട്ടുണ്ടാം ചിരുതയ്ക്കും!
അഞ്ജനാഭമാം മെയ്യും,
മയ്യെഴുതിയ കണ്ണും,
കുഞ്ഞിത്താടയു,മൊട്ടു
വളഞ്ഞ വളർക്കൊമ്പും,
മഞ്ജുലക്ഷണശ്രീതൻ
കാല്ലാഞ്ചിപോലാം വാലും—

Digitized By Kerala Sahitya Akademi

അഞ്ജസാ മായുന്നൊന്ന-
ല്ലിവക്ക്,പ്പയ്യിൻ ചിത്രം.
ചിനയുണ്ടാകാമുടൻ,
ചേന്നന്റെയപ്പുത്രിയ്ക്കു;
കനക്കെത്തുണ്ടാ,മൊരു
പാല്ക്കുടമകിടിങ്കൽ;
വാൽ പൊക്കിയോടി-
ച്ചാടിക്കളിയ്ക്കാം വളപ്പിൽ,ഗ്ഗോ-
രൂപമായ്പ്പിറന്ന തൽ-
പ്പിഞ്ചുദൌഹിത്രപ്പൈതൽ —
തീരുമോ, 'കറമ്പി'യെ-
ക്കുറിച്ചു സംസാരിച്ചാ-
ലാ?-രാവും കഴിഞ്ഞിത-
ങ്ങവക്ക് കൺചിമ്മാതെ.
ആരക്തമായീ കിഴ-
ക്കാ,മിഷവിപണി പോ-
ലാ;-രുണാധ്വാവിൽപ്പാറി-
പ്പറന്തു പതഗങ്ങൾ.

## III

കല്യാണത്തിന്ന കച്ചി-
പിച്ചി വല്ലതും വാങ്ങാൻ
ചില്ലറക്കടകൾതൻ
തെരുവിൽ നടക്കവേ,

Digitized By Kerala Sahitya Akademi

ചന്തമൈതാനത്തൊരേ-
　　ടത്തൊരാൾക്കൂട്ടത്തെക്ക-
ണ്ടെ,ന്തിതെന്നറിയാനാ-
　　യങ്ങോട്ടു ചെന്നു ചേന്നൻ.
കാല്ലും നാലിടത്തെയ്ക്കു
　　വലിച്ചുകെട്ടപ്പെട്ടും
വായ് കട്ടംചരടിനാൽ
　　വരിയപ്പെട്ടും ഹാ ഹാ,
കണ്ണമന്തകദ്വാര-
　　ത്തെയ്ക്കു നീട്ടിയ്ക്കപ്പെട്ടു-
മുണ്ടൊരു, കറമ്പിപ്പ-
　　യ്യങ്ങു നിശ്ചേഷ്ടം നില്പൂ,,
ഭീമസംഗരഭ്രത-
　　ത്തൃഷ്ണാലൊടുങ്ങിയ
ഗോമാംസം കൊതിച്ചെത്തി-
　　ച്ചേന്ന മത്ത്യർതൻ മധ്യേ!
തീൻ സംശയം രണ്ടാ-
　　മത്തെ നോട്ടത്തില,ത്ത
ചേന്നൻെറ പൈതാൻ: നെററി-
　　യ്ക്കുണ്ടു തണ്ടലർമൊട്ടും.
തിയ്യൊന്നു പറഞ്ഞു ചിക്കെ-
　　ന്നാ,യാൾതൻ തലച്ചോറിൽ:—
'പ്പയ്യിനെക്കൊന്നല്ലോ, പ-
　　ത്തെംപയ്യുരുപയ്ക്കായ് ഞാൻ!'

Digitized By Kerala Sahitya Akademi

ഓട്ടുകിങ്ങിണിമാല
ചാർത്തണിയിരുന്ന തൻ_
വീട്ടുപൈക്കിടാവിൻെറ
നീൾക്കഴുത്തിങ്കലതാ,
ആർത്തയായ് കശാപ്പിൻവാൾ;
കഴിവെന്തു?-ൾബ്ബോധംകെ_
ട്ടാകുലാശയൻ വീണാ_
ന,ഹിംസാനാടിൻ മണ്ണിൽ.
ആക്കിതിൽപ്പതിയും ക_
ണ്ണാ?_ൾപ്പരിഷയ്ക്കോ, മൃതി_
വ്യാഘ്രി നാററിയ മാംസ_
പ്പൊതിമേലല്ലോ നോട്ടം.
എന്നാലപ്പശുവിൻെറ_
യായുസ്സിൻ ബലത്താലോ,
കന്നിനെപ്പൊന്നായ്ക്കാണും
കണ്ണിൻെറ പുണ്യത്താലോ,
'ചങ്ങാതിമാരേ, നില്ക്കിൻ,
നില്ക്കി'നെന്നോതിയെത്ത_
ച്ചങ്ങെത്തി, ദയാദൂതൻ
പോലൊരു മുസ്ലീംമാന്യൻ.
'ആറുറുപ്പിക തന്നാൽ_
പ്പയ്യിനെ വിടാ'മെന്നു
കൈരണ്ടും മലർത്തിനാ_
ന്നതിനെ വാങ്ങിച്ചവൻ,

Digitized By Kerala Sahitya Akademi

'ചെന്നിണം തളിസ്സുയോ,
ശ്രുഭവേദത്തിൻ താളി-
ലൊ'ന്നുപായാതൻ ചെയ്ക
ദൌഷ്ട്യഖണ്ഡനത്താലേ
കാലപാശോഗ്രക്കെട്ടിൽ
നിന്നുവേർപെട്ടപ്പെൺനാ-
ള്ക്കാലിയൊരാശപാസത്തിൻ
ശബ്ദമിട്ടതോടൊപ്പം,
കേരളകൃഷകൻെറ
കഷ്ടപ്പാടിനിമേലും
പേറുവാനുണന്നോററ
ചേന്നനാ മുസൽമാനെ
വററിയ ചുണ്ടാലതിൻ
വാസ്തവമറിയിച്ചാൻ:—
'വിററതെംപതിന്നാണ്,
ന്നുറപ്പികയ്ക്കല്ലാ;
വെട്ടമെന്നറിഞ്ഞെങ്കിൽ
വില്ക്കില്ലായിരുന്നു ഞാൻ—'
പെട്ടെന്ന് തേങ്ങിത്തേങ്ങി
ക്കേഴ്ത്തയായ്, കൃഷിക്കാരൻ;
ആർദ്രമാനസരാക്കീ,
ഗോവധം സധൈര്യരായ്-
പ്പാർത്തുനിന്നവരെയും,
ചേന്നൻെറ പശ്ചാത്താപം.

Digitized By Kerala Sahitya Akademi

സാമഷ്ഹാസാശ്ചര്യ-
സംഭ്രമാദിയാം ദൃഷ്ടി-
സ്തോമത്താൽസ്സമാവൃത-
നാകിയ ചേന്നൻ മെല്ലെ
മുപ്പത്തഞ്ചുറപ്പിക-
യുള്ളതു മടിയിൽനി-
ന്നു,ല്പവും മടിക്കൂടാ-
തെടുത്തു സമർപ്പിച്ചാൻ,
'ചെലവായ്പ്പോയി പാട്ടം
തീർക്കുവാൻ പതിനഞ്ചെ-'
ന്നലംല്പകൃതജ്ഞതാ-
നമ്രനായമ്മാന്യങ്കൽ.
ചേന്നൻെറ മുപ്പത്തഞ്ചിൽ
നാല്പതു തൻകയ്യാലേ
ചേർത്തേഴപതുമഞ്ചും
കൃപകൊണ്ടൊരുമട്ടിൽ
മൃത്യച്ഛന്തയിൽനിന്നു
മേടിച്ചസ്സുരഭിയെ-
ത്തൃപ്തനാമവന്നുതാ-
നേകിനാനദ്ധർമ്മിഷ്ഠൻ.
വിററ പൈ വീണ്ടും കയ്യിൽ
വന്നതല്ല,പമൃത്യ-
പററിയില്ലിതിനെന്ന-
താണവന്നത്യാശ്വാസം:

Digitized By Kerala Sahitya Akademi

കല്യാണം നടത്താൻ കാ-
ശില്ലെങ്കിൽ വേണ്ടാ; നിത്യ-
കന്യയായിരുന്നുകൊ-
ള്ളട്ടെ, തൻപൊന്നുമകൾ!

—**—

Digitized By Kerala Sahitya Akademi

# വള്ളത്തോൾ സുധ

## ഒന്നാം ഭാഗം

സുന്ദരമായ രൂപവും സുന്ദരമായ ഭാവവും—അതാണ് വള്ളത്തോൾക്കവിത. രണ്ടിൻെറയും അകൃത്രിമവും അവിഭാജ്യവുമായ സമ്മേളനം ആ കാവ്യകലയ്ക്ക് അനന്യാദൃശവും അനിർവ്വാച്യവുമായ ഒരു സുഷമാവിശേഷം സംജാതമാക്കിരിക്കുന്നു. സ്വാനുഭൂതിയിൽനിന്ന് ഉരുത്തിരിഞ്ഞ് നൈസർഗ്ഗികമായി പൊന്തിവരുന്ന ഭാവനയ്ക്കേ അദ്ദേഹം വാഗ്രൂപം കൊടുക്കാറുള്ളു. കേരളത്തിൻെറ സൌന്ദര്യത്തെ ഇത്ര രമണീയമായി ആവിഷ്കരിച്ചിട്ടുള്ള മററൊരു കവി ഉണ്ടെന്നു തോന്നുന്നില്ല.

മഹാകവിയുടെ തിരഞ്ഞെടുത്ത നല്ല കവിതകളുടെ സമാഹാരമാണിത്.

വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.

Digitized By Kerala Sahitya Akademi